# കോട്ടയം അതിരൂപത

YEAR OF FAITH 2012 2013

# അജപാലന മാർഗ്ഗരേഖ

# വിശ്വാസവർഷം

# 2012 – 2013

## സ്നേഹത്തിൽ പ്രവർത്തന നിരതമാകുന്ന വിശ്വാസം

(ഗലാ : 5,6)

# ഉള്ളടക്കം


| | | |
|---|---|---|
| സന്ദേശം | – | 3 |
| നിർദ്ദേശങ്ങൾ | – | 6 |
| അടിസ്ഥാന ആഭിമുഖ്യങ്ങൾ | – | 7 |
| വിശ്വാസവും അടിസ്ഥാനപഠനങ്ങളും | – | 9 |
| ആരാധനക്രമം | – | 18 |
| തിരുസഭ | – | 30 |
| ദൈവാവിഷ്കരണം | – | 40 |
| സഭ ആധുനിക ലോകത്തിൽ | – | 49 |
| ദൈവവിളി പ്രോത്സാഹനം | – | 57 |
| വിശ്വാസവർഷവും വിശ്വാസേതര പ്രസ്ഥാനങ്ങളും (സെക്ടുകൾ) | – | 63 |
| സാർവ്വത്രിക മതബോധന ഗ്രന്ഥം | – | 72 |
| കത്തോലിക്കാ സഭയുടെ വേദോപദേശ സംക്ഷേപം | – | 77 |
| യൂ ക്യാറ്റ് | – | 78 |
| കൗൺസിൽ രേഖകൾ – ഡിക്രികൾ | – | 79 |
| കൗൺസിൽ രേഖകൾ – പ്രഖ്യാപനങ്ങൾ | – | 80 |



Published by :

Pastoral Co-ordination Committee
Chaithanya Pastoral Centre
Thellakom P.O, Kottayam - 686 016
Ph: 0481 -2 790947, 48, 49
website: www.chaithanya.in
e-mail : chaithanya@chaithanya.in


# സന്ദേശം



2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവ്വത്രിക സഭ വിശ്വാസവർഷം ആചരിക്കുകയാണ്. അതിനൊരുക്കമായാണ് പരി. പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 'പോർത്ത ഫിദെയ്' വിശ്വാസത്തിന്റെ വാതിൽ എന്ന അപ്പസ്തോലിക തിരുവെഴുത്ത് പ്രസിദ്ധീകരിച്ചത്. വിശ്വാസവർഷാചരണത്തിന് മൂന്ന് പശ്ചാത്തലത്തിലാണുള്ളത്. ഒന്നാമതായി നവസുവിശേഷവത്ക്കരണത്തിന്റെ പശ്ചാത്തലം, രണ്ടാമതായി രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തതിന്റെ 50–ാം വാർഷികം , മൂന്നാമതായി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിന്റെ 20–ാം വാർഷികം.

പരി. പിതാവിന്റെ ആഹ്വാനമനുസരിച്ച് സാർവ്വത്രിക സഭയോടു ചേർന്ന് വിശ്വാസവർഷം ആചരിക്കുവാൻ നമ്മുടെ അതിരൂപത ഒരുങ്ങുകയാണ്. നമ്മുടെ അതിരൂപതയിലെ വിവിധ കമ്മീഷനുകളുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളുടേയും പഠനങ്ങളുടേയും വെളിച്ചത്തിൽ ഈ വിശ്വാസവർഷത്തിൽ ദൈവജനം വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടേണ്ടതിന്റെ ആവശ്യകത വിലിരുത്തപ്പെടുകയുണ്ടായി. സഭയുടെ നിർമ്മിതിയിൽ നിർണ്ണായക പങ്ക് വഹിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകൾ ദൈവജനം അറിയേണ്ടതിന്റെ ആവശ്യകത അനിവാര്യമാണെന്നുള്ള തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളെക്കുറിച്ചും കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തെക്കുറിച്ചുമുള്ള പഠനമാണ് ഈ വർഷത്തെ അജപാലന മാർഗ്ഗരേഖ ലക്ഷ്യം വയ്ക്കുന്നത്.

ക്രൈസ്തവ വിശ്വാസത്തിന്റെ പാവന നിക്ഷേപം ഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്ത രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകൾ നവമായി പഠിക്കാനുള്ള അവസരം കൂടിയാണ് വിശ്വാസവർഷം. സഭയുടെ പ്രബോധനാധികാരത്തിൽ നിന്നു നൽകുന്ന സുപ്രധാന മാർഗ്ഗരേഖകളെന്ന നിലയിൽ അത് വായിച്ച് മനസ്സിലാക്കാനും പ്രമാണ രേഖകളുടെ ചൈതന്യം വ്യാപകമായി പ്രചരിപ്പിക്കാനും സാധിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാദർശനത്തിൽ ഏറ്റവും ഊന്നൽ കൊടുക്കുന്നത് ദൈവജനമാണ് സഭ എന്ന ആശയത്തിനാണ്. സഭ ദൈവജനം എന്ന ആശയം എല്ലാ വിശ്വാസികൾക്കുമുള്ള ഭാഗഭാഗിത്വവും കൂട്ടുത്തരവാദിത്വവും ഉറപ്പുവരുത്തുകയും സഭാശുശ്രൂഷിയുടെ അജപാലനോന്മുഖവും ദൈവജനകേന്ദ്രീകൃതവുമായ ആഭിമുഖ്യത്തിന് ഊന്നൽ നൽകുന്നു.

സത്യവിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള സമഗ്രമായ അറിവ് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം നമുക്ക് നൽകുന്നു. സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനത്തിന്റെ സമ്പത്ത് യഥാർത്ഥത്തിൽ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിലുണ്ട്. വി. ഗ്രന്ഥം മുതൽ സഭാപിതാക്കന്മാർ വരെയും ദൈവശാസ്ത്ര പണ്ഡിതർ മുതൽ വിശുദ്ധർ വരെയും പ്രദർശിപ്പിച്ച വിശ്വാസജീവിതത്തിന്റെ വിവിധ രീതികൾ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം നമുക്ക് നൽകുന്നു. കുടുംബങ്ങളിൽ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, യുവജന മതബോധന ഗ്രന്ഥം (YOUCAT) എന്നിവ വേണ്ടരീതിയിൽ ഉപയോഗിക്കാൻ നാമെല്ലാം പരിശീലിക്കണം. സെക്ടുകളിലേക്കും മറ്റ് അന്ധവിശ്വാസങ്ങളിലേക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥ വിശ്വാസത്തിൽ നിലനിർത്താൻ അത് സഹായിക്കും.

ഈ വർഷത്തെ മാർഗ്ഗരേഖയിൽ കൗൺസിൽ രേഖകളിൽ നാല് പ്രമാണ രേഖകളെ സംബന്ധിച്ച് വിശദമായും മറ്റ് പന്ത്രണ്ട് രേഖകൾ സംബന്ധിച്ച് ഹ്രസ്വമായും പ്രതിപാദിച്ചിരിക്കുന്നു. പ്രധാനമായും ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഇത് തിരിച്ചിരിക്കുന്നത്. ഒരു വിഷയം പഠിക്കുന്നതിനും ആ വിഷയത്തിൽ കേന്ദ്രീകൃതമായ പ്രവർത്തനം നടത്തുന്നതിനും രണ്ട് മാസം വീതം നൽകിയിരിക്കുകയാണ്. അതനുസരിച്ച് ഈ വർഷത്തെ നമ്മുടെ അജപാലന പ്രവർത്തനങ്ങൾ ക്രമീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

വിശ്വാസത്തിന്റെ വാതിൽ എന്ന തിരുവെഴുത്തിൽ വിശ്വാസത്തിന്റെ വാതിൽ നമുക്ക് മുമ്പിൽ എപ്പോഴും തുറന്നു കിടക്കുകയാണെന്ന് ആദ്യവാക്യത്തിൽതന്നെ മാർപ്പാപ്പ നമ്മെ പഠിപ്പിക്കുന്നു. ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ് വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള കടന്നുപോകൽ. ക്രൈസ്തവന്റെ ഈ യാത്ര ജ്ഞാനസ്നാനത്തിൽ ആരംഭിച്ച് മരണത്തിലൂടെ കടന്ന് നിത്യജീവിതത്തിൽ അവസാനിക്കുന്നു. വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള യാത്ര വഴി ജീവൻ നൽകുന്ന ദൈവപുത്രനുമായുള്ള ബന്ധത്തിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കണം. ആധുനിക ലോകം മുന്നോട്ടു വയ്ക്കുന്ന വെല്ലുവിളികൾക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് വിശ്വാസജീവിതം നയിക്കാനും വിശ്വാസത്തിന് സാക്ഷ്യം വഹിക്കാനും പരി. പിതാവ് ആഹ്വാനം ചെയ്യുന്നു.

വിശ്വാസവർഷാചരണത്തിനായി സഭ നൽകുന്ന നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം സ്വീകരിച്ചുകൊണ്ട് അതിന്റെ വെളിച്ചത്തിൽ നടക്കുന്ന എല്ലാപ്രവർത്തനങ്ങളിലും നമുക്ക് താല്പര്യപൂർവ്വം പങ്കുചേരാം. നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്താൻ പരിശുദ്ധ പിതാവിലൂടെ ദൈവം നൽകിയിരിക്കുന്ന വിശ്വാസവർഷം ഏവർക്കും ദൈവകൃപയുടെ അനുഗ്രഹവർഷമായി മാറട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

## വിശ്വാസവർഷം – പൊതു നിർദ്ദേശങ്ങൾ

1. വിശ്വാസ വർഷാചരണത്തിന്റെ ആഘോഷപൂർവ്വമായ ഉദ്ഘാടനം 2012 ഒക്ടോബർ 11-ാം തീയതി 2.30 ന് കടുത്തുരുത്തി വലിയ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.
2. ഒക്ടോബർ 11-ാം തീയതി വൈകിട്ട് കുടുംബ പ്രാർത്ഥന മദ്ധ്യേ കുടുംബനാഥൻ തിരിതെളിച്ച്, വിശ്വാസപ്രമാണം ചൊല്ലിക്കൊടുത്ത് വിശ്വാസ വർഷം ആരംഭിക്കേണ്ടതും 2013 നവംബർ 24-ാം തീയതി സമാപിപ്പിക്കേണ്ടതുമാണ്. ഈ രണ്ടു ദിവസങ്ങളിലും രാത്രി 8 മണിക്ക് പള്ളികളിൽ മണി അടിക്കേണ്ടതാണ്.
3. 14-ാം തീയതി ഞായറാഴ്ച പ്രധാന കുർബാനയ്ക്കു മുമ്പായി തിരി തെളിച്ച് എല്ലാ ഇടവകകളിലും വിശ്വാസവർഷം ഉദ്ഘാടനം ചെയ്യണം.
4. വിശ്വാസ വർഷാചരണത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന ബാനർ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ദേവാലയത്തിൽ സ്ഥാപിക്കേണ്ടതാണ്.
5. വിശ്വാസവർഷത്തിൽ എല്ലാ ദിവസവും വി. കുർബാനയിൽ വിശ്വാസപ്രമാണം ചൊല്ലേണ്ടതാണ്.
6. വിശ്വാസവർഷത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്ന മാർഗ്ഗ രേഖയിലെ ഓരോ വിഷയങ്ങളും 2 മാസത്തിലൊരിക്കൽ കൂടാര യോഗങ്ങളിൽ ചർച്ച ചെയ്യേണ്ടതാണ്.
7. അജപാലന മാർഗ്ഗ രേഖ ഇടവകതലത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ബഹു വികാരിയച്ചനെ സഹായിക്കാൻ ഒരു പാരീഷ് കൗൺസിൽ അംഗത്തെയും കോൺവെന്റ് ഉള്ള സ്ഥലത്തു നിന്ന് ഒരു സിസ്റ്ററിനെയും തിരഞ്ഞെടുക്കേണ്ടതാണ്.



# വിശ്വാസവർഷാചരണം

## (2012-2013)

## അടിസ്ഥാന ആഭിമുഖ്യങ്ങൾ

### വിശ്വാസവർഷം: സഭയുടെ അജപാലന പദ്ധതി

**1. അജപാലനവർഷങ്ങളുടെ ഉദ്ദേശ്യം**

a. പ്രത്യേക വിഷയം ആഴത്തിൽ ഉൾക്കൊള്ളാൻ (വിശ്വാസ ജീവിതം)
b. ജൂബിലി - സമഗ്രവിമോചനത്തിന്, സന്തോഷം കൈമാറാൻ
c. സഭയ്ക്ക് ഉണർവ്, അജപാലന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമത

**2. വിശ്വാസവർഷത്തിന്റെ ചരിത്രപശ്ചാത്തലം**

a. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 50-ാം വാർഷികം.
b. മതബോധന ഗ്രന്ഥത്തിന്റെ 20-ാം വാർഷികം (Catechism of the Catholic Church)
c. മെത്രാൻമാരുടെ സിനഡ് (ഒക്ടോബർ 2012): "ക്രൈസ്തവ വിശ്വാസകൈമാറ്റത്തിന് നവസുവിശേഷവത്കരണം"

**3. വിശ്വാസ വർഷാചരണത്തിനുള്ള മാർഗ്ഗരേഖകൾ**

a. "വിശ്വാസത്തിന്റെ വാതിൽ" (മാർപാപ്പയുടെ ശ്ലൈഹികലേഖനം)
b. അജപാലനനിർദ്ദേശങ്ങൾ (വിശ്വാസതിരുസംഘത്തിന്റെ മാർഗ്ഗരേഖ)

### രണ്ടാം വത്തിക്കാൻ കൗൺസിൽ: വിശ്വാസവർഷത്തിന്റെ മാഗ്നാകാർട്ടാ

**1. വത്തിക്കാൻ കൗൺസിലിന് സഭാജീവിതത്തിലുള്ള സ്ഥാനം**

a. "പുതിയ പെന്തക്കുസ്താ" (ജോൺ 23-ാമൻ പാപ്പാ)
b. സഭയുടെ 'ഭരണഘടന' അജപാലന നയരൂപീകരണരേഖ
c. വിശ്വാസ-ധാർമ്മികതയുടെ ആധികാരിക വ്യാഖ്യാനം

**2. കൗൺസിലിന്റെ ചരിത്രം (11 ഒക്ടോബർ 1962 – 8 ഡിസംബർ 1965)**

a. അപ്രതീക്ഷിതം - ആത്മാവിന്റെ പ്രചോദനം
b. അജപാലന-സഭൈക്യ സൂനഹദോസ്

c. നാല് സമ്മേളനങ്ങളും 16 രേഖകളും

**3. കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ**

a. അധുനാധുനീകരണവും ഉറവിടങ്ങളിലേക്കുള്ള തിരിച്ചുപോകൽ (aggironamento and ressourcement)

b. ആത്മബോധനം - നവീകരണം - ഡയലോഗ്

c. ആധുനിക ലോകവുമായുള്ള സംവാദം

d. വിശ്വാസനിക്ഷേപത്തിന്റെ കൈമാറ്റം

**4. കൗൺസിലിന്റെ വ്യാഖ്യാനവും സ്വീകരണവും**

a. രേഖകളുടെ സമഗ്രവ്യാഖ്യാനം

b. നാല് പ്രമാണരേഖകൾ വ്യാഖ്യാനത്തിനുള്ള താക്കോൽ

c. അജപാലന - പ്രബോധന ലക്ഷ്യങ്ങൾ വേർതിരിക്കാൻ പാടില്ല

d. സഭാപാരമ്പര്യത്തിന്റെ പിൻതുടർച്ചയിലുള്ള വ്യാഖ്യാനം (Hermenaeutics of Continuity and Renewal)

## കൗൺസിൽ രേഖകൾ

**a. നാല് പ്രമാണരേഖകൾ**

1. ആരാധനാക്രമം
2. തിരുസ്സഭ
3. ദൈവാവിഷ്കരണം
4. സഭ ആധുനിക ലോകത്തിൽ

**b. ഒൻപത് ഡിക്രികൾ**

5. മെത്രാൻമാർ
6. വൈദികർ
7. വൈദിക പരിശീലനം
8. സന്യാസജീവിതം
9. പൗരസ്ത്യ സഭകൾ
10. സാമൂഹിക മാധ്യമങ്ങൾ
11. അൽമായ പ്രേഷിതത്വം
12. സഭൈക്യം
13. പ്രേഷിത പ്രവർത്തനം

**C. മൂന്ന് പ്രഖ്യാപനങ്ങൾ**

14. വിദ്യാഭ്യാസം
15. അക്രൈസ്തവ മതങ്ങൾ
16. മതസ്വാതന്ത്ര്യം

ജജജ





# I. വിശ്വാസവും അടിസ്ഥാന പഠനങ്ങളും

സാർവ്വത്രിക സഭ വിശ്വാസവർഷം ആചരിക്കുമ്പോൾ വിശ്വാസം പഠനവിഷയമാക്കുന്നതിന്റെ പ്രാധാന്യം വളരെ വലുതാണ്. വിശ്വാസം എന്താണെന്നറിയുവാനും വിശ്വാസത്തിൽ ആഴപ്പെടുവാനും വിശ്വാസം ജീവിത ശൈലിയായി രൂപപ്പെടുത്തുവാനും വിശ്വാസത്തിൽ നിന്നും ഉരുത്തിരിയുന്ന കടമകൾ മനസ്സിലാക്കുവാനും വിശ്വാസത്തിനെതിരേ ഉള്ള വെല്ലുവിളികൾ തിരിച്ചറിയുവാനും യഥാർത്ഥ വിശ്വാസം പ്രഘോഷിക്കുവാനുമുള്ള അവസരമായിട്ടാണ് പരി. പിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പ വിശ്വാസ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്.

**വിശ്വാസം: ദൈവത്തോടും അവിടുത്തെ സുതനോടുമുള്ള ഉൾച്ചേരൽ**

വിശ്വാസം മിശിഹായുമായും അവിടുന്നുവഴി പിതാവുമായുള്ള ഒരു കണ്ടുമുട്ടലായി പരിണമിക്കണം. അതിന് ഓരോ വ്യക്തിയുടേയും വിശ്വാസം ദൈവത്തിന്റെ മുമ്പിലുള്ള ദൃഢവും അചഞ്ചലവുമായ സമർപ്പണമായി തീരണം. ഇത് യഥാർത്ഥത്തിൽ ഒരു മനോഭാവമാണ്. ഈ സമർപ്പണത്തിന് നമ്മെ പ്രേരിപ്പിക്കുന്നതാകട്ടെ ദൈവവും അവിടുത്തെ അപരിമേയത്വവും ആശ്രയയോഗ്യതയുമാണ്. യഥാർത്ഥത്തിൽ വിശ്വാസത്തിൽ ഓരോ മനുഷ്യനും തന്റെ ബുദ്ധിയേയും മനസ്സിനേയും ദൈവത്തിന് സമർപ്പിക്കുകയാണ്. കൗൺസിൽ പിതാക്കന്മാർ വ്യക്തമായി പഠിപ്പിക്കുന്നു. "വിശ്വാസത്തിൽ നിന്നുവരുന്ന അനുസരണം (റോമ 13:6, റോമ 1:5; 2 കോറി 10:56) സ്വയം വെളിപ്പെടുത്തിയ ദൈവത്തിന് കൊടുക്കേണ്ടിയിരിക്കുന്നു. ഈ അനുസരണം വഴി ഒരുവൻ തന്റെ ബുദ്ധിയും മനസ്സും ദൈവത്തിന് പൂർണ്ണമായി അടിയറ വയ്ക്കുകയും ദൈവിക വെളിപാട് ഹൃദയപൂർവ്വം അംഗീകരിക്കുകയും അങ്ങനെ തന്നെത്തന്നെ സ്വമനസ്സാ അവിടുത്തേക്ക് മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നു. (ദൈവാവിഷ്ക്കരണം)

**വിശ്വാസം : വെളിപ്പെടുത്തപ്പെട്ട സത്യങ്ങളോടുള്ള ഉൾച്ചേരൽ**

സഭയിൽ ഈ വിശ്വാസ വളർച്ച നടക്കുന്നത് മിശിഹാ വെളിപ്പെടുത്തിയ സത്യങ്ങൾ സ്വീകരിക്കുന്നതിലൂടെയും അതിൽ ഉൾച്ചേരുന്നതിലൂടെയും അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്നതിലൂടെയുമാണ്. ഇത് മിശിഹായിലുള്ള വിശ്വാസത്തിന്റെ പ്രകടനം തന്നെയാണ്. കാരണം അനുദിന ജീവിതത്തിൽ പോലും വ്യക്തിയിലുള്ള

വിശ്വാസം പ്രകടമാകുന്നത് അവന്റെ വാക്കുകൾ വിശ്വസിക്കുന്നതിലൂടെയാണല്ലോ. മിശിഹാ വെളിപ്പെടുത്തിയ ഏറ്റവും വലിയ സത്യം തന്റെ പിതാവ് തന്നെയാണ്. അതുകൊണ്ട് വിശ്വാസത്തിന്റെ പ്രഥമ വിഷയം ദൈവം തന്നെ. ഇതിന്റെ തുടർച്ചയാണ് അവിടുന്ന് വെളിപ്പെടുത്തിയ മറ്റ് സത്യങ്ങൾ. ദൈവത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലുമുള്ള വിശ്വാസം പഴയനിയമ ജനതയെ അവിടുത്തെ സ്വജനമാക്കിയതുപോലെ മിശിഹായിലും അവിടുത്തെ വെളിപ്പെടുത്തലുകളിലുമുള്ള വിശ്വാസം പുതിയനിയമ ഇസ്രായേലിനെ രൂപപ്പെടുത്തി. ചുരുക്കത്തിൽ മിശിഹായെയും അവിടുന്ന് നൽകിയ സത്യങ്ങളെയും സ്വീകരിക്കുന്നവർ 'വിശ്വാസി' എന്ന സംജ്ഞയ്ക്ക് യോഗ്യനാകുന്നു. ഇവ്വിധത്തിലുള്ള വിശ്വാസത്തിന് ഒരുവനെ പ്രേരിപ്പിക്കുന്നത് ദൈവത്തിന്റെ അധികാരത്തെയും സത്യത്തെയും, അപ്രമാദിത്വത്തെയും കുറിച്ചുള്ള അവബോധമാണ്. ഈ അവബോധം ഉളവാക്കാൻ സഹായകമായ കാര്യങ്ങളായിരുന്നു അത്ഭുതങ്ങളും അടയാളങ്ങളും പ്രവചനങ്ങളും.

## വിശ്വാസത്തിൽ നിന്നും ഉരുത്തിരിയുന്ന കടമകൾ

**1. വിശ്വാസസത്യങ്ങൾ അറിയുവാനുള്ള കടമ**

ഓരോ വിശ്വാസിയും തന്റെ പ്രായത്തിനും സ്ഥാനത്തിനും അനുസരിച്ച് വിശ്വാസകാര്യങ്ങൾ അറിഞ്ഞിരിക്കണം. 1)ബുദ്ധിയും വിവേകവും നന്മതിന്മകളെകുറിച്ചുള്ള തിരിച്ചറിവുമുള്ള വ്യക്തി നിർബന്ധമായും വിശ്വാസപ്രമാണം, കർത്തൃപ്രാർത്ഥന, ദൈവകല്പനകൾ, കൂദാശകൾ എന്നിവയെക്കുറിച്ചുള്ള അറിവ് നേടിയിരിക്കണമെന്നാണ് സഭയുടെ കാഴ്ചപ്പാട്. 2) അടിസ്ഥാനപരമായ അറിവ് നേടുക മാത്രമല്ല ഈ അറിവ് നിരന്തര പഠനത്തിലൂടെ ആഴപ്പെടുത്തുകയും ദൃഢപ്പെടുത്തുകയും ചെയ്യേണ്ടത് ഓരോ വിശ്വാസിയുടേയും കടമയാണ്. 3) പഠനത്തിലൂടെ മാത്രമല്ല പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയുമാണ് ഈ ആഴപ്പെടൽ നടക്കുക. 4) സഭയോടൊത്തുള്ള ജീവിതവും സഭയിലുള്ള ജീവിതവും ഇതിന് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെയാണ് ഞായറാഴ്ച ആചരണവും, കൂദാശകളിലുള്ള പങ്കുചേരലും സഭ പ്രത്യേകം നിഷ്ക്കർഷിക്കുന്നത്. 5) ദൈവജനത്തിന് ഉചിതമായ പ്രബോധനം നൽകാൻ വൈദികരും അദ്ധ്യാപകരും ഇതര പരിശീലകരും പ്രത്യേകം കടപ്പെട്ടിരിക്കുന്നു.

**2. വിശ്വാസം പ്രഘോഷിക്കാനുള്ള കടമ**

മിശിഹായുടെ ഉത്ഥാനശേഷം അവിടുന്ന് തന്റെ ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരെ ദൈവവചന വക്താക്കളാകുവാൻ ആഹ്വാനം ചെയ്തു. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ"(മത്താ.28: 1920). മിശിഹാ നൽകിയ പ്രേഷിതദൗത്യം ശിഷ്യന്മാർ പൂർണ്ണ വിശ്വസ്തതയോടെ നിറവേറ്റുകയും ലോകത്തിന്റെ അതിർത്തികൾ വരെ അവിടുത്തേക്ക് സാക്ഷിയാവുകയും ചെയ്തു. മിശിഹാ ഭരമേല്പിച്ച ഈ പ്രേഷിതദൗത്യം ഇന്ന് തുടരുന്നത് സഭയിലൂടെയാണ്. അതുകൊണ്ടാണ് സഭ സ്വഭാവത്താലെ പ്രേഷിതയാണെന്ന് (പ്രേഷിതപ്രവർത്തനം 2) വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്.

സഭ തന്റെ പ്രേഷിതദൗത്യം തുടരുന്നത് മൂന്ന് മാർഗ്ഗങ്ങളിലൂടെയാണ്. സുവിശേഷപ്രഘോഷണം, ജീവകാരുണ്യപ്രവർത്തനം, രക്തസാക്ഷിത്വം. സുവിശേഷ പ്രഘോഷണം വിശ്വാസത്തിലേക്ക് നയിക്കുവാനും, മിശിഹാ രക്ഷകനാണെന്നുള്ള അറിവിലേക്ക് നയിക്കാനും സഹായകമാണ്. പിന്നീട് വിവിധ പ്രബോധന മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് സഭാതനയരെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ നിരന്തരമായി അവൾ ശ്രമിക്കുന്നു. ഈ മാർഗ്ഗങ്ങളോട് ചേർന്ന് നിൽക്കാനും ഔദാര്യപൂർവ്വം സഹകരിക്കാനും ഓരോ വിശ്വാസിക്കും കടമയുണ്ട്.

വി. ഗ്രന്ഥവ്യാഖ്യാനങ്ങൾ നൽകുന്ന വേദികളാണ് ഈ പ്രബോധനത്തിന്റെ ഏറ്റവും ശക്തമായ മാർഗ്ഗം. സുവിശേഷം വായിക്കുക, പഠിക്കുക ഏറ്റം അനിവാര്യം. പലപ്പോഴും സുവിശേഷത്തിന്റെ സന്ദേശങ്ങൾ ഗ്രാഹ്യമാംവിധമാക്കി തീർക്കുവാൻ വ്യാഖ്യാനങ്ങൾ അനിവാര്യമായി തീരുന്നു. അതുകൊണ്ടുതന്നെ സഭയുടെ നിയന്ത്രണത്തിലും സഭയോടു ചേർന്നു നിന്നും വേണം ഇത് നടത്തുവാൻ. അതുകൊണ്ടുതന്നെയാണ് ദൈവാലയങ്ങളിലും ഇതരകേന്ദ്രങ്ങളിലും സുവിശേഷ വ്യാഖ്യാനങ്ങൾ നൽകുവാനും പഠിക്കാനുമുള്ള അവസരങ്ങൾ സഭ ഒരുക്കുന്നത്. മാത്രമല്ല, ഞായറാഴ്ചകളിലും, ഇതര സന്ദർഭങ്ങളിലും സുവിശേഷ പ്രഘോഷണം നിർബന്ധമായും നടത്തണമെന്ന് മാർപ്പാപ്പമാർ നിർദ്ദേശിക്കുന്നു. (ജോൺ പോൾ രണ്ടാമൻ, കർത്താവിന്റെ ദിവസം)

ഞായറാഴ്ചകളിലും ഇതര അവസരങ്ങളിലും വൈദികർ നൽകുന്ന സുവിശേഷ വ്യാഖ്യാനങ്ങൾ ശ്രവിക്കുവാനും സ്വീകരിക്കുവാനും ദൈവജനത്തിന് കടമയുണ്ട്. ഇടവക സമൂഹത്തിന്റെ നാഥ

നെന്ന നിലയിൽ വികാരി നൽകുന്ന സന്ദേശം പ്രസ്തുത സമൂഹത്തെ മാത്രം കേന്ദ്രീകരിച്ചുള്ളതാണെങ്കിൽ രൂപതയാകുന്ന പ്രാദേശിക സഭയെ ധാർമ്മികതയിലും ആത്മീയതയിലും വളർത്തുവാൻ മെത്രാന്മാർ ഔദ്യോഗികമായി നൽകുന്ന പ്രബോധന രേഖയാണ് ഇടയലേഖനങ്ങൾ. ഇവിടെ സഭയുടെ പ്രബോധനങ്ങൾ ആധികാരികമായി മെത്രാൻ പഠിപ്പിക്കുകയും ദൈവജനത്തിനു നിർദ്ദേശങ്ങൽ നൽകുകയും ചെയ്യുന്നു. ഇതു കൂടാതെ ഒരു പ്രദേശത്തെ ഒരു പ്രാദേശിക സഭയിലെയോ ഒരു രാഷ്ട്രത്തിലെയോ മെത്രാൻമാർ പുറപ്പെടുവിക്കുന്ന സംയുക്ത ഇടയലേഖനങ്ങളുമുണ്ട്. ഇവ തങ്ങളുടെ ശുശ്രൂഷാ പരിധിയിൽ വരുന്ന എല്ലാ സഭാതനയരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങളെക്കുറിച്ച് പ്രബോധിപ്പിക്കാനും നിർദ്ദേശം നൽകുന്നതിനുള്ള മാർഗ്ഗമാണ്. അവയെ വിപുലീകരിച്ച് ഒരു ഭൂഖണ്ഡത്തിലെ മെത്രാൻമാർ തങ്ങളുടെ പ്രബോധനാധികാരം സംയുക്ത ഇടയലേഖനങ്ങളിലൂടെ ഉപയോഗിക്കാറുണ്ട്.

എന്നാൽ സാർവ്വത്രീക സൂനഹദോസുകളും മാർപാപ്പമാർ നൽകുന്ന പ്രബോധനങ്ങളും കത്തോലിക്ക സഭയിലെ എല്ലാ ദൈവജനത്തെയും ഒരുമിച്ചു കണ്ടുകൊണ്ടുള്ളതാണ്. ഇവ ഓരോ വ്യക്തിസഭയുടെ ചൈതന്യത്തിനും പാരമ്പര്യങ്ങൾക്കും ചേർന്ന വിധം സ്വീകരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ആദിമ കാലങ്ങളിൽ സഭാ വിരുദ്ധ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകുകയും സഭാപഠനങ്ങൾ ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്ത സാഹചര്യത്തിലാണ് സാർവ്വത്രീക സൂനഹദോസുകൾ കൂടിയിരുന്നത്. നിഖ്യാ മുതൽ രണ്ടാം വത്തിക്കാൻ വരെ 21 സാർവ്വത്രീക സൂനഹദോസുകൾ നടന്നിട്ടുണ്ട്. എങ്കിലും അവസാനത്തേതൊഴിച്ച് ബാക്കി 20 എണ്ണവും ഏതെങ്കിലും പാഷണ്ഡതയെ നിരാകരിക്കാനും സത്യപ്രബോധനം നൽകുവാനും വേണ്ടിയായിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെ ആധുനീകരിക്കുക, സഭൈക്യം സാധ്യമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് വിളിച്ചു കൂട്ടപ്പെട്ടത്. അതുകൊണ്ടുതന്നെ സഭാപ്രബോധനത്തിന്റെ ഏറ്റവും ആധികാരിക രേഖകളായിട്ടു വേണം സാർവ്വത്രീക സൂനഹദോസുകളുടെ പ്രബോധനങ്ങളെ സ്വീകരിക്കുവാൻ. സഭയിലെ മെത്രാൻമാർ ഒരുമിച്ച് ചേർന്ന് പ്രാർത്ഥനയുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ നൽകുന്ന ഇപ്രകാരമുള്ള ആധികാരിക പ്രബോധനങ്ങളെ ഏറെ ശ്രേഷ്ഠമായാണ് സഭ പരിഗണിക്കുക. അവ പഠനവിധേയമാക്കാനും സ്വീകരിക്കുവാനും ഓരോ വിശ്വാസിക്കും കടമയുണ്ട്.





പ്രാദേശീക സൂനഹദോസുകൾക്കും സാർവ്വത്രീക സൂനഹദോസുകൾക്കും പുറമേ **മാർപാപ്പ പുറപ്പെടുവിക്കുന്ന വിവിധ രേഖകളുണ്ട്. അവയുടെ സ്വഭാവമനുസരിച്ച് 8 ആയി തരം തിരിക്കാം.**

1. പേപ്പൽ കോൺസ്റ്റിറ്റ്യൂഷൻ: സാധാരണമായി സിദ്ധാന്തപരമോ ശിക്ഷണപരമോ ആയ പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണിത്.

2. ബൂള: വിശുദ്ധരുടെ പദവിയിലേക്ക് ഒരാളെ ഉയർത്തുന്നതായോ സഭാപരമായ അധികാരം ഒരാൾക്ക് നൽകുന്നതായോ രേഖപ്പെടുത്തുന്ന കൽപ്പന. മാർപാപ്പയുടെ പേരും വി. പത്രോസിന്റെയും വി. പൗലോസിന്റെയും രൂപങ്ങളും കൊത്തിയിട്ടുള്ള മുദ്രയാണ് ബൂള. പിൽക്കാലത്ത് ഈ മുദ്ര പതിക്കുന്ന കൽപ്പനക്കും ബൂള എന്ന് പേരു വന്നു.

3. ബ്രീഫ്: പ്രത്യേകാനുവാദങ്ങൾ, പ്രാധാന്യം കുറഞ്ഞ കൽപനകൾ, ദാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന കൽപന.

4. റെസ്ക്രിപ്റ്റ്: അപേക്ഷ പ്രകാരം നൽകുന്ന അനുവാദമോ ചുമതലകളിൽ നിന്നുള്ള ഒഴിവാക്കലോ രേഖപ്പെടുത്തിയ കൽപന.

5. ചാക്രികലേഖനം: വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച് മാർപാപ്പ എല്ലാവർക്കുമായി പുറപ്പെടുവിക്കുന്ന അജപാലനപരമായ ഔദ്യോഗികാഹ്വാനമോ, മുന്നറിയിപ്പോ വിശദീകരണമോ ആണിത്. ഉദാ: റേരും നൊവാരും. എന്നാൽ പൊതുകാര്യത്തെപ്പറ്റി ഉത്തരവാദിത്വപ്പെട്ട വ്യക്തികൾക്കയക്കുന്ന ലേഖനത്തിന് അപ്പസ്തോലിക ലേഖനം എന്നു പറയും. ഉദാ. കർത്താവിന്റെ ദിവസം

6. ഡിക്രി: റോമൻ കാര്യാലയങ്ങളോ സംഘങ്ങളോ പുറപ്പെടുവിക്കുന്ന പ്രമാണരേഖകൾ. മാർപാപ്പ ഇവയ്ക്ക് പൊതുവായോ പ്രത്യേകമായോ അംഗീകാരം നൽകിയിരിക്കും. പൊതു സൂനഹദോസുകളുടെ പ്രമാണരേഖകൾക്കും ഈ പേര് നൽകുന്നുണ്ട്. കാരണം മാർപാപ്പയാണ് ഇവ അംഗീകരിച്ച് വിളംബരം ചെയ്യുന്നത്.

7. മോത്തു പ്രോപ്രിയോ : മാർപാപ്പയുടെ സ്വന്തം ഇഷ്ടപ്രകാരം എടുക്കുന്ന നടപടികളും അപേക്ഷാപ്രകാരമല്ലാതെ നൽകുന്ന ആനുകൂല്യങ്ങളും രേഖപ്പെടുത്തുന്ന കൽപ്പനകളാണിവ.

8. ചിറോഗ്രാഫി: മാർപാപ്പയുടെ കൈപ്പടയിലെഴുതുന്ന കത്തുകളാണിവ.

ചുരുക്കത്തിൽ മാർപാപ്പ മുതൽ സഭാശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഔദ്യോഗിക വ്യക്തികളെല്ലാം തന്നെ പ്രബോധനം നൽകു

ന്നുണ്ട്. പക്ഷേ ഇവ വിവിധതലങ്ങളിലും മേഖലകളിലുമാണ്. ഇവയുടെയെല്ലാം ലക്ഷ്യം എല്ലാ മനുഷ്യരോടും സുവിശേഷം പ്രസംഗിക്കുവാനുള്ള കർത്തവ്യത്തിന്റെ പൂർത്തീകരണമാണ്.

**3. വിശ്വാസത്തിനു സാക്ഷ്യം വഹിക്കാനുള്ള കടമ**

വിശ്വാസജീവിതത്തിലൂടെയുള്ള സാക്ഷ്യംവഹിക്കലാണ് പ്രധാനമായും ഇവിടെ അർത്ഥമാക്കുന്നത്. മാതൃകാപരമായ ജീവിതവും, മൂല്യാധിഷ്ഠിത ബന്ധങ്ങളും വ്യാപാരവും എല്ലാം ഇതിന്റെ ഭാഗങ്ങളാണ്. വ്യക്തിയുടെ കൗദാശിക ജീവിതം ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. സഭയുടെ കല്പനകളോടു ചേർന്നുകൊണ്ട് വി.കുർബ്ബാനയിലും ഇടവക പ്രവർത്തനങ്ങളിലുമുള്ള സജീവ ഭാഗഭാഗിത്വം, കൂദാശകളുടെ സ്വീകരണം, മാതൃകാപരമായകുടുംബജീവിതം, പരസ്നേഹജന്യമായ സാമൂഹിക ബന്ധങ്ങൾ, സുതാര്യമായ സാമ്പത്തിക പ്രവർത്തനങ്ങൾ, മൂല്യാധിഷ്ഠിതമായ പൊതുപ്രവർത്തനം, സഭാവിരുദ്ധപ്രസ്ഥാനങ്ങളിൽ നിന്നും പ്രത്യയശാസ്ത്രങ്ങളിൽ നിന്നും സഭാവിമർശനങ്ങളിൽ നിന്നുമുള്ള ഒഴിഞ്ഞുനിൽക്കൽ ഇവയെല്ലാം യഥാർത്ഥ വിശ്വാസിയിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ട്.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ മാതൃക വഴിയും പ്രവർത്തനം വഴിയുമുള്ള സാക്ഷ്യത്തിന് ഏറെ പ്രസക്തിയുണ്ട്. സഭയുടെ ജീവകാരുണ്യ പ്രവൃത്തികളോടും പ്രസ്ഥാനങ്ങളോടും ആത്മാർത്ഥതയോടെ സഹകരിക്കുന്ന വ്യക്തി ജീവിതത്തിലൂടെ കാരുണ്യവാനായ ഈശോയ്ക്ക് സാക്ഷ്യം നൽകുകയാണ്.

സഭയുടെ ആദിമകാലം മുതൽ നിലനിന്നിരുന്നതും ഏറ്റവും ശക്തവുമായ സാക്ഷ്യമാർഗ്ഗങ്ങളാണ് സഹനവും രക്തസാക്ഷിത്വവും വഴിയുള്ള സാക്ഷ്യം. മിശിഹായുടെ എന്നതുപോലെ നിരവധി രക്തസാക്ഷികളുടെ ചുടുനിണത്താൽ രൂപപ്പെട്ടതും വളർച്ച പ്രാപിച്ചതുമാണ് കത്തോലിക്കാ സഭ. അതുകൊണ്ടുതന്നെ ഇതിനേക്കാൾ ശക്തമായ മറ്റൊരു സാക്ഷ്യമാർഗ്ഗമില്ല. എവിടെയൊക്കെ എന്നൊക്കെ സഭ പീഡിപ്പിക്കപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം സഭ വളർന്നിട്ടുണ്ട്. സഹനത്തിന്റെ പ്രത്യേകത അത് ദൈവജനത്തെ കൂടുതൽ ആഴപ്പെടുത്തുകയും കൂടുതൽ വിശ്വാസദാർഢ്യത്തിലേക്ക് നയിക്കുകയും ദൈവജനത്തെ ഒന്നിച്ചുകൂട്ടുകയും പ്രാർത്ഥനക്കായി പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്.





**4)വിശ്വാസം സംരക്ഷിക്കുവാനുള്ള കടമ**

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ ഏറെയാണ്. അവയെ ഒഴിവാക്കുക ഒരുവിധത്തിൽ അസാധ്യമാണുതാനും. അതുകൊണ്ടുതന്നെ ഓരോ വിശ്വാസിയും ചില കാര്യങ്ങളിൽ പ്രത്യേകമായി നിഷ്ഠ വയ്ക്കേണ്ടതുണ്ട്.

1. ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് ശരിയായ അറിവ് നേടുക. അല്ലെങ്കിൽ തെറ്റിദ്ധാരണാജനകമായി സംസാരിക്കുമ്പോഴും വിരുദ്ധാശയങ്ങൾ പ്രചരിപ്പിക്കുമ്പോഴും സത്യവിശ്വാസം പറഞ്ഞുകൊടുക്കാൻ നമുക്ക് സാധിക്കാതെ വരും.
2. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ ഉപയോഗത്തിൽ ശ്രദ്ധ ഉണ്ടാവുക. നാം കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളുടെ നിജസ്ഥിതി അന്വേഷിക്കുവാനും ഇവ പ്രചരിപ്പിക്കുന്നവരുടെ ലക്ഷ്യം കണ്ടെത്തുവാനും നാം ശ്രദ്ധിക്കേണ്ടതാണ്. പലപ്പോഴും ഒറ്റപ്പെട്ട സംഭവങ്ങളും അല്പ സത്യങ്ങളും അർദ്ധസത്യങ്ങളുമാകാം. ഇവ സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടിയാണ് സഭയ്ക്കെതിരെ പ്രചരിപ്പിക്കുന്നത്.
3. വായനയ്ക്കായി തിരഞ്ഞെടുക്കുന്നവയിൽ വിവേചനാശക്തി ഉപയോഗിക്കുക, ഗ്രന്ഥകാരന്റെ പ്രത്യയശാസ്ത്രവും, ലക്ഷ്യവും ഭാഷയുമൊക്കെ വിശ്വാസത്തെ ക്ഷയിപ്പിക്കുവാനും നിരാകരിക്കുവാനും നമ്മെ പ്രേരിപ്പിച്ചേക്കാം.
4. വ്യക്തികളോടൊത്തുള്ള സഹവാസത്തിലും കൂട്ടുകെട്ടുകളിലും ശ്രദ്ധ ഉണ്ടാവുക. മറ്റുള്ളവരുടെ ആശയങ്ങളും ചിന്തകളും വിശ്വാസികളെ സ്വാധീനിക്കുവാൻ സാധ്യതയുള്ളതിനാലാണിത്.
5. മാതാപിതാക്കന്മാരും, ഗുരുക്കളും, പരിശീലകരും തങ്ങളുടെ സംരക്ഷണയിലുള്ളവരെ വിശ്വാസഭ്രംശത്തിൽ നിന്നും രക്ഷിക്കുക.
6. സ്കൂളുകളിലും, വിദ്യാഭ്യാസസ്ഥാപനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും ഉചിതമായ ധാർമ്മിക- മതാത്മക പ്രബോധനം നൽകാൻ ശ്രമിക്കുക.
7. സഭാവിരുദ്ധ പ്രസ്ഥാനങ്ങളിലും ദൈവനിഷേധം പ്രചരിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളിലും സഹകരിക്കുന്നതും പ്രവർത്തിക്കുന്നതും തിന്മയാണെന്ന് മനസ്സിലാക്കുക.
8. സമൂഹത്തിൽ തന്റെ വിശ്വാസവും മതവും മൂല്യങ്ങളും സംരക്ഷിക്കുവാൻ ശ്രദ്ധിക്കുക.

**ക്രിസ്തീയ വിശ്വാസത്തിനെതിരായ തിന്മകൾ**

1. <u>അവിശ്വസ്തത:</u> മാമ്മോദീസ സ്വീകരിച്ച വ്യക്തി വിശ്വാസത്തെ

സംബന്ധിച്ച കാര്യങ്ങളോട് കൂറ് പുലർത്താത്ത കുറ്റകരമായ പ്രവണതയോ, ബോധപൂർവ്വം വിശ്വാസത്തിന് തടസ്സം നിൽക്കുന്നതോ ആണ്.

2. മതനിന്ദ, മതവിരുദ്ധവാദം: ദൈവം നൽകിയ വെളിപ്പെടുത്തലുകളോ, സഭ പ്രഖ്യാപിച്ച സത്യങ്ങളോ ബോധപൂർവ്വം ഒരു വിശ്വാസി നിരാകരിക്കുമ്പോൾ അത് മതനിന്ദയാകുന്നു.

3. ശീശ്മ: സഭയുടെയും സഭയിലും ഉള്ള വിശ്വാസം നിരാകരിക്കുന്നില്ലെങ്കിലും മാർപാപ്പയുടെ അധികാരം നിരാകരിക്കുകയും അദ്ദേഹത്തിന് കീഴ്‌വഴക്കം നൽകാതിരിക്കുകയുമാണിവിടെ.

4. മതത്യാഗം: മാമ്മോദീസ വഴി ലഭിച്ച സത്യവിശ്വാസം പൂർണ്ണമായും ഉപേക്ഷിക്കുന്നതാണിത്.

5. പാഷണ്ഡത: വെളിപ്പെടുത്തപ്പെട്ട സത്യത്തിനെതിരായ പഠനങ്ങൾ ബോധപൂർവ്വം സ്വന്തം താൽപര്യം കൊണ്ട് സ്വീകരിക്കുന്നതാണ്.

6. സംശയം: വെളിപ്പെടുത്തപ്പെട്ടവയെ ആ അർത്ഥത്തിൽ ഉൾക്കൊള്ളാൻ പ്രത്യക്ഷമായോ പരോക്ഷമായോ മടിക്കുകയും അവയുടെ ആധികാരികതയെ സംശയത്തോടെ വീക്ഷിക്കുകയും ചെയ്യുന്നതാണിത്.

## ചർച്ച ചെയ്യുക

1. ഇടവകയുടെ വിശ്വാസ വളർച്ചയിൽ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?
2. യുവജനങ്ങൾക്കും കുട്ടികൾക്കും വിശ്വാസവർഷത്തിൽ നൽകാവുന്ന കർമ്മ പരിപാടികൾ ചർച്ച ചെയ്യുക.
3. പഴയതലമുറക്കും പുതിയ തലമുറക്കും വിശ്വാസത്തിൽ ഉണ്ടായിരിക്കുന്ന വളർച്ചാ വ്യതിയാനം ചർച്ച ചെയ്യുക.

## പ്രായോഗിക നിർദ്ദേശങ്ങൾ

- ♦ വിശ്വാസത്തിനെതിരായ സാഹചര്യങ്ങൾ ഒഴിവാക്കുക
- ♦ കുടുംബപ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകുകയും സമയ ക്രമീകരണം നടത്തുകയും ചെയ്യുക.
- ♦ സഭയുടെ പ്രബോധനങ്ങൾ പഠിക്കാനും പഠിപ്പിക്കാനുമുള്ള അവസരം ഉണ്ടാക്കുക





- ♦ വിശ്വാസം പരിപോഷിപ്പിക്കുവാനുതകുന്ന തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുക
- ♦ നമ്മുടെ ദൈവദാസന്മാരായ മാർ മാക്കീൽ പിതാവിന്റേയും പൂതത്തിൽ തൊമ്മിയച്ചന്റേയും കബറിടം സന്ദർശിക്കുന്നത് പ്രോത്സാഹിപ്പിക്കുക
- ♦ കുട്ടികളുടെ വിശ്വാസവളർച്ചയ്ക്ക് സഹായിക്കുന്ന വിശുദ്ധരുടെ ജീവിത ചരിത്രം പഠിപ്പിക്കുക
- ♦ കൂടാരയോഗങ്ങൾ സജീവമാക്കുക. പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ഒരുപോലെ പ്രാധാന്യം നൽകുക.
- ♦ പങ്കുവയ്ക്കലും ദശാംശം കൊടുക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കുക
- ♦ പ്രാർത്ഥനാ ഗ്രൂപ്പുകൾ രൂപീകരിക്കുക. വികാരിയച്ചന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കലെങ്കിലും പ്രാർത്ഥനാ ഗ്രൂപ്പുകൾ ഒരുമിച്ചു കൂടി പ്രാർത്ഥിക്കുന്ന ശൈലി രൂപപ്പെടുത്തുക.
- ♦ ക്രൈസ്തവ വിശ്വാസത്തെ ആഴപ്പെടുത്തുന്ന ധ്യാനം, പ്രാർത്ഥന, ഉപവാസം എന്നിവയിൽ ആഭിമുഖ്യം വളർത്തുക.
- ♦ വിശ്വാസവർഷം ഇടവകയിൽ നിർബന്ധമായും വിശ്വാസവളർച്ചയ്ക്കുതകുന്ന ധ്യാനം നടത്തുക.
- ♦ കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും അനുദിന ദിവ്യബലിയിൽ പങ്കുചേരുക.
- ♦ വിശ്വാസവർഷത്തിൽ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുമ്പോൾ Youcat സമ്മാനമായി നൽകുക
- ♦ നമ്മുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയപള്ളി കൽകുരിശ്ശിങ്കൽ എല്ലാ ആദ്യ വെള്ളിയാഴ്ച്ചയും നടത്തപ്പെടുന്ന ശുശ്രൂഷയിൽ സംബന്ധിക്കുക.
- ♦ ബഹു. സിസ്റ്റേഴ്സ് ഹോം മിഷൻ വിശ്വാസവർഷത്തിൽ വിപുലപ്പെടുത്തുക.

ഋഋഋ

# II. ആരാധനക്രമം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഥമ പ്രമാണരേഖ യാണ് ആരാധനക്രമം. തിരുസഭാ ജീവിതത്തിൽ ആരാധനക്രമത്തി നുള്ള പ്രാധാന്യവും അതിന്റെ ആന്തരീക മൂല്യവും ഈ രേഖ വ്യക്ത മാക്കുന്നു. ക്രിസ്തുവിന്റെ രഹസ്യവും രക്ഷണീയ കൃത്യത്തിന്റെ ചരി ത്രവുമുൾക്കൊള്ളുന്ന ദിവ്യബലിയിലേക്ക് ദൈവജനത്തെ കൂടുതൽ അടുപ്പിക്കുന്നതിനുള്ള അടിസ്ഥാന തത്വങ്ങൾ ഈ പ്രമാണ രേഖ ആവിഷ്ക്കരിക്കുന്നു. കൂടാതെ ദിവ്യകാരുണ്യമെന്ന രഹസ്യം, കൂദാശ കളും കൂദാശാനുകരണങ്ങളും യാമപ്രാർത്ഥനകൾ, ആരാധനക്രമവ ത്സരം, ദേവാലയ സംഗീതം, കല ആരാധനക്രമത്തിൽ എന്നീ വിഷയ ങ്ങളെ പറ്റിയും പഠിപ്പിക്കുന്നു.

**വിശ്വാസത്തിന്റെ ആഘോഷം കൂടുതൽ തീവ്രമാക്കാൻ**

ദൈവത്തിന്റെ രക്ഷാകര പ്രവർത്തിയിലുള്ള ദൈവജനത്തിന്റെ പങ്കുചേരൽ ആണ് ആരാധനക്രമം. ഈശോ തന്റെ രക്ഷാകർമ്മം തുടർന്നുകൊണ്ടുപോകുന്നതിനാണ് സഭ സ്ഥാപിച്ചത്. ഈ സഭയിൽ കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ ഈശോ സന്നിഹിതനാകുന്നു. അങ്ങനെ കൂദാശകൾ സഭയെ പണിതുയർത്തുന്നവയായി മാറുന്നു.

**കൂദാശകളുടെ ലക്ഷ്യം**

കൂദാശകൾക്ക് പ്രധാനമായും 3 ലക്ഷ്യങ്ങൾ ആണ് ഉള്ളത്

1. മനുഷ്യരെ വിശുദ്ധീകരിക്കുക
2. ക്രിസ്തുവിന്റെ മൗതീക ശരീരം പടുത്തുയർത്തുക
3. ദൈവത്തിന് ആരാധന അർപ്പിക്കുക

കൂദാശകൾ അനുഷ്ഠിക്കുക വഴി അപ്പസ്തോലന്മാരിൽ നിന്ന് ലഭിച്ച വിശ്വാസത്തെ സഭ ഏറ്റു പറയുന്നു. കൂദാശാപരമായ ഒരു അനുഷ്ഠാനക്രമവും ശുശ്രൂഷകന്റെയോ സമൂഹത്തിന്റെയോ ഇഷ്ടമനുസരിച്ച് പരിഷ്ക്കരിക്കാനോ വ്യത്യാസപ്പെടുത്താനോ പാടില്ല. കൂദാശ കാർമ്മികന്റെയോ സ്വീകരിക്കുന്ന വ്യക്തിയുടെയോ നീതിയാലല്ല, പിന്നെയോ ദൈവത്തിന്റെ ശക്തിയാലാണ് പ്രവർത്തിക്കുന്നത്.





**റീത്ത്**

റീത്ത് എന്ന് പറയുന്നത് കൂദാശ പരികർമ്മത്തിനുള്ള അംഗീകൃത രീതിയും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള ശരിയായ ക്രമവും ദൈവാരാധനയുടെ ശരിയായ രൂപവുമാണ്.

## സഭയുടെ ആരാധനാഘോഷം

**1. ആരാണ് ലിറ്റർജി ആഘോഷിക്കുന്നത്**

ആരാധനക്രമം അതിന്റെ സ്വഭാവത്താൽ തന്നെ രഹസ്യ ചടങ്ങുകളല്ല, പരസ്യഘോഷമാണ്. അതിൽ അർപ്പകനും അർപ്പിത വസ്തുവും ഈശോ തന്നെയാണ്. ആരാധനയിൽ എല്ലാ അംഗങ്ങൾക്കും ഓരേ ധർമ്മമല്ല ഉള്ളത്, ഒരാൾ മറ്റൊരാൾക്ക് പകരവുമല്ല.

**2. ലിറ്റർജി എങ്ങനെ ആഘോഷിക്കുന്നു**

ഒരേ സമയം ജഢികനും ആത്മീയനുമായ മനുഷ്യൻ പലപ്പോഴും ഭൗതീകമായ അടയാളങ്ങൾ വഴിയാണ് ആത്മീയ യാഥാർഥ്യങ്ങളെ മനസിലാക്കുകയും വിശദീകരിക്കുകയും ചെയ്യുക. വസ്തുക്കളും സ്ഥലങ്ങളും ചില അടയാളങ്ങൾ ആയി ഉപയോഗിക്കുന്നു

1. ദേവാലയം - പ്രപഞ്ചത്തിന്റെ പ്രതീകം, തിരുസഭയുടെ പ്രതീകം, മിശിഹായുടെ പ്രതീകം
2. കുരിശ് (ശ്ലീവ) - മിശിഹായുടെ പ്രതിരൂപം
3. മദ്ബഹാ - അതി വിശുദ്ധ സ്ഥലം, സ്വർഗ്ഗത്തിന്റെ പ്രതീകം
4. 3 പടികൾ - ഗാഗുൽത്തായുടെ പ്രതീകം
5. ബലിപീഠം - ദൈവാലയത്തിന്റെ കേന്ദ്രം
6. മദ്ബഹാവിരി - സ്വർഗ്ഗീയ രഹസ്യങ്ങളുടെ അവർണ്ണനീയതയും നിഗൂഢതയും
7. സുവിശേഷ വായന കേന്ദ്രം - ബലിപീഠത്തിന്റെ വലത് വശത്ത്
8. ബേസ്ഗസ്സാകൾ - അപ്പവും വീഞ്ഞും തയ്യാറാക്കാനുള്ള നിക്ഷേപലയങ്ങൾ
9. സക്രാരി - മിശിഹായുടെ ദിവ്യകാരണ്യ സാന്നിദ്ധ്യം
10. കെടാവിളക്ക് - ഈശോയുടെ നിരന്തര സാന്നിധ്യം
11. കെസ്ത്രോമ - ഗായക സംഘത്തിന്റെ സ്ഥാനം

12. ഹൈക്കാല - ആരാധന സമൂഹം സമ്മേളിക്കുന്ന സ്ഥലം
13. ബേമ്മ - വചന പീഠം
14. മാമ്മോദീസ തൊട്ടി - ദൈവമക്കൾ ജനിക്കുന്ന സഭാമാതാവിന്റെ ഗർഭപാത്രം
15. ബേസ്സസഹദേ - രക്തസാക്ഷികളുടെ തിരുശേഷിപ്പ് സൂക്ഷിക്കുന്ന സ്ഥലം
16. മോണ്ടളം - അയോഗ്യരായവർ

## 17. തിരുവസ്ത്രങ്ങൾ

കൊത്തീന-നവീകരിക്കപ്പെട്ട പുതിയ മനുഷ്യന്റെ പ്രതീകം
സൂനാറ - ശുദ്ധതയുടെയും സേവന സന്നദ്ധതയുടെയും അടയാളം
ഊറാറ-വി. ശുശ്രൂഷകൾക്കായി ഒരാൾ നിയോഗിക്കപ്പെട്ടിരിക്കുന്നു
സാന്ദേ-കൈയുറകൾ- വി.ശുശ്രൂഷക്കായി കരങ്ങൾ തയ്യാറായിരിക്കുന്നു
കാപ്പ-നീതിയുടെ വസ്ത്രം

## നിലപാടുകളും അനുഷ്ഠാനങ്ങളും

18. കിഴക്കിനഭിമുഖം - കിഴക്ക് ദിക്കിൽ മിശിഹായെ സൂചിപ്പിക്കുന്നു
19. നിൽക്കുന്നു - ഉത്ഥാനത്തിന്റെ പ്രതീകം
20. മുട്ടു കുത്തുക - പാപാവസ്ഥയെയും അനുതാപത്തെയും സൂചിപ്പിക്കുന്നു
21. ശിരസ്സു നമിക്കുക (കുമ്പിടുക) - നന്ദി , വിധേയത്വം, ബഹുമാനം
22. കൈകൾ വിരിച്ചു പിടിക്കുക - ദൈവജനത്തിനു വേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം
23. കൈകൾ അൽപം വിരിച്ച് മുമ്പോട്ട് ഉയർത്തി മലർത്തി പിടിക്കുക - യാചനഭാവം
24. കൈവിരലുകൾ പരസ്പരം കോർത്തു പിടിക്കുന്നത് - പാപാവസ്ഥയേയും അനുതാപത്തെയും സൂചിപ്പിക്കുന്നു
25. കൈകൾ കൂപ്പുന്നത് - ഭക്തിയും ബഹുമാനവും സൂചിപ്പിക്കുന്നു
26. പരസ്പരം സമാധാനം ആശംസിക്കുക - പരസ്പര സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളം





27. ചുംബിക്കുക - സ്നേഹാദരവുകളും വിധേയത്വവും സൂചിപ്പിക്കുന്നു
28. കുരിശടയാളം വരയ്ക്കുന്നു - രക്ഷയുടെ അടയാളം, കുരിശിലെ ബലിയെ സൂചിപ്പിക്കുന്നു, വലതു നിന്ന് ഇടത്തേക്ക്
29. ധൂപാർപ്പണം - സ്വർഗ്ഗീയ മഹത്വം
30. രക്ഷാ ചരിത്രത്തിന്റെ ഘട്ടങ്ങൾ - സ്വർഗ്ഗത്തിൽ ആരംഭിക്കുന്നു, ഭൂമിയിൽ എത്തുന്നു, മിശിഹായിൽ സാക്ഷാത്ക്കരിക്കപ്പെടുന്നു, റൂഹാദ്ക്കുദിശായാൽ നയിക്കപ്പെട്ട് സഭയിൽ തുടർന്നു വരുന്നു, സ്വർഗ്ഗത്തിൽ പൂർത്തികരിക്കപ്പെടുന്നു.

## ലിറ്റർജി എപ്പോൾ ആഘോഷിക്കുന്നു

ആണ്ടുവട്ടത്തിൽ ക്രിസ്തുവിന്റെ രക്ഷാകര രഹസ്യം മുഴുവൻ ഓരോ കാലങ്ങളിലും ആഘോഷിക്കുന്നു. വർഷം മുഴുവൻ മിശിഹാ രഹസ്യങ്ങൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ഇതു വഴി കർത്താവിന്റെ ശക്തിയുടേയും യോഗ്യതയുടേയും നിക്ഷേപം വിശ്വാസികൾക്ക് തുറന്നുകൊടുക്കുന്നു. ആരാധനാവസരം ആരാധനാ സമൂഹത്തെ ലക്ഷ്യസ്ഥാനമായ സ്വർഗ്ഗീയ ഭവനത്തിലെത്തിക്കുന്നു. സീറോമലബാർ സഭയുടെ വിവിധ ആരാധനാ വത്സരങ്ങൾ ചുവടെ ചേർക്കുന്നു.

## മംഗലവാർത്ത - പിറവിക്കാലം

നവംബർ അവസാന ഞായർ മുതൽ ഡിസംബർ 24 വരെയും ഡിസംബർ 25 മുതൽ ജനുവരി 6 വരെയും ഉള്ള സമയമാണ് മംഗലവാർത്താ - പിറവിക്കാലം. ഗബ്രിയേൽ ദൈവദൂതൻ കന്യാമറിയത്തെ രക്ഷകന്റെ മനുഷ്യാവതാര വാർത്ത അറിയിച്ചതിനെ സൂചിപ്പിക്കുന്നു. രക്ഷകന്റെ ജനനത്തിനുവേണ്ടിയുള്ള ഒരുക്കത്തിന്റെയും കാത്തിരിപ്പിന്റെയും കാലം കൂടിയാണിത്. 25 നോമ്പാചരണം രക്ഷകന്റെ ജനനം ആഘോഷിക്കാൻ വേണ്ടിയുള്ള ആത്മീയ ഒരുക്കമാണ്. അതുവഴി ആത്മവിശുദ്ധിയും, ജീവിതനവീകരണവും, സാധിക്കത്തക്കവിധം തീവ്രമായ പ്രാർത്ഥനയും, ആത്മനിയന്ത്രണവും, പരിത്യാഗ പ്രവർത്തികളും വഴി പിറവിതിരുനാളിനൊരുങ്ങാൻ 25 നോമ്പ് സഹായിക്കുന്നു.

**പ്രധാന തിരുനാൾ** - ഡിസംബർ 8, ഡിസംബർ 25.

**ദനഹാക്കാലം**

ഈശോയുടെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് ദനഹാക്കാലത്തെ ആഘോഷ വിഷയങ്ങൾ. രക്ഷയുടെ അനുഭവം ജീവിതത്തിലൂടെ ചുറ്റുമുള്ളവരിലും പകരുവാൻ സഭാമാതാവ് വിശ്വാസികളെ ഓർമ്മിപ്പിക്കുന്ന കാലഘട്ടമാണിത്. ഈശോ ദൈവപുത്രനാണെന്ന് പിതാവായ ദൈവം വെളിപ്പെടുത്തിയതിന്റെയും പരിശുദ്ധാത്മാവിനാൽ ഈശോ അഭിഷിക്തനാകുന്നതിന്റെയും പരിശുദ്ധ ത്രിത്വം തന്നെത്തന്നെ വെളിപ്പെടുത്തിയതിന്റെയും സ്മരണയാണിവിടെ അനുസ്മരിക്കുന്നത്. ദനഹാ തിരുനാൾ മാമ്മോദീസ സ്വീകരിക്കാൻ ഉചിതമായ ദിവസമാണ്.

മരിച്ചവരുടെ ഓർമ്മ ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ച ആചരിക്കുന്നു. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുക, അവർ പകർന്നു തന്ന വിശ്വാസ പൈതൃകത്തിന്റെ പേരിൽ ദൈവത്തെ സ്തുതിക്കുക, മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ചിന്തിക്കുവാനുള്ള അവസരമാണ്.

**നോമ്പുകാലം**

പാപം ചെയ്ത് വഴിതെറ്റാതെ ദൈവത്തിൽ നിന്നും സഹോദരങ്ങളിൽ നിന്നും അകന്ന് നിൽക്കാതെ മാനസാന്തരപ്പെട്ട് പാപത്തോട് വിട പറഞ്ഞ് സ്നേഹത്തിലേക്ക് തിരിച്ചു വരാനുള്ള ക്ഷണമാണ് നോമ്പു കാലഘട്ടം. തിന്മക്കെതിരേ പ്രതിരോധ ശക്തി ആർജ്ജിക്കുവാനുള്ള അവസരവും അതിനുള്ള ഒരുക്കവുമാണ് പേത്രത്ത.

**ഉയർപ്പുകാലം**

മരണത്തിൽ നിന്നും മഹത്വത്തിലേക്കുള്ള മിശിഹായുടെ കടന്നു പോകലാണ്. പ്രതീക്ഷയാണ് യേശുവിന്റെ ഉത്ഥാനം നമുക്ക് പ്രതിദാനം ചെയ്യുന്നത്. അവിടുന്ന് ഇന്നും നമ്മിലൂടെ ജീവിക്കുന്ന ദൈവമാണ്.

**പുതുഞായർ** - തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ അനുസ്മരിക്കുന്നു. അധരവ്യായാമത്തിന്റെ ആവർത്തന വിരസതയിൽ നിന്നും ജീവിത ബന്ധിയാൽ വിശ്വാസ പ്രഘോഷണം ഉയരണം.





ഉയർപ്പുകാലത്ത് ആദ്യവെള്ളി സകല വിശുദ്ധരുടെയും തിരുനാൾ ആയി ആഘോഷിക്കുന്നു. ഈശോയുടെ സ്വർഗ്ഗാരോപണ തിരുനാൾ തിരുനാളുകളുടെയും തിരുനാൾ ആയി അറിയപ്പെടുന്നു. ഈശോയുടെ മഹത്വീകരണം നാം അനുസ്മരിക്കുന്നു.

**ശ്ലീഹാക്കാലം**

ശ്ലീഹാക്കാലം അയക്കപ്പെടലിന്റെ കാലമാണ്. ഇവിടെ തിരുസഭ പരിശുദ്ധാത്മാവിനാൽ രൂപപ്പെടുന്നു. മിശിഹായുടെ തുടർച്ചയായ സഭയുടെ രഹസ്യങ്ങൾ (ഏകവും പരിശുദ്ധവും ശ്ലൈഹീകവും സാർവ്വത്രീകവുമായ സഭ) അനുസ്മരിക്കപ്പെടുന്നു. പരിശുദ്ധാത്മ ശക്തിയാൽ മിശിഹായുടെ പ്രേഷിതരായി തീരുവാൻ നമ്മെ ശ്ലീഹാക്കാലം ഓർമ്മപ്പെടുത്തുന്നു.

**മറ്റുതിരുനാൾ**

സ്വർണ്ണ വെള്ളി തിരുനാൾ, പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ, പരി. ത്രിത്വത്തിന്റെ തിരുനാൾ, പരി. കുർബ്ബാനയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ, ദുക്റാന തിരുനാൾ.

**കൈത്താക്കാലം**

സഭയുടെ വളർച്ചയും പുഷ്പിക്കലുമാണ് ഈ കാലം അനുസ്മരിക്കുന്നത്. മാതൃകാപരമായ കുടുംബ ജീവിതവും ക്രൈസ്തവ ജീവിതവും നമ്മുടെ പ്രവർത്തനങ്ങളും വഴിയാണ് ഫലങ്ങൾ പുറപ്പെടുവിക്കാനാവുന്നത്. സ്വർഗ്ഗമാകുന്ന കാനാൻ ദേശത്തേക്കുള്ള തീർത്ഥാടനമാണ് സഭയുടേത്. ഈ തീർത്ഥാടന സഭയ്ക്ക് ദൈവവചനം വഴിവിളക്കാണ്, മുന്നറിയിപ്പാണ്. ഈ യാത്ര എളിമയോടെയും എളിയവരെ ആദരിച്ചും ഒറ്റക്കല്ല, ഭിന്നതകൾ മറന്ന് ഐക്യത്തിൽ ഒരുമയിൽ ആയിരിക്കണം. ഈ കാലഘട്ടത്തിൽ സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവാനും കഴിയണം.

**തിരുനാൾ**

12 ശ്ലീഹന്മാരുടെ തിരുനാൾ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, 15 നോമ്പ്, വി. ജോൺ മരിയ വിയാനി, ഈശോയുടെ രൂപാന്ത

രീകരണം, വി. മാക്സ്മില്യൻ കോൾബേ, പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണം, വി. ശ്മോനിയും മക്കളും, വി. പത്താം പീയൂസ്, വി. അഗസ്തീനോസ്.

**ഏലിയാ സ്ലീവക്കാലം - മൂശെക്കാലം**

ഈ കാലഘട്ടത്തിന്റെ അനുസ്മരണ വിഷയം താബോർ മലയിൽ ഈശോ രൂപാന്തരപ്പെട്ട സംഭവം. ഈ സംഭവം യുഗാന്ത്യത്തിൽ ഉത്ഥിതനായ ഈശോമിശിഹാ മഹത്ത്വപൂർണ്ണനായി വീണ്ടും വരുവാനിരിക്കുന്നതിന്റെ മുന്നാസ്വാദനം ശ്ലീഹന്മാർക്ക് നൽകിയതാണ്. കർത്താവിന്റെ മഹത്ത്വപൂർണ്ണമായ പ്രത്യാഗമനം പ്രതീക്ഷിച്ചുകൊണ്ട് യുഗാന്ത്യോൻമുഖമായി തീർത്ഥാടനം ചെയ്ത് ഉത്ഥിതനായ ഈശോയുടെ മഹത്ത്വത്തിൽ പങ്കാളികളാകാമെന്ന പ്രത്യാശയാണ് ഓരോ ക്രൈസ്തവനെയും നയിക്കേണ്ടത്. പ്രത്യായുടെ പ്രതികമായ സ്ലീവ കേന്ദ്രീകൃതമായ ജീവിതത്തിലൂടെ ഏലിയ സ്ലീവായുടെ കാലത്ത് സഭയോടൊത്ത് സ്വർഗ്ഗോന്മുഖമായി യാത്ര ചെയ്യണം.

**തിരുനാൾ**

മാതാവിന്റെ പിറവിക്ക് ഒരുക്കമായുള്ള 8 നോമ്പ്, മാതാവിന്റെ പിറവി തിരുനാൾ, വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

**പള്ളിക്കൂദാശക്കാലം**

സഭയുടെ മഹത്വീകരണമാണ് ഇവിടെ അനുസ്മരിക്കുന്നത്. അതിനായി വിശുദ്ധീകരിക്കപ്പെട്ട ജീവിതം നയിക്കുന്നവരായിരിക്കണം. ക്രിസ്തുവിനു വേണ്ടിയും സഭയ്ക്ക് വേണ്ടിയും വിശ്വാസത്തിന് വേണ്ടിയും പീഡസഹിക്കുകയും ഈശോയോടു കൂടി മഹത്വീകൃതരാകുകയും ചെയ്തവരുടെ മാതൃക വിശ്വാസികൾക്ക് നിർദ്ദേശിച്ചു കൊടുക്കണം. അവരുടെ യോഗ്യതകൾ വഴി ദൈവാനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്യുന്നു.

**യാമ പ്രാർത്ഥനങ്ങൾ**

നിരന്തരം പ്രാർത്ഥിക്കുക (ലൂക്ക: 18: 10) എന്ന ഈശോയുടെ ആഹ്വാനത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ദിനരാത്രങ്ങൾ വിശുദ്ധീകരിക്കുന്നു. അതുവഴി വിശ്വാസിയെ വിശുദ്ധീകരിക്കുന്നു. ഇത് സഭയുടെ പൊതു പ്രാർത്ഥനയാണ്. കർത്താവിന്റെ





പ്രത്യാഗമനത്തിനുള്ള ആഗ്രഹത്താൽ ജാഗ്രതയുടെ ചൈതന്യം നിരന്തരം ജ്വലിപ്പിക്കുകയും ദിവസം മുഴുവനെയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. സഭ അംഗീകരിച്ച ആരാധന ക്രമകാലത്തോട് ചേർന്ന് പ്രാർത്ഥിക്കണം. യാമ പ്രാർത്ഥന ദൈവജനത്തിന്റെ മുഴുവൻ പ്രാർത്ഥനയായിരിക്കണം. ഞായറാഴ്ചകളിലും ആഘോഷപൂർവ്വമായ തിരുനാളുകളിലും പ്രധാന യാമങ്ങൾ പ്രത്യേകിച്ച് സായാഹ്ന പ്രാർത്ഥന ദേവാലയത്തിൽ പൊതുവായി നടത്തുന്നത് ഉചിതമാണ്. ദൈവസ്തുതികളാണ് യാമപ്രാർത്ഥനകൾ. വി. ഗ്രന്ഥ ഭാഗങ്ങൾക്കൊണ്ടു കോർത്തിണക്കിയതാണ് യാമപ്രാർത്ഥനകൾ. സങ്കീർത്തനങ്ങൾ മുഴുവൻ അതിൽ ഉൾപ്പെടുത്തി ആവർത്തിച്ച് ആലപിക്കപ്പെടുന്നു. ദൈവവചനത്തിന്റെ ഉത്തമമായ വ്യാഖ്യാനങ്ങളാണ് യാമപ്രാർത്ഥനകളിൽ ആലപിക്കുന്ന ഗീതങ്ങൾ. ക്രൈസ്തവ ആദ്ധ്യാത്മികതയെപ്പറ്റി പഠിക്കുന്നതിനായുള്ള ആധികാരികമായ ഉറവിടങ്ങളാണ് യാമപ്രാർത്ഥനകൾ. സ്വർഗ്ഗത്തിൽ നിത്യകാലം ആലപിക്കുന്ന സ്തോത്രഗീതം ഭൂമിയിൽ സഭയിലൂടെ തുടരുന്നതാണ് യാമപ്രാർത്ഥനകൾ. മിശിഹായുടെ മൗതീക ശരീരത്തോട് ഒന്നിച്ച് പിതാവിൽ സമർപ്പിക്കുന്ന പ്രാർത്ഥനയാണിത്.

**യാമപ്രാർത്ഥനകൾ കുടുംബത്തിൽ**

ഗാർഹിക സഭയായ കുടുംബത്തിലും ആരാധന സമൂഹത്തിന്റെ സ്വഭാവം നിലനിർത്താൻ ഏറ്റവും ഉചിതമായത് യാമ പ്രാർത്ഥനകളാണ്. കുടുംബത്തിന്റെ സഭാവളർച്ചക്ക് യാമ പ്രാർത്ഥനകൾ സഹായിക്കും.യാമ പ്രാർത്ഥനകൾ കൂടാര യോഗത്തിൽ ഉപയോഗിച്ച് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും**

വിശ്വാസികളുടെ ആദ്ധ്യാത്മിക പരിപോഷണത്തിനു നല്ലതാണ് ഭക്താനുഷ്ഠാനങ്ങൾ. ഭക്താഭ്യാസങ്ങളായ ധ്യാനം, ആത്മശോധന എന്നിവയും ഭക്താനുഷ്ഠാനങ്ങളായ ജപമാല, കുരിശിന്റെ വഴി, നൊവേന എന്നിവയും ആരാധനക്രമത്തിലെ വിവിധ കാലങ്ങളോട് പൊരുത്തമുണ്ടായിരിക്കണം. അവ ആരാധന ക്രമത്തിൽ

നിന്ന് മുളയെടുക്കുകയും ആരാധനക്രമത്തിലേക്ക് ജനങ്ങളെ അടുപ്പിക്കുകയും വേണം. ആത്മീയാനന്ദത്തിനും വിശ്വാസ തീക്ഷ്ണതക്കും വേദിയാകണം. സാമ്പത്തിക നേട്ടം മുൻനിർത്തിക്കൊണ്ട് അവയെ പ്രോത്സാഹിപ്പിക്കരുത്. കൂദാശകളേക്കാൾ ഭക്താനുഷ്ഠാനങ്ങൾ വിശ്വാസികളെ ആകർഷിക്കാൻ കാരണം അജ്ഞതയാണ്. ഭക്താനുഷ്ഠാനങ്ങൾ ആരാധനക്രമത്തിനോ കൂദാശകൾക്കോ പകരമാകാൻ പാടില്ല. അതു പോലെ മെത്രാന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ഭക്താനുഷ്ഠാനങ്ങൾ ആരംഭിക്കാവൂ.

**കൂദാശകൾ - സഭയുടെ സമ്പത്ത്**

സഭയാണ് കൂദാശകൾ പരികർമ്മം ചെയ്യുന്നത്. കൂദാശകൾ വിശുദ്ധ ജീവിതത്തിനുള്ള വഴികളാണ്. കൂദാശകൾ ഓരോ വിശ്വാസിയേയും വിശുദ്ധീകരിക്കുന്നു. വരപ്രസാദം ലഭിക്കുന്നതിനുള്ള മാർഗ്ഗമാണ്. കൂദാശകൾ സഭയെ പണിതുയർത്തുന്നു (മതബോധന ഗ്രന്ഥം 1118)

**കൂദാശാനുകരണങ്ങൾ**

ഈശോമിശിഹാ സ്ഥാപിച്ചതാണ് കൂദാശകൾ. സഭയുടെ അധികാരത്തിൽ സ്ഥാപിതമായവയാണ് കൂദാശാനുകരണങ്ങൾ. സഭാമക്കളെ വിശുദ്ധീകരിക്കുക, ആത്മീയമായി അവരെ ശക്തിപ്പെടുത്തുക എന്നതാണ് ഇവയുടെ ലക്ഷ്യം. കൂദാശകളുടെ ഫലം സ്വീകരിക്കുവാനും ജീവിതത്തിലെ വിവിധ സാഹചര്യങ്ങളെ വിശുദ്ധീകരിക്കാനും കൂദാശാനുകരണങ്ങൾ വിശ്വാസികളെ പ്രാപ്തരാക്കുന്നു.

**ദിവ്യകാരുണ്യം എന്ന രഹസ്യം**

ഈശോ സ്നേഹത്തിന്റെ കൂദാശയിൽ നമ്മെ കാത്തിരിക്കുന്നു. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിലുള്ള ക്രിസ്തുവിന്റെ സാന്നിധ്യം നാം അനുസ്മരിക്കുന്നു. ദൈവവും മനുഷ്യനുമായുള്ള അകലം ഇല്ലാതാക്കാൻ അവിടുന്ന് കൂദാശ ചെയ്യപ്പെട്ട ഓസ്തിയിൽ വസിക്കുന്നു. ദിവ്യരഹസ്യങ്ങളുടെ ആഘോഷം കഴിഞ്ഞാലും ദിവ്യ സക്രാരിയിൽ കർത്താവായ ഈശോ ജീവിക്കുന്നു. അതുകൊണ്ടാണ്





ആരാധനയിലൂടെ അവിടുത്തെ നാം വാഴ്ത്തുന്നത്. ദിവ്യകാരുണ്യ ആരാധന ദിവ്യബലിയിൽ സംഭവിച്ചതിനെ ദൃഢമാക്കുവാൻ ഉപകരിക്കും. ഇതിൽ നിശബ്ദതയ്ക്കും ദൈവവചന ശ്രവണത്തിനും വേണ്ടത്ര സമയം നൽകണം

**ആരാധനക്രമത്തിലെ സജീവ ഭാഗഭാഗിത്വം**

വൈദീകർ ആരാധനക്രമം അനുഷ്ഠിക്കുമ്പോൾ അത് സാധുവായും നൈയാമികമായും പരികർമ്മം ചെയ്താൽ മാത്രം പോരാ വിശ്വാസികൾ അതിൽ ബോധപൂർവ്വമായും സജീവമായും ഫലപ്രദമായും പങ്കെടുക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കണം. തിരുക്കർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം ഗ്രഹിച്ച് തങ്ങൾ ചെയ്യുന്നത് എന്താണെന്നുള്ള ബോധ്യത്തോടും സഹകരണത്തോടും കൂടി വേണം അതിൽ പങ്കെടുക്കുവാൻ. ദിവ്യകാരുണ്യ സ്വീകരണം ദിവ്യബലിയിലെ പൂർണ്ണ ഭാഗഭാഗിത്വമാണ്. വൈദികർ ആരാധനക്രമ ജീവിതം നയിക്കുന്നതിനോടൊപ്പം വിശ്വാസികൾക്ക് അത് പകർന്നു കൊടുക്കാനും ഉത്സാഹിക്കണം.

**സജീവ ഭാഗഭാഗിത്വം**

ഉച്ചത്തിൽ പ്രാർത്ഥിക്കുക, ഉച്ചത്തിൽ പാടുക, കാഴ്ചവയ്പ് പ്രദക്ഷിണം, സന്ദർഭോചിതമായ പ്രാർത്ഥനകൾ എന്നിവയാണ്.

**ആരാധനക്രമപരമായ അർത്ഥം** - ആരാധന ക്രമരീതിയിൽ ജീവിക്കണം, നിശബ്ദതയ്ക്ക് സ്ഥാനമുണ്ട് (പ്രാർത്ഥനകൾക്കിടയിലെ നിശബ്ദത).

**ദേവാലയ സംഗീതം**

ദേവാലയ സംഗീതം ആഘോഷമായ തിരുക്കർമ്മത്തിന്റെ അഭേദ്യമായ ഒരു ഘടകമാണ്. മനുഷ്യ മനസിനെ ദൈവത്തിങ്കലേക്ക് ഉയർത്താൻ ഇത് ഉപകരിക്കുന്നു. ജനങ്ങളുടെ സജീവ ഭാഗഭാഗിത്വത്തിനും ഏറെ സഹായകമാണ്. തിരുക്കർമ്മങ്ങളുടെ വിശുദ്ധിക്ക് ചേർന്ന ഗീതങ്ങൾ ആലപിക്കുമ്പോൾ തിരുക്കർമ്മങ്ങൾ കൂടുതൽ അർത്ഥപൂർണ്ണമാകുന്നു. ഇവിടെ ഗായക സംഘം മാത്രം പോരാ വിശ്വാസികളും പാടണം.

ദേവാലയത്തിന്റെ പരിശുദ്ധിക്ക് ചേർന്ന സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാനും ബൈബിളിൽ നിന്നും ആരാധന ക്രമത്തിന്റെ ഉറവിടങ്ങളിൽ നിന്നും ചൈതന്യം സ്വീകരിക്കുന്ന ഗീതങ്ങൾ ആലപിക്കാനും പ്രത്യേകം ശ്രദ്ധിക്കണം

### ചർച്ച ചെയ്യുക

1. ദിവ്യബലിയിലെ നമ്മുടെ പങ്കാളിത്തം എപ്രകാരമാണ്? എങ്ങനെ സജീവമാക്കാം?
2. നമ്മുടെ കൂദാശ സ്വീകരണങ്ങൾ വിശ്വാസ വളർച്ചക്ക് എപ്രകാരം സഹായിക്കുന്നു?
3. ഇടവക തിരുനാളുകളും ആഘോഷങ്ങളും വിശ്വാസ വളർച്ചക്ക് കാരണമാകുന്നുണ്ടോ?

### പ്രായോഗിക നിർദ്ദേശങ്ങൾ

- ആരാധന ക്രമ പഞ്ചാംഗം എല്ലാ വീടുകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- കൂടാര യോഗങ്ങളിലും കുടുംബ പ്രാർത്ഥനയിലും ആരാധന ക്രമകാലമനുസരിച്ചുള്ള പുസ്തകം ഉപയോഗിക്കുക (ലിറ്റർജി കമ്മീഷൻ തയ്യാറാക്കിയത്)
- കുർബാനയിലെ വചന വായനകൾ കുടുംബ പ്രാർത്ഥനയിൽ അനുഷ്ഠാനപരമായിട്ട് വായിക്കുക മാത്രമല്ല, വ്യക്തിപരമായി വായിച്ചു ഒരുങ്ങി പ്രാർത്ഥന നയിക്കുന്ന ആൾ വചനം പങ്ക് വയ്ക്കുക
- എല്ലാവരും വചനത്തിലൂടെ പ്രാർത്ഥന സ്വയം പ്രേരിതമായി നടത്തുക
- ദിവ്യകാരുണ്യ സന്ദർശനം പ്രോത്സാഹിപ്പിക്കുക.
- സമയമെടുത്തു കുമ്പസാരിക്കുക, ശരിയായ ഒരുക്കത്തോടെ കുമ്പസാരം നടത്തുവാൻ ശ്രദ്ധിക്കുക.
- കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ അവയെക്കുറിച്ച് വ്യക്തമായ അവബോധം നൽകാൻ പരിശ്രമിക്കുക.





- എല്ലാ ദിവസവും സന്ധ്യാ പ്രാർത്ഥനയോടൊപ്പം വിശ്വാസ പ്രമാണം ചൊല്ലുക.
- വിവാഹത്തിനായി അണയുന്ന യുവതി യുവാക്കളുടെ വേദപാഠം കേൾക്കുന്നതിനോടൊപ്പം അവരുടെ മാതാപിതാക്കന്മാർക്കും വേണ്ട നിർദ്ദേശം നൽകുക
- വിമർശനങ്ങൾക്കു വിധേയമാകുന്ന വിധം നൊവേനകൾ, ഭക്താനുഷ്ഠാനങ്ങൾ, തിരുനാളുകൾ എന്നിവക്ക് അമിത പ്രാധാന്യവും വലിയ പരസ്യങ്ങളും നൽകുന്നത് ഒഴിവാക്കുക.
- ഞായറാഴ്ചകളിൽ വിശ്വാസികൾ ഇടവക ദേവാലയത്തിൽ തന്നെ വരണമെന്ന് നിഷ്കർഷിക്കുക.
- സ്കൂൾ പഠനത്തോടൊപ്പം മതബോധനത്തിനും ആത്മീയ കാര്യങ്ങൾക്കും വേണ്ട പ്രാധാന്യം കുട്ടികൾക്ക് ചെറുപ്പം മുതലേ നൽകുക.
- പഠനത്തിനും ജോലിക്കുമായി ഇടവക കൂട്ടായ്മയിൽ നിന്നും മാറി നിൽക്കുന്ന കുട്ടികൾ തങ്ങളായിരിക്കുന്ന സ്ഥലങ്ങളിൽ വി. ബലിയിൽ സംബന്ധിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പു വരുത്തുക.
- ആദ്യ വെള്ളിയാഴ്ചകളിൽ നമ്മുടെ സ്കൂളുകളിൽ കുട്ടികൾക്ക്, വി. കുർബാന, കുമ്പസാരം, ധ്യാനം എന്നിവക്ക് അവസരം ഒരുക്കുക.
- വിശ്വാസവർഷം സൗകര്യപ്രദമായ ദിവസം ഒരു റാസ കുർബ്ബാന എല്ലാ ദേവാലയങ്ങളിലും അർപ്പിക്കണം. ഇടവകയിലെ തിരുനാളിനോടനുബന്ധിച്ച് കൂടുതൽ അഭികാമ്യം.
- ഇടവകതലത്തിൽ കുട്ടികളുടെ ജപമാല സൈന്യം രൂപികരിക്കുക (കുട്ടികൾ ജപമാല ധരിക്കുക, യാത്രയിലും മറ്റും കൈയിൽ കൊന്ത ഉപയോഗിച്ച് ജപമാല ചൊല്ലുന്നത് പ്രോത്സാഹിപ്പിക്കുക)

ജ ജ ജ

# III. തിരുസഭ

ജനതകളുടെ പ്രകാശം (Lumen Gentium) എന്ന പേരിൽ അറിയപ്പെടുന്ന സഭയെപ്പറ്റിയുള്ള പ്രമാണ രേഖയാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏറ്റവും മികച്ച നേട്ടം. മറ്റു പ്രമാണ രേഖകളും ഡിക്രികളും പ്രഖ്യാപനങ്ങളുമെല്ലാം ഇതിനെ കേന്ദ്രമാക്കിയാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. വത്തിക്കാൻ സൂനഹദോസിന്റെ രേഖകളിൽ വച്ച് ഇത്രയധികം സമൂല പരിവർത്തനത്തിന് വിധേയമായ മറ്റൊരു രേഖയുമില്ല. 1962 ൽ ആദ്യ സെഷനിൽ അവതരിപ്പിച്ച സ്കേമ, ഒന്നും രണ്ടും സെഷനുകൾ ഇടക്കാലത്ത് മാറ്റി എഴുതുകയും രണ്ടാം സെഷനിലെ ചർച്ചകളുടെ വെളിച്ചത്തിൽ വീണ്ടും പുതുക്കി എഴുതുകയും മൂന്നാം സെഷന്റെ അവസാനം വീണ്ടും കുറേ ഭേദഗതികൾ കൂടി ചെയ്ത് 1964 നവംബർ 21-ാം തീയതി 5ന് എതിരെ 2151 വോട്ടോടു കൂടി സ്വീകരിക്കപ്പെടുകയും പോൾ ആറാമൻ മാർപാപ്പ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

### സഭ ക്രിസ്തുവിന്റെ ശരീരം

ദൃശ്യ ഘടകങ്ങൾക്കെല്ലാം അതീതമായ സഭയുടെ മൗതീക ഘടന എന്ന ആശയം അവതരിപ്പിച്ചു കൊണ്ടാണ് ഈ പ്രമാണ രേഖ ആരംഭിക്കുന്നത്. ക്രിസ്തുവിലൂടെ അഥവാ ക്രിസ്തുവിനോട് ഏകീകരിച്ചിരിക്കുന്ന സഭയിലൂടെ ദൈവം വിശ്വാസികളുടെ ഇടയിൽ സന്നിഹിതനാകുന്നു. സഭയെന്നു പറയുന്നത് ഒരു കൂട്ടായ്മയാണ്. അത് ഒരു നൈയാമിക സംഘമോ സംഘടനയോ അല്ല, പ്രത്യുത ഒരു പരിശുദ്ധ ജനമായി സമ്മേളിക്കുന്ന നിരവധിയാളുകൾ പങ്കു പറ്റുന്ന ദൈവത്തിന്റെ ദാനമാണ്.

വിശ്വാസം, ശരണം, ഉപവി, കൂദാശകൾ, ശുശ്രൂഷകൾ എന്നിങ്ങനെയുള്ള ദാനങ്ങൾ മനുഷ്യ വ്യക്തികളെ ഈ ഐക്യത്തിൽ എത്തിക്കുകയും സഹോദരന്മാരാക്കിത്തീർക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാരൂപിയുമായുള്ള ഐക്യത്തിന്റെ രഹസ്യത്തിൽ സഭ അലിഞ്ഞു ചേരുന്നു.

പഴയ ഉടമ്പടിയിൽ ദൈവരാജ്യം പലവിധ ഉപമകളിലൂടെ അവതരിക്കപ്പെട്ടിരിക്കുന്നതുപോലെ വിവിധ പ്രതിരൂപങ്ങളിലൂടെ സഭയുടെ ആന്തരിക സ്വഭാവം അവതരിക്കപ്പെട്ടിരിക്കുന്നു. സഭയെ





ഒരു അജഗേഹവും, ദൈവത്തിന്റെ കൃഷി ഭൂമിയും, ദൈവഭവനവും ഇതിലെല്ലാമുപരിയായി സഭ ക്രിസ്തുവിന്റെ മൗതിക ശരീരവും എന്ന വെളിപ്പെടുത്തലാണ് പ്രമാണരേഖ അവതരിപ്പിക്കുന്നത്. പലതെങ്കിലും മനുഷ്യശരീരത്തിലെ എല്ലാ അവയവങ്ങളും ചേർന്ന് ഒരു ശരീരത്തിന് രൂപം കൊടുക്കുന്നതു പോലെ വിശ്വാസികൾ ക്രിസ്തുവിൽ ഒരു ശരീരമായി തീരുന്നു.

സഭക്ക് അദൃശ്യ ഘടകത്തിന് പുറമേ ദൃശ്യ ഘടകം കൂടിയുണ്ട്. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയുടെ ആകെത്തുകയായ സഭയെ ദൃശ്യഘടനയോടെയാണ് അവിടുന്ന് പടുത്തുയർത്തിയത്. സകല മനുഷ്യരും അവിടുത്തെ സത്യവും പ്രസാദവരവും സ്വീകരിക്കുന്നത് ഈദൃശ്യ സഭയിലൂടെയാണ്. സംഘടിതമായ ഒരു ഹയരാർക്കിയോടു കൂടിയതാണ് സഭ. അതേ സമയം ക്രിസ്തുനാഥന്റെ വിശുദ്ധ ശരീരവുമാണിത്. ദൃശ്യവും അതേസമയം ആത്മീകവുമാണ്. ദൈവീകവും മാനുഷീകവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു സങ്കീർണ്ണ യാഥാർത്ഥ്യമാണിത്.

ഏകവും പരിശുദ്ധവും സാർവ്വത്രീകവും ശ്ലൈഹീകവുമെന്ന് വിശ്വാസ പ്രമാണത്തിൽ നാം ഏറ്റുപറയുന്ന സഭ, ഉത്ഥാനത്തിന് ശേഷം നമ്മുടെ ദിവ്യരക്ഷകൻ മേയ്ക്കാനായി പത്രോസിനെ ഏൽപ്പിച്ച സഭ, പ്രചരിപ്പിക്കാനും ഭരിക്കാനും വേണ്ടി വി. പത്രോസിനെയും മറ്റ് ശിഷ്യൻമാരെയും ഏൽപ്പിച്ച സഭ, നിത്യ കാലത്തേക്ക് അവിടുന്ന് പടുത്തുയർത്തിയ സഭ- ഇതാണ് ക്രിസ്തുവിന്റെ ഏക സഭ എന്ന് പ്രഖ്യാപിക്കുമ്പോൾ റോമ മെത്രാനും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാൻമാരും ചേർന്ന് ഭരിക്കുന്ന കത്തോലിക്കാ സഭയ്ക്ക് ക്രിസ്തുവിനോടുള്ള ബന്ധമാണ് ഉറപ്പിച്ചു പ്രഖ്യാപിക്കുന്നത്. ക്രിസ്തുവിന്റെ സഭ അതിന്റെ നൈയാമിക പൂർണ്ണതയിൽ ദൃശ്യമാകുന്നത് കത്തോലിക്ക സഭയിലാണെന്ന് കൗൺസിൽ പിതാക്കൻമാർ നമ്മെ പഠിപ്പിക്കുന്നു.

പത്രോസിന്റെ പിൻഗാമിയും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാൻമാരും ചേർന്ന് നയിക്കുന്ന ഈ സഭയുടെ ദൃശ്യമണ്ഡലത്തിന് പുറത്തും സത്യത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ധാരാളം ഘടകങ്ങൾ കാണപ്പെടുന്നുണ്ട്. എങ്കിലും അവ വാസ്തവത്തിൽ ക്രിസ്തുവിന്റെ സഭയുടെ

ഉടമസ്ഥതയിൽപ്പെട്ട വരങ്ങളാണ്. ക്രിസ്തുനാഥൻ ദാരിദ്ര്യത്തിന്റെയും സഹനത്തിന്റെയും മാർഗ്ഗത്തിലൂടെയാണ് രക്ഷാകർമ്മം പൂർത്തിയാക്കിയത് എന്ന് പറഞ്ഞുകൊണ്ട് തിരുസഭ ശുശ്രൂഷിക്കപ്പെടാനല്ല, ക്രിസ്തുവിനെപ്പോലെ ശുശ്രൂഷിക്കാനാണ് യത്നിക്കേണ്ടത് എന്ന് ദൈവജനത്തെ ഓർമ്മിപ്പിക്കുന്നു.

**സഭ ദൈവജനം**

പഴയ ഉടമ്പടിയിൽ ദൈവജനമായിരുന്നത് ഇസ്രായേൽ ജനതയാണ്. ദൈവത്തിന്റെ (യാഹ്‌വേ) പ്രത്യേക കാരുണ്യത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമാണവർ. അവിശ്വാസികളുടെ ഇടയിൽ ദൈവവിശ്വാസം പുലർത്തുവാനും അവർക്ക് ഒരു അടയാളമായിരിക്കുവാനും വേണ്ടിയാണ് ഇവരെ യാഹ്‌വേ തിരഞ്ഞെടുത്തിരിക്കുന്നത്. അതുപോലെ പുതിയ ഉടമ്പടിയിൽ ക്രിസ്തു ഒരു ജനത്തെ തിരഞ്ഞെടുത്തു - തിരുസഭ. അവൾ പുതിയ ഇസ്രായേലും പുതിയ ദൈവജനവുമാണ്. 'ദൈവജനം' എന്ന സംജ്ഞയിൽ മാമ്മോദീസ സ്വീകരിച്ചവരെല്ലാം ഉൾപ്പെടുന്നുണ്ട്. മാമ്മോദീസ വഴി ദൈവജനത്തിന്റെ അംഗങ്ങളായിത്തീരുന്നവരെല്ലാം ഒരേ കുടുംബത്തിന്റെ അംഗങ്ങളും പരസ്പരം സഹോദരങ്ങളുമാണ്. ദൈവത്തിന്റെ പുതിയ ജനത്തിൽ ഉൾപ്പെടുവാനുള്ള ആഹ്വാനം എല്ലാവർക്കുമുണ്ട്. ഈ ജനം അതിന്റേതായ വ്യതിരക്തത പാലിച്ചുകൊണ്ട് ലോകം മുഴുവൻ വ്യാപിക്കേണ്ടിയിരിക്കുന്നു. ഭൂമിയിലെ എല്ലാ ജനപഥങ്ങളിൽ നിന്നും ദൈവജനത്തിലേക്ക് ആളുകൾ സ്വീകരിക്കപ്പെടുന്നു. അങ്ങനെ ദൈവജനം എല്ലാ ആളുകളിലുമായി സ്ഥിതി ചെയ്യുന്നു. അത് എല്ലാ ജനതകളിൽ നിന്നും പൗരന്മാരെ സ്വീകരിച്ചു കൊണ്ട് അവരെ ഭൗമീക പ്രകൃതിക്കു പകരം സ്വർഗ്ഗീയ പ്രകൃതിയോടുകൂടിയ ദൈവരാജ്യത്തിലെ പൗരന്മാരാക്കി തീർക്കുന്നു. ലോകം മുഴുവൻ ചിതറിക്കിടക്കുന്ന വിശ്വാസികൾ പരിശുദ്ധാത്മാവിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

**സഭയിലൂടെ നിത്യരക്ഷ**

നിത്യരക്ഷയ്ക്ക് ക്രിസ്തുവിന്റെ സഭ (കത്തോലിക്ക സഭ) അത്യാവശ്യമാണെന്ന് വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും അടിസ്ഥാനമാക്കി സൂനഹദോസ് പഠിപ്പിക്കുന്നു. കാരണം ഒരു മദ്ധ്യസ്ഥനേയുള്ളൂ, രക്ഷയുടെ വഴിയും ഒന്നു മാത്രം, അതാണ്





ക്രിസ്തു. അവിടുന്ന് സഭയാകുന്ന തന്റെ ശരീരത്തിലൂടെ നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. അവിടുന്ന് തന്നെ സ്പഷ്ടമായ വാക്കുകളിലൂടെ വിശ്വാസത്തിന്റെയും ജ്ഞാനസ്നാനത്തിന്റെയും ആവശ്യകത വ്യക്തമാക്കിയതോടുകൂടെ തന്നെ (മർക്കോ 16:16, യോഹ 3:5) തിരുസഭയുടെ ആവശ്യകതയും സ്ഥിതീകരിച്ചിട്ടുണ്ട്. ഒരു കവാടത്തിലൂടെയെന്ന പോലെ മാമ്മോദീസ വഴി മനുഷ്യൻ ഇതിലെ അംഗങ്ങളാകുന്നു. അതുകൊണ്ട് തിരുസഭയെ രക്ഷക്കുള്ള അവശ്യ ഘടകമായി ക്രിസ്തു വഴി ദൈവം സ്ഥാപിച്ചിരിക്കുന്നു എന്ന പരമാർത്ഥം മനസ്സിലാക്കിയിട്ടും അതിൽ പ്രവേശിക്കുകയോ അതിൽ നിലനിൽക്കുകയോ ചെയ്യാത്ത മനുഷ്യനും നിഷേധിക്കുകയും ചെയ്യു ന്നവൻ രക്ഷ പ്രാപിക്കുകയില്ല.

പൂർണ്ണമായ വിധത്തിൽ സഭയുടെ അംഗങ്ങളാകുന്നവരുടെ ലക്ഷണങ്ങളിവയാണ്, അവർക്ക് ക്രിസ്തുവിന്റെ ചൈതന്യം ഉണ്ടായിരിണം, സഭയുടെ സകല നിബന്ധനകളും നിത്യരക്ഷക്കായി അതിൽ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗങ്ങളും സ്വീകരിക്കണം. അവളുടെ ദൃശ്യഘടന വഴി ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കണം, മാർപാപ്പമാരും മെത്രാൻമാരും വഴി സഭയെ ഭരിക്കുന്നത് അവിടുന്നാണ് എന്ന കാര്യം അംഗീകരിക്കണം, സ്നേഹത്തിൽ നിലനിൽക്കാത്തവരും സഭയുടെ മടിത്തട്ടിൽ 'ആന്തരീകമായി' നിവസിക്കാതെ ബാഹ്യമാത്രമായി കഴിഞ്ഞു കൂടുന്നവരും സഭയുടെ അംഗങ്ങളായതു കൊണ്ടു മാത്രം രക്ഷ പ്രാപിക്കുകയില്ല.

കത്തോലിക്കർ മാത്രം പൂർണ്ണമായി സഭയോടു ചേർക്കപ്പെടുന്നു എന്ന് സൂനഹദോസ് വ്യക്തമാക്കുമ്പോഴും മാമ്മോദീസ വഴി ഒരുവൻ ക്രിസ്തുവിന്റെ സഭയിലെ അംഗമാകുന്നു എന്നതിനാൽ അകത്തോലിക്കരുടെ സഭയിലുള്ള അംഗത്വത്തെ നിഷേധിക്കാതെ അപൂർണ്ണ അംഗത്വമായാണ് അതിനെ വിശേഷിപ്പിക്കുന്നത്. കൂദാശകൾ, സഭാധികാരത്തോടുള്ള ഐക്യം, അനുസരണം ഇവയാണ് സഭയിലെ അംഗത്വത്തെ പൂർണ്ണമാക്കുന്നത്. ആ നിലയിൽ കത്തോലിക്കർക്കാണ് പൂർണ്ണമായ അംഗത്വമുള്ളത്. ജ്ഞാനസ്നാനത്താൽ അടയാളപ്പെടുത്തുകയും മറ്റു കൂദാശകൾ അംഗീകരിച്ച് സ്വീകരിക്കുകയും ചെയ്യുന്ന അകത്തോലിക്കരായ പല

വിശ്വാസ സമൂഹങ്ങളും മെത്രാഭിഷേകവും പരിശുദ്ധകുർബാന പരികർമ്മം ചെയ്യുന്നവരും കന്യകയായ ദൈവമാതാവിനോട് ഭക്തി പുലർത്തുന്നവരുമാണ്.

ക്രിസ്തുവിന്റെ സുവിശേഷം അറിയാത്ത അക്രൈസ്തവരിലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നുണ്ടെന്ന് കൗൺസിൽ പ്രഖ്യാപിക്കുന്നു. വി. ഗ്രന്ഥത്തിലെ ദൈവാവിഷ്ക്കരണം അറിയാത്തവരും ദൈവത്തെ അന്വേഷിക്കുന്നവരും തങ്ങളുടെ അന്ത:കരണത്തിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുന്ന പക്ഷം ക്രിസ്തുവിന്റെ കൃപാവരം വഴി രക്ഷ പ്രാപിക്കുമെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. സ്വന്തം കുറ്റം കൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയേയും അറിയാതിരിക്കുകയും അതേ സമയം ആത്മാർത്ഥ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റ പ്രചോദനങ്ങൾക്ക് അനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം.

**ശുശ്രൂഷിക്കുവാനുള്ള അധികാരം**

പ്രമാണരേഖയിലെ മൂന്നാം അദ്ധ്യായം സഭയിലെ അഭിഷിക്തരുടെ അധികാരത്തെ ശുശ്രൂഷയായി വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. ദൈവം യേശുക്രിസ്തുവിനെ അയച്ചതു പോലെ നിത്യ ഇടയനായ ക്രിസ്തു തന്റെ ശിഷ്യൻമാരായ ശ്ലീഹൻമാരെ അയച്ച് പരിശുദ്ധ സഭ സ്ഥാപിച്ചു. ശ്ലീഹന്മാരുടെ പിൻഗാമികൾ അതായത് മെത്രാന്മാർ സമയത്തിന്റെ സമാപ്തി വരെ തന്റെ സഭയിൽ ഇടയന്മാരായിരിക്കണമെന്ന് അവിടുന്ന് തിരുമനസ്സായി. മെത്രാൻ സ്ഥാനം ഏകവും അവിഭാജ്യവുമായിരിക്കുവാൻ മറ്റു ശ്ലീഹന്മാരുടെ അദ്ധ്യക്ഷനായി വി. പത്രോസിനെ പ്രതിഷ്ഠിച്ചു. മെത്രാഭിഷേകത്തിന്റെ കൗദാശികത്വം മെത്രാന്മാരുടെ കൂട്ടുത്തരവാദിത്വം എന്നിവയും ഈ അദ്ധ്യായത്തിൽ വിശദമാക്കിയിരിക്കുന്നു.

**അൽമായർ**

സഭാ ശുശ്രൂഷികളുടെ ധർമ്മങ്ങളെപ്പറ്റി വിശദമായി അവതരിപ്പിച്ചതിനു ശേഷം പരിശുദ്ധ സൂനഹദോസ് അൽമായ





വിശ്വാസികളുടെ ജീവിത സ്ഥിതിയിലേക്ക് ശ്രദ്ധ തിരിക്കുകയാണ്. തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സഭാസമൂഹങ്ങളിൽപ്പെടാത്തവരോ ജ്ഞാനസ്നാനം വഴി ദൈവജനമായിത്തീർന്നവരുമായ എല്ലാ വിശ്വാസികളെയുമാണ് അൽമായർ എന്ന നാമത്തിൽ വിവക്ഷിക്കുന്നത്. മാമ്മോദീസ വഴി അവർ ക്രിസ്തുവിനോട് ചേർന്ന് ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപം കൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു. ക്രിസ്തീയ ജനം മുഴുവന്റെയും സഭയിലും ലോകത്തിലുമുള്ള ദൗത്യം തങ്ങളാലാകുന്ന പോലെ അവരും നിർവ്വഹിക്കുന്നു. ലോകത്തോട് ബന്ധപ്പെട്ടു ജീവിക്കുന്നു എന്നതാണ് അൽമായരുടെ പ്രത്യേകത. സഭ മുഴുവന്റെയും ക്ഷേമത്തിനായി അൽമായർ ചെയ്യുന്ന വലിയ സേവനത്തെ എടുത്തു കാണിക്കുകയും അവരുടെ ദൗത്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**അൽമായ പ്രേഷിതത്വം**

സഭയുടെ രക്ഷാകര ദൗത്യത്തിലുള്ള ഭാഗഭാഗിത്വമാണ് അൽമായരുടെ പ്രേഷിതത്വം. എല്ലാവരെയും മാമ്മോദീസായും സ്ഥൈര്യലേപനവും വഴി ഈ പ്രേഷിതത്വത്തിനായി നിയോഗിച്ചിരിക്കുന്നത് നമ്മുടെ കർത്താവു തന്നെയാണ്. ചില സ്ഥലങ്ങളിൽ സഭക്ക് ഭൂമിയുടെ ഉപ്പായി പ്രവർത്തിക്കാൻ അൽമായരിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഇത്തരം സ്ഥലങ്ങളിലും സാഹചര്യങ്ങളിലും സഭക്കു പ്രവേശനം ലഭിക്കുവാനും പ്രവർത്തിക്കാനും അവസരം ഉണ്ടാക്കാൻ അൽമായർ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ഓരോ അൽമായനും താൻ സ്വീകരിച്ചിരിക്കുന്ന ദാനങ്ങൾ ഉപയോഗിച്ചും ക്രിസ്തുവിന്റെ ദാനങ്ങളുടെ അളവനുസരിച്ചും സഭയുടെ ദൗത്യത്തിന് ഒരു സാക്ഷിയും സജീവമായ ഉപകരണവുമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

എല്ലാ വിശ്വാസികളെയും പൊതുവായി സ്പർശിക്കുന്ന ഈ പ്രേഷിതത്വത്തിനു പുറമേ നാനാ വിധത്തിൽ ഹയരാർക്കിയുടെ

പ്രേഷിതത്വത്തിൽ നേരിട്ടു സഹകരിക്കാൻ അൽമായർ വിളിക്കപ്പെടാം. കൂടാതെ ആത്മീയ ലക്ഷ്യപ്രാപ്തിക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സഭാ സംബന്ധമായ ഏതെങ്കിലും ജോലി നിർവ്വഹിക്കുവാൻ ഹയരാർക്കിയാൽ നിയമിക്കപ്പെടുന്നതിന് അൽമായർ യോഗ്യരാണ്. അതുകൊണ്ട് രക്ഷയുടെ ദൈവീക പദ്ധതി എല്ലാക്കാലത്തും എല്ലാ സമയത്തും ഉള്ള എല്ലാ മനുഷ്യരിലേക്കും കൂടുതൽ കൂടുതൽ വ്യാപിപ്പിക്കുക എന്ന ആ മഹനീയ ധർമ്മം അൽമായർക്കുണ്ട്. അവരുടെ കഴിവുകളും കാലത്തിന്റെ ആവശ്യങ്ങളുമനുസരിച്ച് സഭയുടെ രക്ഷാകര കൃത്യത്തിൽ തീഷ്ണതയോടെ പങ്കെടുക്കാൻ വേണ്ട മാർഗ്ഗങ്ങളെല്ലാം അവർക്കുണ്ടായിരിക്കണം.

**ക്രിസ്തീയ ജീവിതം - വിശുദ്ധിയിലേക്കുള്ള വിളി**

സഭയിൽ എല്ലാവരും ഒരേപാതയിലൂടെയല്ല ചരിക്കുന്നതെങ്കിലും എല്ലാവരും വിശുദ്ധി പ്രാപിക്കുന്നതിനായി വിളിക്കപ്പെട്ടവരാണ്. ദൈവനീതിയാൽ വിശ്വാസത്തിൽ എല്ലാവരും തുല്യ യോഗ്യതയുള്ളവരാണ്. ക്രിതുവിന്റെ അഭീഷ്ടാനുസരണം ചിലരെ മറ്റുള്ളവർക്കു വേണ്ടി ഉപദേഷ്ഠാക്കളായും ദിവ്യ രഹസ്യങ്ങളുടെ വിതരണക്കാരായും അജപാലകരായും നിയമിച്ചിരിക്കുന്നു. എങ്കിലും എല്ലാവരും തുല്യ മാഹാത്മ്യമുള്ളവരാണ്. ക്രിസ്തുവിന്റെ ശരീരത്തെ കരുപ്പിടിപ്പിക്കുക എന്ന ചുമതലയിൽ എല്ലാ വിശ്വാസികളും സമന്മാരാണ്. അജപാലകന്മാരും മറ്റു വിശ്വാസികളും പൊതുവായ ആവശ്യങ്ങൾ മൂലം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അജപാലകർ കർത്താവിന്റെ മാതൃകയനുസരിച്ച് തമ്മിൽ തമ്മിലും മറ്റ് വിശ്വാസികൾക്കും ശുശ്രൂഷകരായിരിക്കണം. എന്നാൽ വിശ്വാസികളാകട്ടെ അജപാലകരോടും മറ്റ് പ്രബോധകരോടും സർവ്വാത്മനാ സഹകരിക്കുകയും വേണം. അങ്ങനെ എല്ലാവരും വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിന്റെ ശരീരത്തിലുള്ള അത്ഭുതകരമായ ഐക്യത്തിനു സാക്ഷ്യം വഹിക്കേണ്ടതാണ്.

തിരുസഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. എല്ലാ പൂർണ്ണതയുടെയും ദിവ്യഗുരുവും മാതൃകയുമായ ക്രിസ്തുനാഥൻ തന്റെ എല്ലാ ശിഷ്യന്മാരെയും അവരുടെ ജീവിതാവസ്ഥ പരിഗണിക്കാതെ തന്റെ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണരാകാൻ ഉപദേശിച്ചു





കൊണ്ട് ജീവിത വിശുദ്ധിയിലേക്ക് ആഹ്വാനം ചെയ്തു. ഏതു ജീവിതാന്തസിലും പരിസ്ഥിതികളിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാരും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത സ്പഷ്ടമാണ്.

ക്രിസ്തു വീണ്ടെടുത്ത അജഗണത്തിന്റെ ഇടയന്മാരായ മെത്രാന്മാർ നമ്മുടെ ആത്മാക്കളുടെ സംരക്ഷകനും ഇടയനുമായ നിത്യപുരോഹിതന്റെ മാതൃകയനുസരിച്ച് എല്ലാറ്റിനും ഉപരിയായി വിശുദ്ധി, ജാഗ്രത, വിനയം, ധൈര്യം എന്നിവ പാലിച്ചുകൊണ്ട് തങ്ങളുടെ ധർമ്മം നിർവ്വഹിക്കണം. അങ്ങനെ അവർ ഈ ശുശ്രൂഷയെ തങ്ങളുടെ സ്വന്തം വിശുദ്ധീകരണത്തിനും ഒരു മാർഗ്ഗമാക്കി തീർക്കേണ്ടതാണ്.

മെത്രാന്മാരെപ്പോലെ വൈദികരും തങ്ങളുടെ അനുദിന കർത്തവ്യങ്ങളുടെ നിർവ്വഹണം വഴി ദൈവ സ്നേഹത്തിലും സഹോദര സ്നേഹത്തിലും വർത്തിക്കണം. മറ്റ് വൈദീകരോടുള്ള ഗാഢമായ ഐക്യം അവർ പുലർത്തുകയും ആദ്ധ്യാത്മിക നന്മകളിലെല്ലാം മികച്ചവരായിരുന്നുകൊണ്ട് എല്ലാവരുടെയും മുമ്പിൽ ദൈവത്തിന് സജീവ സാക്ഷ്യം നൽകുകയും വേണം. എല്ലാ വൈദീകരും പ്രത്യേകിച്ച് രൂപതാ വൈദീകർ തങ്ങളുടെ പൗരോഹിത്യ പദത്തിനനുസരണം മെത്രാനോടുള്ള വിശ്വസ്തതാ പൂർവ്വമായ യോജിപ്പും ഉദാരമായ സഹകരണവും സ്വന്ത വിശുദ്ധിക്ക് എത്രമാത്രം ഉപകാരപ്രദമാണെന്ന് ഗ്രഹിച്ചിരിക്കണം.

ക്രൈസ്തവ ദമ്പതിമാരും മാതാപിതാക്കന്മാരും വിശ്വസ്ത സ്നേഹത്തിലും പ്രസാദവരത്തിലും ആയുഷ്ക്കാലം മുഴുവൻ നിലനിൽക്കാൻ പരസ്പരം സഹായിച്ചുകൊണ്ട് വിശുദ്ധിയിലേക്കുള്ള അവരുടേതായ മാർഗ്ഗത്തിലൂടെ ചരിക്കണം. സന്താനങ്ങളെ ദൈവത്തിൽ നിന്നുള്ള ദാനമായി സ്നേഹത്തോടെ സ്വീകരിച്ച് ക്രിസ്തീയ പ്രബോധനങ്ങളെ സുവിശേഷ സുകൃതങ്ങളും കൊണ്ട് പൂരിതരാക്കണം. അങ്ങനെ അനശ്വരവും ആത്മാർത്ഥവുമായ സ്നേഹത്തിന്റെ മാതൃക നൽകാനും ഈ സ്നേഹത്തിലധിഷ്ഠിതമായ സാഹോദര്യബന്ധം കെട്ടിപ്പടുക്കാനും തിരുസഭാമാതാവിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് സാക്ഷികളും സഹപ്രവർത്ത

കരുമാകാൻ അവർക്ക് സാധിക്കേണ്ടതാണ്.

ദാരിദ്ര്യം, അനാരോഗ്യം, രോഗം മറ്റ് പലവിധ കഷ്ടതകൾ എന്നിവയാൽ ഞെരുക്കപ്പെടുന്നവരും നീതിക്കു വേണ്ടി മർദ്ദനം അനുഭവിക്കുന്നവരും മനസ്സിലാക്കണം ലോകരക്ഷക്കു വേണ്ടി സഹിച്ച ക്രിസ്തുവിനോട് സവിശേഷമായ വിധത്തിൽ തങ്ങൾ അനുരൂപപ്പെടുകയാണെന്ന്. സൗഭാഗ്യവാൻമാർ എന്നാണ് അവരെ കർത്താവ് സുവിശേഷത്തിൽ വിളിച്ചിരിക്കുന്നത്. എല്ലാ പ്രസാദവരങ്ങളുടെയും ദൈവം, യേശുക്രിസ്തുവിൽ നിത്യ മഹത്വത്തിലേക്ക് നമ്മെ ക്ഷണിച്ച ദൈവം, അൽപ സമയത്തെ സഹനത്തിനു ശേഷം നമ്മെ പരിപൂർണ്ണരാക്കി ശക്തിപ്പെടുത്തി ഉറപ്പിക്കും.

വിശ്വാസികൾ ഓരോരുത്തരും സ്വമേധയാ ദൈവവചനം കേൾക്കുകയും അവിടുത്തെ തിരുമനസ്സ് നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യണം. ഓരോരുത്തരും കൂടെക്കൂടെ കൂദാശകൾ സ്വീകരിക്കുകയും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും വേണം. പരിശുദ്ധ കുർബാനയ്ക്ക് ഇതിൽ പ്രഥമസ്ഥാനം നൽകേണ്ടതാണ്. പ്രാർത്ഥന, സ്വയം പരിത്യാഗം, സജീവമായ സഹോദരസേവനം, മറ്റ് സുകൃതാഭ്യാസങ്ങൾ എന്നിവയിൽ ഓരോരുത്തരും നിരന്തരം ബദ്ധശ്രദ്ധരായിരിക്കട്ടെ.

സഭയെ കാലത്തിനൊത്ത് നവീകരിക്കണം എന്ന ലക്ഷ്യത്തോടെ വിളിച്ചു കൂട്ടിയ രണ്ടാം വത്തിക്കാൻ കൗൺസിൽ സഭാ വിജ്ഞാനീയത്തിൽ ഏറെ സംഭാവനകൾ നൽകിയ പ്രമാണ രേഖയാണിത്. സഭ എന്താണെന്നും എന്തിനു വേണ്ടിയാണെന്നും എങ്ങനെയാണ് അവൾ ദൗത്യം ഈലോകത്തിൽ നിറവേറ്റേണ്ടതെന്നുമൊക്കെ വ്യക്തമായി നിർവ്വചിക്കാൻ കൗൺസിൽ പിതാക്കന്മാർക്ക് കഴിഞ്ഞു. സഭ ക്രിസ്തുവിന്റെ മൗതീക ശരീരവും ദൈവജനത്തിന്റെ കൂട്ടായ്മയുമാണെന്നുള്ള തിരിച്ചറിവ് സഭാ പ്രബോധനങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ട് സഭാതനയർ ഓരോരുത്തരും തങ്ങളുടെ ജീവിതാന്തസിനനുസരിച്ച് ജീവിച്ചു കൊണ്ട് ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യത്തിലേക്ക് നമ്മെ നയിക്കേണ്ടിയിരിക്കുന്നു.





## ചർച്ച ചെയ്യുക

1. ഇടവകയിലെ ഓരോ സംഘടനകളുടെയും പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് വിശകലനം ചെയ്യുക.
2. മറ്റ് മതസ്ഥരോട് നാം പുലർത്തേണ്ടതും പുലർത്തുന്നതുമായ മനോഭാവം ചർച്ച ചെയ്യുക. പ്രായോഗിക പദ്ധതികൾ നിർദ്ദേശിക്കുക
3. സഭയെക്കുറിച്ചുള്ള ദൈവജനത്തിന്റെ കാഴ്ചപ്പാട് ചർച്ച ചെയ്യുക.

## പ്രായോഗിക നിർദ്ദേശങ്ങൾ

- ♦ വിശ്വാസപരിശീലനത്തിലൂടെ കുട്ടികൾക്കും മുതിർന്നവർക്കും സഭാകാഴ്ചപ്പാട് വളർത്തുക.
- ♦ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണെന്ന അവബോധം കൂടാര യോഗങ്ങളിലൂടെ നൽകുക.
- ♦ കൗദാശിക ജീവിതം വളരെ പ്രധാനപ്പെട്ടതാണെന്ന ബോധ്യം നൽകുക.
- ♦ ഇടവകയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- ♦ അൽമായർ സഭയുടെ മുഖ്യധാരയിലേക്ക് കടന്നു വരുവാൻ അവസരം നൽകുക.
- ♦ അൽമായർ സഭാകാഴ്ചപ്പാടും ക്രൈസ്തവ ദർശനവും ശരിയായി പഠിക്കുക.
- ♦ സഭാ സമുദായ ബന്ധങ്ങൾ ആശയപരമായി ആഴപ്പെടുന്ന പഠനങ്ങളും ചർച്ചകളും നടത്തുക.
- ♦ വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികൾക്കായി സഭാ പ്രബോധനത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നതിനായി ക്വിസ് മത്സരം സംഘടിപ്പിക്കുക.
- ♦ തൂവാനിസായിൽ എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നരം 7 മണി മുതൽ രാത്രി 1 മണി വരെ ഓരോ ഇടവകകൾക്കായി നൽകപ്പെട്ടിരിക്കുന്ന ജാഗരണ പ്രാർത്ഥന, സഭാ പ്രബോധനങ്ങൾ, വചനശുശ്രൂഷ എന്നിവയിൽ പങ്കെടുക്കുക.
- ♦ തൂവാനിസയിൽ ഒക്ടോബർ മുതൽ രണ്ടാം ശനിയാഴ്ചക്ക് മുമ്പുള്ള വെള്ളിയാഴ്ച വൈകിട്ട് മുതൽ ചൊവ്വാവ്ച വൈകിട്ട് അവസാനിക്കുന്ന വിശ്വാസ പ്രബോധന ആത്മാഭിഷേക ധ്യാനത്തിൽ ഇടവക പ്രതിനിധികളെ പങ്കെടുപ്പിക്കുക.
- ♦ വിശ്വാസവർഷത്തിൽ മതാദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക
- ♦ വിശ്വാസവർഷം വിശ്വാസ പരിശീലനത്തിൽ സഹായികളായിരുന്ന സീനിയർ അദ്ധ്യാപകരെ ആദരിക്കുക.

# IV. ദൈവാവിഷ്ക്കരണം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഹൃദയം എന്ന് വിശേഷിപ്പിക്കാവുന്ന പ്രമാണരേഖയാണ് ദൈവാവിഷ്ക്കരണം (Dei Verbum). ദൈവീക വെളിപാടിനെയും അതിന്റെ കൈമാറ്റത്തെയും കുറിച്ച് പ്രതിപാദിക്കുന്ന ഈ രേഖ വി. ഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയും ലഭിച്ച ദൈവീക വെളിപാടിനെക്കുറിച്ചുള്ള പഠനം അരക്കിട്ടുറപ്പിച്ചതാണ്. ഈ രേഖ ബൈബിളും പാരമ്പര്യങ്ങളും, വചന പ്രഘോഷണത്തിന്റെ പ്രാധാന്യം, ആധുനിക ബൈബിൾ വ്യാഖ്യാനങ്ങൾ, ദൈവനിവേശിതം, വി.ഗ്രന്ഥ പാരായണം, പ്രോത്സാഹനം എന്നിവ പ്രതിപാദിക്കുന്നു.

**ബൈബിൾ**

ശ്ലൈഹിക പ്രബോധനത്തിലൂടെ വചനം സ്വീകരിച്ച് പങ്കുവച്ച് വളരുന്ന സമൂഹമായിട്ടാണ് ആദിമ സഭയെ നാം മനസിലാക്കുന്നത്. ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ നാം ദർശിക്കുന്നു. ദൈവവചനമായ ബൈബിൾ ശരിയായി മനസിലാക്കണമെങ്കിൽ വിശുദ്ധ പാരമ്പര്യത്തെപ്പറ്റിയും നമുക്ക് അറിവുണ്ടായിരിക്കണം.

**ബൈബിളും പാരമ്പര്യവും**

വി.ഗ്രന്ഥവും വി. പാരമ്പര്യവും തമ്മിലുള്ള അഭേദ്യമായ ബന്ധം അടിസ്ഥാനപരമായ വസ്തുതയാണ്. ബൈബിളിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുന്നത്. ദൈവം ചില വ്യക്തികളെ പ്രത്യേകം തിരഞ്ഞെടുത്ത് ദൈവീക സത്യങ്ങൾ അവർക്കു വെളിപ്പെടുത്തി. അവർ അവയെല്ലാം എഴുതി പ്രസിദ്ധീകരിച്ചതാണ് ബൈബിൾ. ബൈബിൾ പഴയനിയമവും പുതിയ നിയമവും വിരചിതമായത് ഏകദേശം ബി.സി 1200 എ.ഡി 100 വർഷങ്ങൾക്കിടയിലാണ്. ദൈവവചനം ലിഖിത രൂപത്തിലായ പ്രക്രിയയിൽ മൂന്നു ഘട്ടങ്ങൾ കാണാൻ കഴിയുന്നു. 1.) അനുഭവം 2) പ്രഘോഷണം 3) രചന

**1) അനുഭവം:** ദൈവീക വെളിപാടിലൂടെ ജനത്തിനു ലഭിച്ച ദൈവാനുഭവമാണ് ബൈബിളിന്റെ പ്രമേയം. വെറും ഭാവനാ നിർമ്മിതമായ കെട്ടുകഥകളിലല്ല ചരിത്രപരമായ സംഭവങ്ങളിലാണ് ഈ വെളിപാ





ടിന്റെ അടിസ്ഥാനം. ഇസ്രായേൽ ജനത്തിന്റെ പുറപ്പാട് അനുഭവം- വിമോചനം, മരുഭൂമിയാത്ര, സീനായ് ഉടമ്പടി-പഴയ നിയമത്തിന്റെ കാതലായി നിലകൊള്ളുന്നു. മിശിഹായിലേക്കു നയിക്കുന്ന ചരിത്രത്തിലധിഷ്ഠിതമായ ദൈവാനുഭവമായിട്ടു വേണം പുറപ്പാടു സംഭവത്തെ നാം വായിച്ചെടുക്കുവാൻ.

ദൈവം ഏറ്റവും നിർണ്ണായകമാം വിധം ചരിത്രത്തിൽ ഇടപെട്ടു സ്വയം വെളിപ്പെടുത്തിയത് മിശിഹാ സംഭവത്തിലൂടെയാണ്. ഈശോയുടെ ജനനം, ജീവിതം, പ്രവർത്തനങ്ങൾ, പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവ ഉൾക്കൊണ്ടതാണ് മിശിഹാ സംഭവം. ഈ സംഭവത്തിൽ പങ്കു ചേർന്ന് വിശ്വാസത്തിലേക്ക് കടന്നു വന്ന ജനതയ്ക്ക് ആഴമായ ദൈവാനുഭവം ലഭിച്ചു. അവർ മിശിഹായെ രക്ഷകനും നാഥനുമായി സ്വീകരിച്ച് അവിടുത്തെ പ്രബോധനങ്ങൾ പാലിക്കുന്ന ജീവിത ശൈലി സ്വന്തമാക്കി.

**2) പ്രഘോഷണം:** ദൈവജനം തങ്ങൾക്ക് ലഭിച്ച ദൈവാനുഭവം പിൻതലമുറകളോടു വിവരിച്ചു പറഞ്ഞു. മാതാപിതാക്കന്മാർ കുടുംബവേദിയിൽ മക്കളോടും പുരോഹിതന്മാർ ആരാധന കേന്ദ്രങ്ങളിൽ സമൂഹത്തോടും ഈ അനുഭവം പങ്കുവച്ചു. പെസഹ, പെന്തക്കുസ്ത, കൂടാരതിരുനാൾ തുടങ്ങിയ പ്രധാന തിരുനാളുകളെല്ലാം ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങൾ അനുസ്മരിച്ച് ആഘോഷിക്കുന്ന അവസരങ്ങളായിരുന്നു. ദൈവജനത്തിന്റെ ഈ അനുഭവത്തിലൂടെയാണ് ദൈവീക വെളിപാട് തലമുറകളിലേക്ക് കൈമാറ്റപ്പെട്ടത്. ഏറെക്കാലം കഴിഞ്ഞ് മാത്രമാണ് ഇവ ലിഖിത രൂപം പ്രാപിച്ചത്. പുതിയ ദൈവജനമായ സഭയിലും ഇതുതന്നെയാണ് സംഭവിച്ചത്.

അപ്പസ്തോലൻമാരിൽ നിന്നു ലഭിച്ച ഈ സജീവ പാരമ്പര്യമാണ് ദൈവീക വെളിപാടായി ആദിമസഭാ സമൂഹം സ്വീകരിച്ചതും വിവിധ രീതികളിൽ പ്രഘോഷിച്ചതും. സഭാ സമൂഹത്തിന്റെ ജീവിതാനുഭവം പങ്കു വയ്ക്കുന്ന വിശുദ്ധ പാരമ്പര്യത്തിൽ നിന്നാണ് പുതിയ നിയമം എഴുതപ്പെട്ടത്. അതിനാൽ സഭയെയും പാരമ്പര്യത്തെയും അവഗണിച്ചു കൊണ്ട് ബൈബിൾ പഠിക്കുവാനോ ദൈവീക വെളിപാടു സ്വീകരിക്കുവാനോ സാധ്യമല്ല. വി. ഗ്രന്ഥവും പാരമ്പര്യങ്ങളും സഭാവിശ്വാസത്തിന്റെ രണ്ട് സ്രോതസ്സുകളാണ്. ഒന്ന് മറ്റൊന്നിനെ പൂർണ്ണമാക്കുന്നു.

**3) രചന:** സുവിശേഷങ്ങളും ലേഖനങ്ങളും രചിക്കപ്പെടുന്നതിനു മുമ്പു സഭയും വിശ്വാസപൈതൃകവും ഉണ്ടായിരുന്നുവെന്നത് നമുക്ക് വ്യക്തമാണ്. ദൈവജനത്തിന്റെ വിശ്വാസ പാരമ്പര്യത്തിൽ ഉറച്ചു നിന്നുകൊണ്ട് ആ ജനത്തിനു വേണ്ടി ദൈവവചനം ലിഖിത രൂപത്തിലാക്കിയതാണ് ബൈബിളിലെ ഓരോ പുസ്തകവുമെന്ന് പൊതുവിൽ പറയാൻ കഴിയും. പുസ്തക രചിതാക്കളെല്ലാം ദൈവജനത്തിന്റെ ഭാഗമായിരുന്നു. പിന്നീട് ദൈവജനം ഈ പുസ്തകത്തെ ദൈവീക വെളിപാടായി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു.

സുവിശേഷങ്ങൾ നാലും ഓരേ മിശിഹാ സംഭവത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നതെങ്കിലും അവ രൂപമെടുത്ത സഭാസമൂഹങ്ങളുടെ പ്രത്യേകതകൾ വ്യക്തമായി നിഴലിക്കുന്നുണ്ട്. വി. ലൂക്കാ തനിക്ക് മുമ്പ് ഉണ്ടായിരുന്ന പല സഭാപാരമ്പര്യങ്ങളുമുപയോഗിച്ചാണ് തന്റെ സുവിശേഷം രചിച്ചതെന്ന് ആമുഖത്തിൽ പറയുന്നു(ലൂക്ക:1: 1-2).

**ശ്ലൈഹീക പിൻതുടർച്ച**

ശ്ലീഹന്മാരിലൂടെയാണ് വിശ്വാസ പൈതൃകം ആദിമസഭയിൽ കൈമാറപ്പെട്ടത്. ശ്ലൈഹിക പാരമ്പര്യമായി മാറിയ സുവിശേഷം അതിന്റെ പൂർണ്ണതയിൽ സജീവമായി സഭയിൽ സംരക്ഷിക്കുവാനും അനന്തര തലമുറകൾക്ക് കൈമാറുവാനും വേണ്ടി അപ്പസ്തോലന്മാർ തങ്ങളുടെ പിൻഗാമികളായി ശ്രേഷ്ഠന്മാരെ അഥവാ മെത്രാന്മാരെ നിയോഗിച്ചു(1 തിമോ4: 14,16, അപ്പ: 20: 2832). അവർക്ക് ശ്ലൈഹിക പ്രബോധനങ്ങൾ നൽകുന്നതിനുള്ള അധികാരം കൈമാറിക്കൊണ്ട് വിശ്വാസ പൈതൃകത്തിന്റെ ആധികാരിക പിന്തുടർച്ച ഉറപ്പു വരുത്തി (1 തിമോ 4: 11 - 13).

**വി. ഗ്രന്ഥം ദൈവനിവേശിതം**

ബൈബിളിന്റെ ദൈവനിവേശനം, അതിന്റെ സ്വഭാവം, ബൈബിൾ നിർമ്മിതിയിൽ ദൈവവും മനുഷ്യനും തമ്മിലുള്ള സഹകരണത്തിന്റെ മേഖലകൾ തുടങ്ങിയ അന്വേഷണങ്ങൾ പ്രസക്തങ്ങളാണ്. വി. ഗ്രന്ഥം ദൈവനിവേശിതമാണ് എന്നുള്ളത് വിശ്വാസ സത്യമാണ്. ഇസ്രായേൽ ജനത്തിന്റെയും ക്രൈസ്തവ സമൂഹത്തിന്റെയും പരമ്പരാഗത വിശ്വാസമാണിത്. പഴയ നിയമത്തിലും പുതിയ നിയമത്തിലും ഇതിനെ സാധൂകരിക്കുന്ന പ്രസ്താവനകൾ കാണാം.





പഴയ നിയമത്തിൽ മക്കബായരുടെ ഒന്നാം പുസ്തകം 12:9 ൽ പഴയനിയമ ഗ്രന്ഥങ്ങളെ വി. ഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നുണ്ട്. രാജാക്കന്മാരുടെ രണ്ടാം പുസ്തകം 23: 1-2 ൽ ഉടമ്പടിയുടെ പുസ്തകം എന്നാണ് വിശേഷണം നൽകുന്നത്. പഴയനിയമ ഗ്രന്ഥങ്ങളുടെ ആധികാരികതയും ദൈവികോത്ഭവവും അംഗീകരിക്കുന്ന 350ഓളം ഉദ്ധരണികൾ പുതിയ നിയമത്തിലുണ്ട്. ദൈവം വെളിപ്പെടുത്തുന്ന കാര്യങ്ങൾ എന്നു വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (വെളി 1: 1-3, 22: 7).

ഇങ്ങനെ ദൈവനിവേശിത പ്രക്രിയയിൽ ദൈവത്തിന്റെ ഇടപെടൽ, മനുഷ്യന്റെ പങ്ക് എന്നിവ മനസിലാക്കേണ്ടതാണ്. ഗ്രന്ഥകാരനായ മനുഷ്യന്റെ കഴിവുകളും സ്വഭാവ പ്രത്യേകതളും കണക്കിലെടുത്തു കൊണ്ടുള്ള നിവേശന പ്രക്രിയയാണ് നാം കാണുന്നത്. ദൈവനിവേശനത്തിന് അഞ്ചു പ്രധാനഫലങ്ങൾ ഉണ്ട്. 1) ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ 2) ഏകാന്തത 3) പൂർണ്ണത 4) കൗദാശികത്വം 5) പ്രമാദരാഹിത്യം എന്നിവയാണ് അവ. ഇവയെല്ലാം വി. ഗ്രന്ഥത്തിന്റെ അനന്യതയും മഹത്വവും വെളിപ്പെടുത്തുന്നുണ്ട്. ചുരുക്കത്തിൽ പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും ഗ്രന്ഥങ്ങളുടെ നിർമ്മാണ പ്രക്രിയയിൽ പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട എല്ലാ മനുഷ്യരെയും അവർ വഴിയായി നിർമ്മിതമായ ഗ്രന്ഥങ്ങൾ യഥാർത്ഥത്തിൽ ദൈവവചനമാണെന്നു പറയത്തക്കവിധം പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്ത ദൈവാത്മാവിന്റെ സവിശേഷമായ പ്രവർത്തനത്തെയാണ് 'ദൈവനിവേശനം' എന്ന പദംകൊണ്ട് നാം അർത്ഥമാക്കുന്നത്.

**കാനോനികത**

കാനൻ എന്ന ഗ്രീക്കു വാക്കിന് അളവ്, ചട്ടം, മാനദണ്ഡം എന്നൊക്കെയാണ് അർത്ഥമുള്ളത്. ദൈവം തന്റെ ഹിതം മനുഷ്യനു വെളിപ്പെടുത്തിയെങ്കിൽ എവിടെയാണ് ആ വെളിപ്പെടുത്തൽ നമുക്ക് ലഭ്യമാകുന്നതെന്ന് തീരുമാനിക്കപ്പെടേണ്ടതുണ്ട്. വെളിപ്പെടുത്തപ്പെട്ടവയെ വെളിപ്പെടുത്തപ്പെടാത്തവയിൽ നിന്നു വേർതിരിക്കുന്നതിനു വേണ്ടിയാണ് 'കാനാൻ' ആവശ്യമായിരിക്കുന്നത്. ഇപ്രകാരം നിശ്ചയിക്കുന്നതിനെയാണ് ബൈബിളിന്റെ കാനൻ എന്ന് പറയുന്നത്. സഭ ഔദ്യോഗികമായി ദൈവനിവേശിത ഗ്രന്ഥങ്ങൾ എന്നു നിജപ്പെടുത്തി അംഗീകരിക്കുന്നവയാണ് കാനനിൽ ഉൾപ്പെടുന്നത്.

**പഴയനിയമ കാനൻ:** പല നൂറ്റാണ്ടുകളിലൂടെ സാവധാനമാണ് പഴയ നിയമ കാനൻ രൂപം പ്രാപിച്ചത്. യഹൂദ ബൈബിളിൽ ബി.സി 2-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 46 പുസ്തകങ്ങൾ ഉണ്ടായിരുന്നുവെന്ന വസ്തുത നിഷേധിക്കാനാവില്ല. സഭാപിതാക്കന്മാരും ബൈബിൾ പണ്ഡിതരുമായ വി. ജറോം, വി. ആഗസ്തീനോസ് തുടങ്ങിയവരെല്ലാം പഴയനിയമത്തിൽ 46 പുസ്തകങ്ങൾ ദൈവനിവേശിതങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആദികാലത്തെ പ്രാദേശീക സൂനഹദോസുകളും ഈ 46 പുസ്തകങ്ങളെയും അംഗീകരിച്ചിരുന്നു.

**പുതിയനിയമ കാനൻ:** പുതിയ നിയമത്തിലെ 27 പുസ്തകങ്ങൾ കാനോനികങ്ങളാണെന്ന് അംഗീകരിക്കപ്പെടുന്നു. 1546 ൽ തെന്ത്രോസ് സൂനഹദോസ് കത്തോലിക്ക സഭയിൽ ഇന്നു കാണുന്ന എല്ലാ ബൈബിൾ ഗ്രന്ഥങ്ങളുടെയും (73) ആധികാരികത അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ശ്ലൈഹിക പാരമ്പര്യമുള്ള സഭയ്ക്കാണ് സഭയിൽ രൂപമെടുത്ത ബൈബിളിന്റെ കാനോനികത ഔദ്യോഗികമായി പ്രഖ്യാപിക്കാൻ അവകാശവും അധികാരവുമുള്ളതെന്ന് നാം മനസ്സിലാക്കണം.

**ബൈബിൾ വ്യാഖ്യാനം**

മനുഷ്യരുടെ വാക്കുകളിൽ എഴുതപ്പെട്ട ദൈവത്തിന്റെ വചനമായ ബൈബിൾ വ്യാഖ്യാനിച്ചു വേണം മനസിലാക്കുവാൻ. ഇക്കാര്യം ബൈബിൾ തന്നെ നമ്മെ പഠിപ്പിക്കുന്നുണ്ട്. പഴയനിയമത്തിന്റെ ഔദ്യോഗിക വ്യാഖ്യാതാക്കളായ പണ്ഡിതന്മാരെയാണ് റബ്ബി എന്ന പേരിൽ വിശേഷിപ്പിക്കുന്നത്. വി. ഗ്രന്ഥഭാഗങ്ങളെ ജീവിതഗന്ധിയായും കാലിക പ്രാധാന്യത്തോടെയും അവതരിപ്പിക്കുന്ന റബ്ബിമാരുടെ വ്യാഖ്യാനശൈലിയെ ഹീബ്രുവിൽ 'ദറാഷ്' എന്നാണ് വിളിക്കുന്നത്.

**ആദിമസഭയുടെ വ്യാഖ്യാനരീതികൾ**

ക്രൈസ്തവ ദർശനത്തിൽ പഴയനിയമത്തിന്റെ യഥാർത്ഥവും പൂർണ്ണവുമായ വ്യാഖ്യാനമാണ് പുതിയനിയമം. പഴയനിയമത്തിന്റെ പൂർണ്ണമായ അർത്ഥം മനസ്സിലാക്കാൻ പുതിയ ഉടമ്പടിയുടെ വെളിച്ചം ആവശ്യമാണ്. ദൈവത്തെ ആരും കണ്ടിട്ടില്ലാത്തതിനാൽ ദൈവത്തെ അറിഞ്ഞവരും ദൈവവുമായ സത്തയിൽ ഏകനുമായ ഈശോമിശിഹായാണ് ദൈവീകരഹസ്യങ്ങളുടെ





ഏറ്റവും ആധികാരിക വ്യാഖ്യാതാവ്. "മോശ മുതൽ സകല പ്രവാചകന്മാരും തന്നെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ" (ലൂക്ക 24: 27). ഈശോ എമ്മാവൂസ് യാത്രാവേളയിൽ ശിഷ്യർക്കു വ്യഖ്യാനിച്ചു കൊടുത്തതായി ലൂക്കാ സുവിശേഷകൻ പറയുന്നു. പഴയനിയമത്തിന്റെ പൂർത്തികരണം മിശിഹാ ആയതിനാൽ പുതിയനിയമത്തെ പഴയനിയമത്തിന്റെ തുടർച്ചയായി ആദിമ സഭ മനസ്സിലാക്കി. ആദിമ സഭയുടെ ബൈബിൾ വ്യാഖ്യാന രീതിയിൽ മനുഷ്യ വ്യക്തിത്വത്തിന്റെ ത്രിവിധ മാനങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കുന്നു.

**1. വാച്യാർത്ഥ തലം:** പ്രത്യക്ഷവും വാച്യവുമായ അർത്ഥം കണ്ടെത്തുക എന്നത് വ്യാഖ്യാനത്തിന്റെ ആദ്യനടപടിയാണ്. കാണുക, കേൾക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷാർത്ഥം ഗ്രഹിക്കുക എന്ന രീതിയാണ്.

**2. ധാർമ്മികതലം:** കേട്ടറിഞ്ഞവയെ യുക്തി വിചാരങ്ങൾക്കു വിധേയമാക്കി അവയുടെ ജീവിത ബന്ധിയും പ്രായോഗികവുമായ അർത്ഥം തിരിച്ചറിയുക എന്ന പ്രക്രിയയാണിത്. ഈ തലത്തിൽ ബൗദ്ധിക വിചിന്തനങ്ങൾക്കാണ് കൂടുതൽ പ്രാധാന്യമുള്ളത്.

**3. ആത്മീയതലം:** കേട്ടറിഞ്ഞതും ബൗദ്ധീക അന്വേഷണങ്ങളിലൂടെ മനസിലാക്കിയെടുത്തതുമായ വചനങ്ങളുടെ ആധ്യാത്മിക അർത്ഥതലങ്ങൾ ഗ്രഹിക്കുക എന്നതാണ് ഇവിടെ പ്രധാനം. ഇതു പൂർണ്ണമായും മാനുഷിക കഴിവുകളിലും അന്വേഷണങ്ങളിലും ഒതുങ്ങുന്നില്ല. ദൈവാത്മാവിന്റെ പ്രവർത്തനത്തിനാണ് ഈ തലത്തിൽ കൂടുതൽ പ്രാധാന്യമുള്ളത്. ദൈവനിവേശിതമായ ബൈബിൾ ഗ്രന്ഥങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ ദൈവാത്മാവിന്റെ സഹായം അനിവാര്യമാണെന്ന് ആദിമസഭ കരുതിയിരുന്നു.

മദ്ധ്യശതകത്തിൽ ബൈബിൾ വ്യാഖ്യാനത്തിന് പുതിയ കാഴ്ചപ്പാടുകൾ നിലവിൽ വന്നു. സഭാപിതാക്കന്മാരുടെ പഠനങ്ങളെ ആധാരമാക്കി വചനത്തിന്റെ നാല് അർത്ഥതലങ്ങൾ രൂപപ്പെട്ടു. 1. വാച്യാർത്ഥം - യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു 2. രൂപകാത്മക അർത്ഥം - വിശ്വസിക്കേണ്ടത് എന്ത് എന്നു വ്യക്തമാക്കുന്നു 3. ധാർമ്മികാർത്ഥം - എന്താണ് ചെയ്യേണ്ടതും പരിശ്രമിക്കേണ്ടതുമെന്ന് മനസിലാക്കി തരുന്നു 4. യുഗാന്ത്യോന്മുഖ അർത്ഥം - അടിസ്ഥാനപരവും അന്തിമവുമായ ലക്ഷ്യമാണെന്ന് പഠിപ്പിക്കുന്നു.

**വാച്യാർത്ഥം പ്രധാനപ്പെട്ടത്:**

വാച്യാർത്ഥമാണ് ഏറ്റവും അടിസ്ഥാനപരവും പ്രധാനപ്പെട്ടതുമായ അർത്ഥമെന്ന് വി. തോമസ് അക്വീനാസിനെപ്പോലുള്ള പണ്ഡിതർ വാദിച്ചു. ഗ്രന്ഥകർത്താവ് കൈമാറാനാഗ്രഹിച്ച അർത്ഥം എന്തോ അത് കണ്ടെത്തുക എന്നതാണ് വാച്യാർത്ഥം ഗ്രഹിക്കുക എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്. "ഗ്രന്ഥകർത്താവ്" എന്ന വ്യക്തി ചിലപ്പോൾ ആരെന്നു വ്യക്തമല്ലായിരിക്കും. ചിലപ്പോൾ ഒന്നിലധികം വ്യക്തികൾ ഉൾപ്പെടുന്ന രചനാകാലഘട്ടങ്ങളിലൂടെ രൂപപ്പെട്ടു വന്നതാകാം. എഴുതപ്പെട്ട സാഹചര്യം, വ്യക്തികൾ, ആർക്കു വേണ്ടി ഏതു ലക്ഷ്യത്തോടെ എഴുതി തുടങ്ങിയവയെല്ലാം ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്. ഓരോ എഴുത്തുകാരനും ഒരു വചനഭാഗം ഏതൊരു സമൂഹത്തെ മനസ്സിൽ കണ്ടുകൊണ്ട് എഴുതിയോ ആ സമൂഹം പ്രസ്തുത വചനഭാഗം എപ്രകാരം ഗ്രഹിക്കണമെന്ന് ആഗ്രഹിച്ചിരുന്നു എന്നതാണ് വാച്യാർത്ഥത്തിന്റെ അന്തസത്ത.

**വാച്യാർത്ഥം അറിയാൻ**

വി. ഗ്രന്ഥ വ്യാഖ്യാനത്തിൽ വാച്യാർത്ഥം പ്രധാനപ്പെട്ടതാണ്. എന്നാൽ ഇതു മനസ്സിലാക്കുവാൻ അടിസ്ഥാനപരമായ ചില വസ്തുതകളെപ്പറ്റിയുള്ള അറിവ് ആവശ്യമാണ്. 1. ബൈബിൾ രൂപപ്പെട്ട കാലഘട്ടത്തെക്കുറിച്ചും ദേശത്തെക്കുറിച്ചുമുള്ള ശരിയായ അറിവ് ലഭിച്ചിരിക്കണം. കാരണം ചരിത്രത്തിലാണ് ദൈവം ഇടപെട്ട് തന്റെ രക്ഷാകര പദ്ധതി പൂർത്തിയാക്കുന്നത്. 2. വി. ഗ്രന്ഥം എഴുതപ്പെട്ട മൂലഭാഷകളെപ്പറ്റി വ്യാഖ്യാതാവിന് അവഗാഹം ആവശ്യമാണ്. കാരണം ദൈവനിവേശിതമായി രചിക്കപ്പെട്ട മൂലകൃതിയാണ് വ്യാഖ്യാനത്തിന് വിധേയമാക്കേണ്ടത്, മറിച്ച്, വിവർത്തനങ്ങളല്ല. സ്പിരിറ്റ് ഇൻ ജീസസ്, എംപറർ എമ്മാനുവൽ ട്രസ്റ്റ് തുടങ്ങിയ പുതിയ വിഘടിത വിഭാഗങ്ങൾക്കെല്ലാം പല പിഴവുകളും സംഭവിച്ചിരിക്കുന്നത് ഇത്തരം അടിസ്ഥാനങ്ങളില്ലാത്തതുകൊണ്ടുകൂടിയാണ്. 3)ഗ്രന്ഥകർത്താവ് രചന നിർവ്വഹിച്ചപ്പോൾ ലക്ഷ്യംവച്ച വായനക്കാരുടെ സാഹചര്യങ്ങളും കാഴ്ചപ്പാടുകളുമാണ് രചനയുടെ പിന്നിലുള്ളതെന്ന് വ്യാഖ്യാതാവ് മനസ്സിലാക്കണം. 4) വ്യാഖ്യാനിക്കുന്ന പുസ്തകത്തിന്റെ സാഹിത്യരൂപം കണ്ടെത്തിയാണ് വ്യാഖ്യാനിക്കേണ്ടത്. ഉദാ: ഉപമകളും ലേഖനങ്ങളും ഒരുപോലെയല്ല വ്യാഖ്യാനിക്കേണ്ടത്. 5) ബൈബിളിലെ ചരിത്ര വ്യാഖ്യാനങ്ങൾ വിശദീകരിക്കുമ്പോൾ ആ ഗ്രന്ഥത്തിന്റെ





സ്വഭാവം മനസ്സിലാക്കേണ്ടതാവശ്യമാണ്. ഇത്തരം കാര്യങ്ങളെല്ലാം വ്യാഖ്യാനത്തിൽ പരിഗണിക്കേണ്ടതുണ്ട്.

**ചരിത്രാത്മക വിമർശന വ്യാഖ്യാനരീതി**

ബൈബിളിന്റെ വ്യാഖ്യാന പ്രക്രിയയിൽ കഴിഞ്ഞ രണ്ടു ശതകങ്ങളിലായി രൂപമെടുത്ത ഒരു വ്യാഖ്യാനരീതിയാണ് 'ചരിത്രാത്മക വിമർശനരീതി. 1993 ൽ പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ പുറപ്പെടുവിച്ച 'സഭയിൽ ദൈവവചന വ്യാഖ്യാനം' എന്ന പഠന രേഖയിൽ വിവിധ വ്യാഖ്യാനങ്ങളുടെ പ്രത്യേകതകൾ എടുത്തുപറയുന്നുണ്ട്. 'ചരിത്രാത്മക വിമർശനരീതി' യുടെ പ്രാധാന്യം ആമുഖത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. ബൈബിൾ വചനങ്ങളെ അതിന്റെ ആദിമ അർത്ഥത്തിൽ മനസ്സിലാക്കാനുള്ള ശാസ്ത്രീയ സമീപന രീതികളാണ് ഇതിലൂടെ വിവക്ഷിക്കുന്നത്. ശാസ്ത്രീയമായ നടപടികളും ഉപാധികളും ഉപയോഗിച്ച് ബൈബിൾ ഭാഗങ്ങളെ അപഗ്രഥിക്കുകയും അവയുടെ മൂലാർത്ഥം ഗ്രഹിക്കുകയും അപ്രകാരം വ്യാഖ്യാനിക്കുകയും ചെയ്യുന്ന വ്യാഖ്യാനശൈലിയാണിത്. ഇതിൽ ചരിത്രപരവും വിമർശനാത്മകവുമായ ഭാഗമാണ് വിശുദ്ധ ഗ്രന്ഥഭാഗത്തെപ്പറ്റി നടത്തുന്നത്.

അടിസ്ഥാനപരമായി സഭയിലാണ് വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിക്കപ്പെടേണ്ടത്. സഭയുടെ വിശ്വാസപാരമ്പര്യങ്ങളുടെ വെളിച്ചത്തിലായിരിക്കണം അതു നിർവ്വഹിക്കേണ്ടത്. ശാസ്ത്രീയവും ആധികാരികവുമായ പഠനരീതികൾ അതിനായി പ്രയോജനപ്പെടുത്തേണ്ടതും ആവശ്യമാണ്.

## ചർച്ച ചെയ്യുക

1. കുടുംബങ്ങളിലെ ബൈബിൾ വായനയും പഠനവും എപ്രകാരം എന്ന് ചർച്ച ചെയ്യുക.
2. വചനാധിഷ്ഠിത ജീവിതം എങ്ങനെ കുടുംബത്തിൽ പ്രായോഗികമാക്കാം?
3. ദൈവവചന പ്രഘോഷണം എങ്ങനെ സാമൂഹ്യ ജീവിതത്തിൽ കൂടുതൽ പ്രചരിപ്പിക്കാം?

## പ്രായോഗിക നിർദ്ദേശങ്ങൾ

- ♦ മനുഷ്യ ജീവിതം ധന്യമാകുന്നത് വചനാധിഷ്ഠിത ജീവിതം നയിക്കുമ്പോഴാണ് എന്ന ബോധ്യം നൽകുന്നതിന് ചർച്ചകളും സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുക.
- ♦ ബൈബിളിലെ 73 പുസ്തകങ്ങളുടെയും പേരുകൾ പഠിക്കുക, ഉള്ളടക്കം മനസിലാക്കുക.
- ♦ ബൈബിൾ പഠന കോഴ്സുകളിൽ പങ്കെടുക്കാൻ ഇടവകയിൽ നിന്ന് കുറച്ചു പേരെയെങ്കിലും പ്രോത്സാഹിപ്പിക്കുക.
- ♦ ബൈബിൾ പഠനക്കളരികൾ ആരംഭിക്കുക.
- ♦ വിശ്വാസ വർഷത്തിൽ ബൈബിൾ മുഴുവൻ ഒരു പ്രാവശ്യമെങ്കിലും വായിക്കുക.
- ♦ ഇടവകയിൽ തിരുവചനം വായിക്കുന്ന 7 പേർ വീതമുള്ള കൂട്ടായ്മകൾ രൂപീകരിക്കുക.
- ♦ അനുദിന ബൈബിൾ വായന കലണ്ടർ എല്ലാ വീടുകളിലും ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- ♦ ലോഗോസ് ക്വിസ് മത്സരത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുക.
- ♦ 12 ഫൊറോനകളിലും ബൈബിൾ സായാഹ്നങ്ങൾ മാസത്തിലൊരിക്കൽ ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുക.
- ♦ ബൈബിൾ വ്യഖ്യാനത്തിനുള്ള സഭയുടെ നിർദ്ദേശങ്ങളെക്കുറിച്ച് ബോധ്യം നൽകുക.

ഋഋഋ





# V. സഭ ആധുനിക ലോകത്തിൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിച്ചു പുറത്തിറക്കിയ 16 രേഖകളിൽ ഏറ്റവും വലുതാണ് സഭ ആധുനിക ലോകത്തിൽ (Gaudium et Spes) എന്ന പ്രമാണ രേഖ. അജപാലോന്മുഖമായ ഈ രേഖ ലോകത്തിന്റെ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിലൂടെ സ്വർഗ്ഗോന്മുഖമായി തീർത്ഥാടനം ചെയ്യുന്ന സഭയ്ക്ക് പ്രസ്തുത പ്രശ്നങ്ങളിലും പുരോഗമനപരമായ മാറ്റങ്ങളിലും ദിശാബോധവും ആശ്വാസവും നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുകയാണ്.

**മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

സമ്പത്സമൃദ്ധിയും വിഭവങ്ങളും ധനശേഷിയും മുൻകാലങ്ങളേക്കാൾ കൂടുതലായുണ്ടെങ്കിലും ദാരിദ്ര്യം, നിരക്ഷരത, സാമൂഹികവും മനശാസ്ത്രപരവുമായ അടിമത്വം, രാഷ്ട്രീയവും സാമൂഹ്യവും വർഗപരവും പ്രത്യയ ശാസ്ത്രപരവുമായ ചേരിതിരിവുകൾ, യുദ്ധം എന്നിവ ഇന്നും വിളയാടുന്നു. ജനപ്പെരുപ്പം, സാമ്പത്തീക സാമൂഹിക സമ്മർദ്ദങ്ങളും അസമത്വങ്ങളും ഇക്കാലത്തെ പ്രത്യേകതകളാണ്.
മനുഷ്യബന്ധമുള്ളതെല്ലാം സഭയുടെ വിഷയം കൂടിയാണ്. കാരണം അവൾ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമാകാൻ വിളിക്കപ്പെട്ടവളാണ്. അവളുടെ അസ്തിത്വം ലോകത്തിലുമുണ്ട്. അതിനാൽ തന്നെ മനുഷ്യനും ആധുനിക ലോകവും നേരിടുന്ന പ്രശ്നങ്ങളിൽ ദിശാബോധത്തോടെ അവൾ ഇടപെടണം.

**രക്ഷാമാർഗ്ഗം**

ദൈവഹിതത്തിന് വിരുദ്ധമായുള്ള പ്രവർത്തനങ്ങളിലൂടെ സൃഷ്ടിയുടെമേൽ മനുഷ്യനുള്ള നിയന്ത്രണം നഷ്ടപ്പെട്ട് ആഗ്രഹിക്കുന്ന നന്മയെക്കാൾ ആഗ്രഹിക്കാത്ത തിന്മ ചെയ്തുപോകുന്ന നിസ്സഹായ അവസ്ഥയ്ക്ക് അവൻ അടിമപ്പെടുന്നു. ദുഃഖം, തിന്മ, രോഗം, മരണം ഇവയൊന്നും ദൈവത്തിൽ നിന്നല്ലെന്നും ക്രമം തെറ്റിയ ലോകത്തിന്റെ സമ്മാനങ്ങളാണെന്നും ലോകം മുഴുവന്റേയും വിശുദ്ധീകരണമാണ് ദൈവം ലക്ഷ്യമിടുന്നതെന്നും തിരിച്ചറിയുമ്പോൾ മാത്രമെ സഹനത്തിൽ ദൈവത്തെ പഴിപറയാതെ അവയെ രക്ഷാമാർഗ്ഗമാക്കുവാൻ സാധിക്കുകയുള്ളൂ.

യേശുവിന്റെ തിരുരക്തം മോചനദ്രവ്യമായി നൽകി അവൻ നമ്മെ തിന്മയുടെ പിടിയിൽ നിന്നും മോചിപ്പിച്ചു. അവനിൽ ദൈവം നമ്മെ തന്നോടുതന്നെയും, നാം തമ്മിൽ തമ്മിലും രമ്യതപ്പെടുത്തി. പിശാചിന്റേയും പാപത്തിന്റെയും അടിമത്തത്തിൽ നിന്ന് അവിടുന്ന് നമ്മെ മോചിപ്പിച്ചു. നമുക്ക് വേണ്ടി സഹിച്ച് രക്ഷയ്ക്ക് സഹനം എന്ന മാതൃക നൽകുക മാത്രമല്ല രക്ഷക്കായി ഒരു വഴി വെട്ടിത്തുറന്ന് നൽകുകയും ചെയ്തു. യുഗാന്തംവരെ സഹനത്തിന്റേയും കുരിശിന്റെയും വഴിയിലൂടെയാണ് ആ രക്ഷയിൽ നാം ഭാഗഭാക്കുകളാകുന്നത്. ലോകം തരുന്ന ദുഃഖങ്ങളെ യേശുവിന്റെ കുരിശിനോട് ചേർത്ത് സന്തോഷത്തോടെ സ്വീകരിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിനായി നിക്ഷേപം കരുതിവയ്ക്കുകയാണ്.

**സാമൂഹ്യജീവിതം**

സമൂഹവുമായുള്ള ഉത്തരവാദിത്വപൂർണ്ണമായ ബന്ധത്തിലൂടെയാണ് നാം ദൈവത്തിങ്കലേക്ക് അടുക്കുന്നത്. സഹജീവികളെ സഹോദരങ്ങളായി കാണുവാനും മതപരമായും കുടുംബപരമായും കൂടുതൽ സാമൂഹ്യജീവിതവും പ്രതിബദ്ധതയും ഇത് നമ്മോടാവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സത്യത്തിലും നീതിയിലും അധിഷ്ഠിതമായി പൊതുനന്മയെ മാത്രം ലക്ഷ്യമാക്കി സ്നേഹം പകർന്നുകൊടുക്കുന്ന ഒരു വ്യവസ്ഥിതിയിൽ മനുഷ്യമാഹാത്മ്യം ഉറപ്പുവരുത്തുമ്പോൾ വർഗ്ഗവിവേചനം, ഗർഭച്ഛിദ്രം, കൊലപാതകം, ദയാവധം, ആത്മഹത്യ, അംഗവിച്ഛേദം, ശാരീരിക മാനസിക പീഡനങ്ങൾ എന്നിവയ്ക്ക് സ്ഥാനമില്ലാതാകും. ശത്രുക്കളുടെ ചിന്താഗതികളെ മനസ്സിലാക്കുവാനും സ്നേഹവും, മര്യാദയും, സൗഹാർദ്ദസംഭാഷണവും ആയുധങ്ങളാക്കി ഉപദ്രവങ്ങൾ പോലും ക്ഷമിക്കുന്ന ഭാവം സ്വന്തമാക്കി മൗലികമായ സമത്വവും സാമൂഹ്യനീതിയും അവകാശ സംരക്ഷണവും ഉറപ്പുവരുത്തുവാൻ പര്യാപ്തമായ വിവേചനരഹിതമായ ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ് സഭ ലക്ഷ്യമാക്കുന്നത്.

**ധാർമ്മികത വ്യക്തിപരമല്ല**

ഒറ്റതിരിഞ്ഞുള്ള ജീവിതം നയിക്കാനല്ല ഒരു സാമൂഹ്യ ഘടകമായി രൂപം കൊള്ളാനാണ് ദൈവം മനുഷ്യരെ വിളിക്കുന്നത്. ദൈവം





ഇസ്രായേലിനെ സ്വന്തം ജനമാക്കി രക്ഷയുടെ അടയാളമാക്കിയതു പോലെ സഭയിലൂടെ മനുഷ്യനെ വിശുദ്ധീകരിക്കുവാനും രക്ഷിക്കുവാനുമുള്ള ദൗത്യം ഇന്നും തുടരുന്നു. ആ രക്ഷ, ഒററപ്പെട്ട വ്യക്തികൾ എന്ന നിലയിലല്ല സമൂഹമെന്ന നിലയിലാണ് സാധ്യമാകുന്നത്.

**ആഗോളവ്യാപകമായ മനുഷ്യപ്രവർത്തനങ്ങൾ**

മനുഷ്യബുദ്ധിയുടെ വിജയം ദൈവമഹത്വത്തിന്റെ അടയാളവും അവിടുത്തെ നിഗൂഢ പരിപാലനയുടെ പൂവണിയലുമാണെന്നാണ് ക്രൈസ്തവ ബോദ്ധ്യം. മനുഷ്യന്റെ കഴിവുകൾ എത്രമാത്രം വികാസം പ്രാപിക്കുന്നോ അത്രയ്ക്ക് അതിന്റെ വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വം വിപുലമായിത്തീരുന്നു. മനുഷ്യരുടെ അദ്ധ്വാനത്തിലൂടെ സ്വന്തം വ്യക്തിവികാസം സാധ്യമാകുകയും വസ്തുക്കളും സമൂഹവും നവരൂപംപ്രാപിക്കുകയും ചെയ്യുന്നു. അതിനാൽ അദ്ധ്വാനം അതിൽത്തന്നെ മഹത്തരമാണ്.

സാങ്കേതിക പുരോഗതിക്കായി മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്നത് ഉത്കൃഷ്ടമായ നീതിയും വ്യാപകമായ സാഹോദര്യവും മനുഷ്യത്വമറ്റ വ്യക്തിബന്ധങ്ങളും ലഭിക്കാൻവേണ്ടി ചെയ്യുന്നതാണ്. ഇന്ന് മനുഷ്യന്റെ ശ്രേഷ്ഠത അളക്കുന്നത് അവന് എന്തുണ്ട് എന്നതിനെ ആശ്രയിച്ചാണ്. എന്നാൽ ഒരുവൻ എന്തായിരിക്കുന്നു എന്നതിലാണ് അവന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്. അതാകട്ടെ അവന്റെ വ്യക്തിത്വത്തോടും ജീവിത മൂല്യങ്ങളോടും ധാർമ്മികതയോടും ബന്ധപ്പെട്ടുമിരിക്കുന്നു.

**വിശ്വാസവും ശാസ്ത്രവും**

വിശ്വാസവും ശാസ്ത്രവും പരസ്പരം പൊരുത്തപ്പെടുന്നതാണ്. സ്രഷ്ടാവിനെ കൂടാതെ സൃഷ്ടികൾക്ക് അസ്തിത്വമില്ല. ഏതു മതവിഭാഗത്തിൽപ്പെട്ട വിശ്വാസികൾക്കും ദൈവത്തിന്റെ സ്വയാവിഷ്ക്കരണ സ്വരം സൃഷ്ടികളിലൂടെ വ്യക്തമായി സദാ ശ്രവിക്കാവുന്നതാണ്. ഭൗതിക വസ്തുക്കളും വിശ്വവിഷയങ്ങളും ഒരേ ദൈവത്തിൽ നിന്ന് തന്നെയാണ് നിർഗ്ഗമിക്കുന്നത്.

**മാനുഷിക പുരോഗതിയും പ്രലോഭനങ്ങളും**

മാനുഷിക പുരോഗതി നേട്ടമാണെങ്കിലും അത് അവന് വലിയ പ്രലോഭനങ്ങളും സൃഷ്ടിക്കുന്നു. വികസനത്തിന്റേയും പുരോഗതിയുടേയും പാർശ്വഫലങ്ങളായി വർദ്ധമാനമാകുന്ന തിന്മകൾ ഈ

പ്രലോഭനങ്ങളിൽ ദൈവഹിതത്തോട് ചേർന്ന് നിൽക്കുന്നതിൽ സംഭവിക്കുന്ന പരാജയത്തിലൂടെയാണ്. ഈ ലോകത്ത് മനുഷ്യൻ ശക്തമായ ആത്മീയ സമരത്തിലാണ്. അന്ധകാര ശക്തികളോടുള്ള അവന്റെ ഘോരസമരം മാനവചരിത്രത്തിലുടനീളം തെളിഞ്ഞുകാണാം. അപ്രകാരം സമരത്തിലേർപ്പെട്ടിരിക്കുന്ന മനുഷ്യൻ നന്മയോട് ഒട്ടിച്ചേർന്ന് നിൽക്കണമെങ്കിൽ നിരന്തരമായ യുദ്ധം തന്നെ ചെയ്യണം. ധീരശ്രമവും ദൈവാനുഗ്രഹവും അവന് അത്യന്താപേക്ഷിതമാണ്.

**സഭയുടെ ധർമ്മം**

സ്വർഗ്ഗോന്മുഖമായ ചിന്തയോടെയുള്ള തീർത്ഥയാത്രയിൽ ഈ ലോകത്തെ പാടെ മറന്നും ഉപേക്ഷിച്ചുമുള്ള ഒരു സഭാജീവിതത്തെയല്ല സഭ ഉയർത്തിക്കാട്ടുന്നത്. ദൈവികജീവന്റെ ജീവപ്രകാശം ലോകം മുഴുവന്റെ മേലും പ്രതിബിംബിക്കുവാൻ സഭാമക്കളിലൂടെ അവൾ ശ്രമിക്കുന്നു. ദൈവിക നിയമങ്ങളും വ്യക്തിപരമായ അവകാശങ്ങളും ഒന്നുപോലെ ബഹുമാനിക്കപ്പെടുന്ന വിധത്തിൽ പരിശുദ്ധാരൂപിയുടെ അനന്യസ്യൂതമായ പ്രചോദനം ഉൾക്കൊണ്ട് സുവിശേഷ മൂല്യങ്ങൾക്ക് അധിഷ്ഠിതമായി വളരുവാൻ ഓരോ വ്യക്തിയേയും സഭ സഹായിക്കണം.

സഭയെ ക്രിസ്തു ഭരമേല്പിച്ച ദൗത്യം മതാത്മകമാണെങ്കിലും രാഷ്ട്രീയ സാമൂഹ്യതലങ്ങളുടെ വിശുദ്ധീകരണത്തിന് അവൾക്ക് കടമയും ഉത്തരവാദിത്വവുമുണ്ട്. വ്യക്തിയുടെയും കുടുംബത്തിന്റേയും മൗലികാവകാശങ്ങളെയും പൊതുനന്മയ്ക്കുവേണ്ട കാര്യങ്ങളെയും അംഗീകരിക്കുന്ന ഏതൊരു ഭരണകൂടത്തിന്റേയും കീഴിൽ എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് ദൈവരാജ്യം വളർത്തണമെന്നതാണ് സഭയുടെ ആഗ്രഹം. എന്നാൽ ഇത് ലംഘിക്കപ്പെടുന്നിടത്ത് പ്രവാചക ധീരതയോടെ പ്രതികരിക്കാൻ അവൾ മടി കാണിക്കുകയില്ല.

സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും പൗരന്മാരെന്ന നിലയിൽ ഇഹലോകജീവിതത്തിലെ കടമകൾ സുവിശേഷാരൂപിക്കനുസൃതമായും വിശ്വസ്തമായും നിർവ്വഹിക്കുവാൻ സഭ ക്രൈസ്തവരോട് ആഹ്വാനം ചെയ്യുന്നു. സ്വീകരിച്ചിരിക്കുന്ന വിശ്വാസവും അനുദിനജീവിതവും തമ്മിൽ പിളർപ്പുണ്ടാകുന്നത് ഗുരുതരമായ തെറ്റാണ്. ലോകത്തിലെ കടമകളെ അവഗണിക്കുന്ന ക്രൈസ്തവർ തന്റെ അയൽക്കാരോടും ദൈവത്തോടുമുള്ള കർത്തവ്യത്തെ അവഗണിക്കുകയും തന്റെ നിത്യരക്ഷയെത്തന്നെ അപകടത്തിലാക്കുകയും ചെയ്യുന്നു.





സഭാ ശുശ്രൂഷയിൽ അൽമായർക്ക് ക്രിയാത്മക പങ്കുണ്ടെന്ന് പഠിപ്പിക്കുന്നു. ഓരോരുത്തരും തങ്ങളുടെ വിളിക്കനുസൃതം പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണ്. സഭാ ജീവിതത്തിൽ അൽമായർക്ക് ക്രിയാത്മകമായ പങ്ക് വഹിക്കാനുള്ളതുകൊണ്ട് ക്രൈസ്തവ ചൈതന്യം ലോകത്തിന് പകർന്നുനൽകാൻ അവർക്ക് കടമയുണ്ട്. കൂടാതെ സമൂഹമദ്ധ്യത്തിൽ എല്ലാക്കാര്യങ്ങളിലും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ അവർ വിളിക്കപ്പെട്ടവരാണ്.

**വിവാഹത്തിന്റേയും കുടുംബത്തിന്റേയും ഭദ്രത**

സഭ ആധുനിക ലോകത്തിൽ എന്ന ഈ രേഖയുടെ രണ്ടാം ഭാഗത്ത് ആധുനിക ലോകത്തിന്റെ ചില അടിയന്തര പ്രശ്നങ്ങളെപ്പറ്റിയുള്ള പ്രതിപാദനമാണ്. വിവാഹത്തിന്റെയും കുടുംബത്തിന്റെയും ശ്രേഷ്ഠത, പവിത്രത, ജീവന്റെ മൂല്യം, സാമ്പത്തിക അഭിവൃദ്ധിയും തൊഴിലിന്റെ മാഹാത്മ്യവും, രാഷ്ട്ര നിർമ്മിതിയും പൗരസ്വാതന്ത്ര്യവും, സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം എന്നിവ പ്രതിപാദിക്കുന്നു.

ദൈവിക സംവിധാനമെന്ന നിലയിൽ ദൈവത്താൽ സ്ഥാപിതമായ കുടുംബത്തിൽ ദൈവത്തോടുള്ള ബന്ധവും പരസ്പര ഐക്യവും അലംഘനീയമാണ്. രണ്ട് വ്യക്തികളുടെ പരസ്പരദാനമെന്ന നിലയിൽ വിവാഹത്തിലെ ഗാഢമായ ഐക്യവും സന്താനങ്ങളുടെ നന്മയും ഭാര്യാഭർത്താക്കന്മാരിൽ നിന്നും പൂർണ്ണമായ വിശ്വസ്തത ആവശ്യപ്പെടുകയും അവർ തമ്മിലുള്ള ഐക്യം അവിഭാജ്യമായിരിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾ അവരുടെ ജീവിത മാതൃക, കുടുംബ പ്രാർത്ഥന, മതപരമായ വിദ്യാഭ്യാസ ചുമതല എന്നിവ നിർവ്വഹിക്കുന്നതിൽ ശ്രദ്ധാലുക്കളായിരിക്കണം.

**വിവാഹ ജീവിതത്തിന്റെ പവിത്രത**

ക്രൈസ്തവ ദമ്പതിമാർ ദാമ്പത്യസ്നേഹത്തിലുള്ള വിശ്വസ്തതയ്ക്കും ഐക്യത്തിനും സന്താനങ്ങളുടെ ശിക്ഷണത്തിലുള്ള ജാഗ്രതയ്ക്കും നല്ല സാക്ഷ്യം നൽകുന്നതിൽ മുന്നിട്ട് നിൽക്കണം. അതോടൊപ്പം വിവാഹത്തിന്റേയും കുടുംബത്തിന്റേയും കാര്യത്തിൽ ആവശ്യമായിരിക്കുന്ന സാംസ്ക്കാരികവും മനശാസ്ത്രപരവും സാമൂഹികവുമായ നവീകരണത്തിൽ തങ്ങളുടെ ഭാഗം നിർവ്വഹിക്കുകയും ചെയ്യു

ന്നെങ്കിൽ യഥാർത്ഥ ദാമ്പത്യസ്നേഹം ഉത്തരോത്തരം മതിക്കപ്പെടുകയും ആരോഗ്യകരമായ ഒരു പൊതുധാരണ രൂപീകരിക്കപ്പെടുകയും ചെയ്യും. ദാമ്പത്യസ്നേഹത്തിന്റെ ശ്രേഷ്ഠത, കടമകൾ, വിശുദ്ധി എന്നിവയെപ്പറ്റി യഥായോഗ്യം തക്കസമയത്ത് കുടുംബത്തിൽ വച്ചുതന്നെ യുവജനങ്ങളെ പഠിപ്പിക്കണം. മാനുഷികവും ക്രിസ്തീയവുമായ ചുമതലാബോധത്തോടുകൂടി മാതാപിതാക്കൾ തങ്ങളുടെ ജോലി നിർവ്വഹിക്കുമ്പോഴാണ് ക്രിസ്തീയ കുടുംബങ്ങൾ ദൈവസാന്നിദ്ധ്യമുള്ള ദൈവാലയങ്ങളായി മാറുന്നത്.

**ജീവന്റെ മൂല്യം**

ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടും പരിത്യാഗചൈതന്യം പുലർത്തിക്കൊണ്ടും ഉദാരവും മാനുഷികവും ക്രിസ്തീയവുമായ കർത്തവ്യ ബോധത്തോടുകൂടി ക്രിസ്തീയ ദമ്പതികൾ സന്താനോല്പാദന കൃത്യം നിർവ്വഹിക്കുമ്പോൾ അവർ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുകയും ക്രിസ്തുവിൽ പരിപൂർണ്ണരായിത്തീരുവാൻ പരിശ്രമിക്കുകയുമാണ്.

ജീവന്റെ കർത്താവായ ദൈവത്തെ അവഗണിക്കുന്ന ഗർഭച്ഛിദ്രം, ശിശുവധം എന്നിവ കടുത്ത അപരാധങ്ങളാണ്. തിരുസഭയുടെ പ്രബോധനാധികാരം ജനനനിയന്ത്രണത്തെ സംബന്ധിച്ച ദൈവിക നിയമങ്ങളെ വിശദീകരിക്കുമ്പോൾ സഭാസന്താനങ്ങൾ, നിഷിദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അവലംബിക്കാൻ പാടുള്ളതല്ല. കുടുംബമാണ് യഥാർത്ഥ സാംസ്ക്കാരിക പരിശീലന കേന്ദ്രം. വിവിധ തലമുറകൾ ഒന്നിച്ചു ചേരുകയും പൂർണ്ണമായ വിജ്ഞാനസമ്പാദനത്തിനായി പരസ്പരം സഹായിക്കുകയും വ്യക്തിയുടെ അവകാശങ്ങളെ സാമൂഹ്യജീവിതത്തിന്റെ മറ്റാവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്ന കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനം.

**സാമ്പത്തിക അഭിവൃദ്ധി**

സാമ്പത്തികാഭിവൃദ്ധി സാമൂഹിക അസമത്വത്തിന് കാരണമാകാതെ മനുഷ്യസേവനാർത്ഥം ഉപയോഗിക്കപ്പെടണം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നത് അപകടകരമാണെന്ന് തിരിച്ചറിയണം. ജോലിയും അതിന്റെ സാഹചര്യങ്ങളും വിശ്രമവും





ന്യായമായ വേതനവും പ്രത്യേക താല്പര്യത്തോടെ സഭ നോക്കിക്കാണുന്നു. ജോലി ചെയ്യുന്നവന്റേയും അവനെ ആശ്രയിച്ചു കഴിയുന്നവരുടേയും ശാരീരികവും സാമൂഹികവും സാംസ്ക്കാരികവും ആദ്ധ്യാത്മികവുമായ ജീവിതം പ്രത്യേകം പരിഗണിക്കണം മാന്യമായി നയിക്കാൻ മതിയാകുന്ന വേതനം നൽകണം. ഇക്കാര്യത്തിൽ ഓരോരുത്തരുടേയും ജോലിയുടെ സ്വഭാവം, ഉല്പാദന ക്ഷമത, സ്ഥാപനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, പൊതുനന്മ ഇവ പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്.

ഈലോകവസ്തുക്കൾ മനുഷ്യനെ ഏൽപ്പിച്ചിരിക്കുന്ന സമ്പത്താണ്. സമ്പത്ത് നിക്ഷേപവും പണമിടപാടുകളും രാജ്യത്തിന്റെയും മറ്റ് രാജ്യങ്ങളുടേയും സഹജീവികളുടേയും സുസ്ഥിതിക്ക് ഹാനിവരുത്താതെ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കപ്പെടേണ്ടതാണ്. മനുഷ്യന്റെ വ്യക്തിത്വ പ്രകാശനത്തിന് സഹായകഘടകമെന്ന നിലയിൽ സ്വകാര്യസ്വത്തും ഉടമസ്ഥാവകാശവും സഭ അനുവദിക്കുന്നു. ക്രിസ്തുവിന് വിധേയരായി ദൈവരാജ്യത്തെ ആദ്യമായി അന്വേഷിക്കുന്ന എല്ലാവർക്കും പരസ്നേഹപ്രചോദനത്താൽ നീതിയുടെ പ്രവർത്തനങ്ങൾ പരിപൂർണ്ണമാക്കാനും സ്വസഹോദരങ്ങളെ ഒന്നടങ്കം സഹായിക്കാനുമുള്ള ശക്തവും ശുദ്ധവുമായ സാഹോദര്യം സംലബ്ധമാകുന്നു. ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും വിശ്വസ്തരായി നിന്നുകൊണ്ടുവേണം ഭൗതികസംരംഭങ്ങളിൽ ശരിയായ ക്രമം അവലംബിക്കാൻ.

## ചർച്ച ചെയ്യുക

1. അനുരഞ്ജന സമിതിയുടെ രൂപികരണവും അവയുടെ പ്രവർത്തനങ്ങളെയും കുറിച്ച് ചർച്ച ചെയ്യുക
2. ക്രൈസ്തവ ആഘോഷങ്ങളിലെ ധൂർത്ത്, ആഡംബരം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.
3. ഇടവക ചെയ്യുന്നതും ചെയ്യാവുന്നതുമായ സാമൂഹ്യ പ്രവർത്തനങ്ങൾ ഏതെല്ലാം?

## പ്രായോഗിക നിർദ്ദേശങ്ങൾ

- ഇടവകയിൽ ഭൗതിക കാര്യങ്ങളേക്കാൾ ആത്മീയ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- ആർഭാടങ്ങളെയും ആഡംബരങ്ങളേയുംകാൾ ആത്മീയതക്ക് മുഖ്യ സ്ഥാനം നൽകുക.
- കുടുംബങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുരഞ്ജന സമിതികൾ രൂപീകരിക്കുക.
- കുടുംബത്തിലെ ആഘോഷങ്ങളിൽ ക്രൈസ്തവ സാക്ഷ്യം നൽകുന്നവർക്ക് ധാർമ്മിക പിന്തുണ നൽകുക.
- ടി.വി, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗിക്കേണ്ടത് എങ്ങനെയെന്ന് കുട്ടികളെ പഠിപ്പിക്കുക.
- സാമൂഹിക പ്രവർത്തനശുശ്രൂഷ ക്രൈസ്തവ ദൗത്യമാണെന്ന ഉൾക്കാഴ്ച വിശ്വാസികൾക്ക് നൽകുക.
- സാമൂഹിക പ്രവർത്തനങ്ങൾ ഇടവക ജനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താതിരിക്കുക.
- കൂടാരയോഗങ്ങളിൽ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക, വർദ്ധിച്ചു വരുന്ന മദ്യത്തിന്റെ ഉപയോഗം കുറക്കുക, ബോധവത്ക്കരണം നടത്തുക.
- തൊഴിലിന്റെ മാഹാത്മ്യം വിളിച്ചോതുന്ന സെമിനാറുകളും സ്വയം തൊഴിൽ പരിശീലനവും നൽകുക.
- ജീവന്റെ മഹത്വം വിളിച്ചോതുന്ന പ്രോലൈഫ് സെമിനാറുകൾ നടത്തുക.
- അതിരൂപതാതലത്തിൽ ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ വിധവ വിഭാര്യ സംഗമം നടത്തുക.
- ആഘോഷാവസരങ്ങളിൽ മദ്യം വിളമ്പുന്ന രീതി ഉപേക്ഷിക്കുക. മാതൃക നൽകുന്ന കുടുംബങ്ങളെ അംഗീകരിക്കുക. പ്രോത്സാഹിപ്പിക്കുക.
- മക്കൾ ദൈവത്തിന്റെ ദാനമാണെന്ന് മനസ്സിലാക്കി കൂടുതൽ മക്കളെ ജനിപ്പിക്കുക.
- മദ്യപാന വിമുക്തർക്കായി കൂട്ടായ്മകളും ജാഗ്രതാ സമിതിയും രൂപീകരിക്കുക
- ഇടവകകൾതോറും രക്തദാന സന്നദ്ധ സേന രൂപീകരിക്കുന്നത് ഉചിതമാണ്.





# VI. ദൈവവിളി പ്രോത്സാഹനം

ആഗോള സഭ വിശ്വാസവർഷമായി ആചരിക്കുകയും രണ്ടാം വത്തിക്കാൻ കൗൺസിൽ ചേർന്നതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയും ചെയ്യുന്ന ഈ വേളയിൽ ദൈവവിളി സംബന്ധിച്ച കൗൺസിൽ പ്രമാണരേഖകളെക്കുറിച്ചുള്ള പഠനങ്ങൾ ഏറ്റം പ്രാധാന്യമേറിയതാണ്. മെത്രാൻമാർ, വൈദികർ സന്യാസിമാർ എന്നിങ്ങനെ സഭാസമൂഹത്തോടും വ്യത്യസ്തജീവിതാവസ്ഥകളോടും സഭാശുശ്രൂഷകളോടും ബന്ധപ്പെടുത്തി ചിന്തിക്കുന്നത് വിശ്വാസവർഷത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഏറെ ഉപകാരപ്രദമാണ്. കൗൺസിൽ ദൈവവിളി സംബന്ധിച്ചുള്ള വിവിധ ഡിക്രികളാണ് ഇവിടെ പ്രതിപാദിക്കുക.

### തിരുസഭയിൽ മെത്രാൻമാരുടെ അജപാലനധർമ്മം (Christus Dominus)

"തിരുസഭയിൽ മെത്രാൻമാരുടെ അജപാലന ധർമ്മം സംബന്ധിച്ച ഡിക്രി" ഒന്നും രണ്ടും വത്തിക്കാൻ സൂനഹദോസുകൾ കൂട്ടിയിണക്കുന്നു. ഒന്നാം വത്തിക്കാൻ കൗൺസിലിൽ മാർപ്പാപ്പയുടെ പരമാധികാരത്തിന് ഊന്നൽ കൊടുത്തപ്പോൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ, മെത്രാൻമാരുടെ കടമയ്ക്കും അധികാര - വ്യാപ്തിക്കും പ്രാധാന്യം നൽകി. ഈ പ്രമാണരേഖയിലൂടെ മെത്രാൻ സ്ഥാനത്തിന്റെ ശ്രേഷ്ഠതയും സ്വഭാവവും ദൗത്യവും വ്യക്തമാക്കുന്നുണ്ട്. സാർവ്വത്രിക സഭയിൽ മെത്രാൻമാരുടെ ധർമ്മങ്ങൾക്കും, സ്വന്തം രൂപതയിൽ ഉള്ള അധികാരത്തിനും, ഒരു മേഖലയിലുള്ള മറ്റ് രൂപതകളോടുള്ള ബന്ധങ്ങൾക്കും ശ്രദ്ധ കൊടുക്കുന്നു.

സഭാ നവീകരണത്തിന്റെയും, സഭൈക്യത്തിന്റെയും അടിസ്ഥാനത്തിൽ പരസ്നേഹം, ലാളിത്യം, സേവനം എന്നിവക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് മെത്രാൻമാരുടെ ദൗത്യം വ്യക്തമാക്കുന്നത്. മെത്രാന്മാരുടേയും മാർപ്പാപ്പയുടേയും സംഘാതാത്മകതയുടെ (Collegiality) അവതരണം ഈ ഡിക്രിയിൽ വ്യക്തമാക്കിയിരിക്കുന്നു. രാജ്യങ്ങളുടേയും ഭൂഖണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ മെത്രാൻമാരുടെ സമിതികൾ (Episcopal Conference) രൂപീകരിക്കുന്നത് ക്രമീകരിക്കുകയും ചെയ്തു.

മൂന്ന് അധ്യായങ്ങളായി തിരിച്ചിരിക്കുന്ന ഈ ഡിക്രിയുടെ ഒന്നാം അധ്യായത്തിൽ ഓരോ മെത്രാനും എല്ലാ സഭകളോടുമുണ്ടായിരിക്കേണ്ട സാർവത്രിക താൽപര്യം എടുത്തുകാട്ടുന്നു. രണ്ടാമത്തെ അധ്യായത്തിൽ ക്രിസ്തുവിന്റെ സഭ രൂപതയിൽ സ്ഥിതി ചെയ്യുന്നുവെന്നും പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുന്നു. മൂന്നാമധ്യായത്തിൽ ഓരോ മേഖലയിലുള്ള സഭകളുടെ ആവശ്യങ്ങൾ സാധിക്കാൻ മെത്രാൻമാർ ഉപവിയിൽ സംഘടിക്കണമെന്നു നിർദ്ദേശിക്കുന്നു. മെത്രാൻ "ക്രിസ്തുവിന്റെ പ്രതിരൂപം" ആണെന്നും ത്യാഗത്തിന്റെയും സേവനത്തിന്റെയും സന്ദേശത്തിലൂടെ തങ്ങളുടെ അജപാലന ധർമ്മം നിർവ്വഹിക്കണമെന്നും പഠിപ്പിക്കുന്നു. ലോകത്തുണ്ടായികൊണ്ടിരിക്കുന്ന സാമൂഹിക തിന്മകൾക്കു പരിഹാരം നൽകാൻ സുവിശേഷത്തിനേ കഴിയൂ എന്നും മെത്രാൻമാരുടെ അജപാലന ധർമ്മം കാര്യക്ഷമതയോടെ നിർവ്വഹിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

### 2. പൗരോഹിത്യ ധർമ്മവും വൈദികരുടെ ജീവിതവും സംബന്ധിച്ച ഡിക്രി (Presbyterorum Ordinis)

ഈ ഡിക്രിയിലൂടെ പൗരോഹിത്യ ശുശ്രൂഷാ മാഹാത്മ്യവും, വൈദിക ജീവിത സവിശേഷതകളും വ്യക്തമാക്കുന്നു. വൈദിക ജീവിതം നവീകരിച്ച് കർമ്മോത്സുകമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൗൺസിൽ നൽകി. ദൈവത്തിന്റെയും ദൈവജനത്തിന്റേയും ഇടക്കു നിലകൊള്ളുന്നവരാണ് വൈദികർ. തിരുസഭയുടെ ദൗത്യം ജനമധ്യേ എത്തിക്കേണ്ടവരായ വൈദികരിലൂടെ വേണം കൗൺസിൽ ഉദ്ദീപിപ്പിച്ച നവചൈതന്യം പ്രസരിപ്പിക്കാൻ. ആധുനിക ലോകത്തിൽ വളരെ സുപ്രധാനമായ പങ്കാണ് വൈദികനിലുള്ളത്. വൈദികരുടെ ത്രിവിധ ശുശ്രൂഷകളെപ്പറ്റിയും കൗൺസിൽ സൂചിപ്പിക്കുന്നു, ക്രിസ്തുവിലേക്ക് എല്ലാവരേയും അടുപ്പിക്കുക, എല്ലാം ക്രിസ്തുവിൽ കേന്ദ്രീകരിക്കുക എന്ന ആദർശം വൈദികർക്കുണ്ടാകണം.

സഭാ സമൂഹത്തെ മെത്രാനോടൊത്ത് നയിക്കുകയും പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നതിനുള്ള പ്രത്യേക വിളി സ്വീകരിച്ച് അതിനായി പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള സഭാംഗമാണ് ശുശ്രൂഷാ പൗരോഹിത്യമുള്ള വൈദികർ. കൗൺസിൽ ജ്വലിപ്പിക്കുന്ന നവീകരണം പരസ്നേഹത്തിനും സകലർക്കും വേണ്ടിയുള്ള സമ്പൂർണ്ണമായ ദാനത്തിനും പ്രത്യേകം ശ്രദ്ധകൊടുക്കണം.





ഈ ഡിക്രിയുടെ ആമുഖത്തിൽ പൗരോഹിത്യത്തിന്റെ സ്ഥാനവും തുടർന്നുള്ള അധ്യായങ്ങളിൽ : വൈദികർ മറ്റൊരു ക്രിസ്തുവാണെന്നും വൈദികശുശ്രൂഷ ആദ്ധ്യാത്മിക പൂർണ്ണതയാണെന്നും പ്രേഷിതസ്വഭാവം വൈദിക ശുശ്രൂഷിക്കുണ്ടെന്നും വൈദികർ അറിവുള്ളവരാകണമെന്നും ഡിക്രി നിർദ്ദേശിക്കുന്നു. വൈദികരുടെ സാമ്പത്തിക ക്ഷേമത്തെക്കുറിച്ചും ഈ രേഖയിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ഡിക്രിയിൽ ഉദ്ദേശിക്കുന്ന നവോത്ഥാന ചൈതന്യം ലോകത്തേയും സഭയേയും സമുദ്ധരിക്കാനുള്ളതാണ്.

### 3. വൈദിക പരിശീലനത്തെ സംബന്ധിക്കുന്ന ഡിക്രി (Optatam Totius)

സഭയുടെ നവീകരണം വൈദികശുശ്രൂഷയെ ആശ്രയിച്ചിരിക്കുന്നതിനാൽ, വൈദിക പരിശീലനത്തിൽ പരമപ്രാധാന്യത്തിനും ചില അടിസ്ഥാന തത്ത്വങ്ങൾക്കും ഈ ഡിക്രിയിൽ ഊന്നൽ കൊടുക്കുന്നു. ഇന്നത്തെ രൂപത്തിലുള്ള സെമിനാരികൾ രൂപംകൊണ്ടത് തെന്ത്രോസ് സുനഹദോസിനുശേഷമാണ്. ഇന്നത്തെ മാറിയ പരിസ്ഥിതികളും പ്രവർത്തനങ്ങളും നേരിടുന്നതിന് സെമിനാരി സമ്പ്രദായത്തിൽ നവീകരണവും ആധുനീകരണവും നടക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. സ്ഥലകാല സാഹചര്യങ്ങൾക്കിണങ്ങുന്ന വിധത്തിൽ യാഥാർത്ഥ്യ ബോധത്തോടെവേണം വൈദിക പരിശീലന പരിപാടികൾ വിഭാവനം ചെയ്യാൻ. പരിശീലനത്തിന്റെ മുഖ്യലക്ഷ്യം അജപാലനോന്മുഖമായ ശിക്ഷണം പ്രദാനം ചെയ്യുക എന്നതാണ്. അതിൽ ക്രിസ്തുകേന്ദ്രീകൃത വൈദിക പരിശീലനം നൽകണം. താത്ത്വിക പഠനത്തോടൊപ്പം ആധ്യാത്മീയ രൂപവത്ക്കരണവും നൽകേണ്ടതിന്റെ ആവശ്യകത, വൈദികനായശേഷം ലഭിക്കേണ്ട തുടർപരിശീലനം, പഠനപദ്ധതിയുടെ പരിഷ്കരണം എന്നിവയെക്കുറിച്ചും രേഖ പ്രതിപാദിക്കുന്നു.

വൈദികാന്തസ്സിലേക്കുള്ള ദൈവവിളി പ്രോത്സാഹനത്തിനുള്ള സഭാംഗങ്ങളുടെ കടമയെക്കുറിച്ചും ഈ രേഖ പ്രതിപാദിക്കുന്നു. ദൈവവിളിയെ പ്രോത്സാഹിപ്പിക്കേണ്ട കടമ ക്രൈസ്തവ സമൂഹം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു. ക്രൈസ്തവ ജീവിതസാക്ഷ്യം, കുടുംബം, ഇടവക, സംഘടനകൾ തുടങ്ങിയ മേഖലകളിലൂടെ ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ പരിശ്രമിക്കണം. സെമിനാരിയുടെ ഉദ്ദേശം,

പരിശീലനം, ആദ്ധ്യാത്മിക രൂപവത്ക്കരണം എന്നിവയ്ക്കും ഊന്നൽ നൽകുന്നു.

**4. സന്യാസജീവിത നവീകരണത്തെ സംബന്ധിക്കുന്ന ഡിക്രി (Perfectae Caritatis)**

സഭയിൽ സന്യാസജീവിതത്തിനുള്ള സ്ഥാനം ഈ ഡിക്രി എടുത്തു കാണിക്കുന്നു. സന്യാസ സമൂഹങ്ങളിൽ നവീകരണവും അനുരൂപണവും ഉണ്ടാകണമെന്ന് പ്രതിപാദിക്കുന്നു. പരസ്യമായും സ്വതന്ത്രമായും ഏറ്റെടുക്കുന്ന ശക്തമായ സാക്ഷ്യമാണ് സന്യസ്തരുടെ പ്രത്യേകത. നവീകരണം ലക്ഷ്യമാക്കുന്നത് ആന്തരിക പരിവർത്തനത്തെയാണ്. ദൈവസ്നേഹത്താലും മനുഷ്യസ്നേഹത്താലും പ്രചോദിതമായ സമർപ്പണമാണ്. സ്ഥാപകരിലും സ്ഥാപനകാലത്തും ഉണ്ടായ ദിശാബോധവും തീക്ഷ്ണതയും പുനർജ്വലിക്കണം. അതിന്റെ ജ്വലനങ്ങൾ സന്യാസസഭകളിൽ ഉണ്ടാകണം. സന്യസ്തരുടെ ദൗത്യം ലോകത്തിൽ ഏറ്റവും ഫലപ്രദമായി നിർവ്വഹിക്കാൻ അവരുടെ നിയമങ്ങളും ജീവിത രീതികളും നവീകരിക്കപ്പെടുകയും ലോകവുമായുള്ള ബന്ധത്തിൽ അനുരൂപണം ഉണ്ടാവുകയും ചെയ്യണം. എല്ലാ സന്യാസ സമൂഹങ്ങളുടെയും ആത്യന്തികമായ മാനദണ്ഡം സുവിശേഷത്തിലെ ക്രിസ്തുവിനെ അനുഗമിക്കുക എന്നതാണ്. കൂടാതെ ഓരോ സഭാ സ്ഥാപകന്റെ ചൈതന്യം വീണ്ടെടുത്ത്, കാലോചിതമായി സ്വയം നവീകരണം സാധ്യമാക്കണം. സഭയുടെ ആന്തരികവും ബാഹ്യവുമായ പ്രവർത്തനങ്ങളെ ഫലദായകമാക്കാൻ സാന്യാസ സമൂഹങ്ങൾക്കുള്ള പങ്ക് എടുത്തുപറയുന്നു. സന്യാസസമൂഹങ്ങൾ ചൈതന്യവത്തായ നവീകരണം സാധ്യമാക്കുകയും ജീവിത സാക്ഷ്യത്തിലൂടെ ക്രിസ്തുവിനെ അനുഗമിക്കുകയും വേണം.

**5 ദൈവവിളി**

ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അത് നമ്മുടെ നാശത്തിനല്ല മറിച്ച് ക്ഷേമത്തിനും പുതിയ പ്രതീക്ഷ നൽകുന്നതിനുമാണെന്ന് അവിടുന്ന് വ്യക്തമാക്കുന്നു. ആ പദ്ധതി തമ്മിൽ നടപ്പാക്കാൻ നാമോരോരുത്തരും ദൈവഹിതത്തോടു സഹകരിക്കണം. കുടുംബജീവിതം, പൗരോഹിത്യം, സന്യാസം, ഏകസ്ഥ ജീവിതം എന്നീ ദൈവവിളികൾ ജന്മമെടുക്കുന്നതും വളർന്നതും പൂവണിയുന്നതും കുടുംബത്തിന്റെയും ഇടവകയുടെയും ആത്മീയ ചൈതന്യത്തിൽ





നിന്നാണ്. സഭയിലെ ഓരോ അംഗത്തിനും ഉള്ള ദൗത്യം തിരിച്ചറിഞ്ഞ് ഇതു നിർവ്വഹിക്കുമ്പോൾ മിശിഹായുടെ സഭ ശരിയായി പ്രവർത്തിക്കുന്നു.

സാർവ്വത്രിക സഭ "വിശ്വാസവർഷം" ആചരിക്കുമ്പോൾ സഭയുടെ ഉറവിടങ്ങളിലേക്കു തിരിച്ചു ചെന്ന് പാരമ്പര്യങ്ങളിൽ ഉറച്ച മാറ്റങ്ങൾ വരുത്തണം. അപ്പോൾ സഭാ സമൂഹത്തിന് ചൈതന്യത്തിലും വിശ്വാസത്തിലും വേരൂന്നി ജീവിക്കാൻ കഴിയും. സഭയുടെ വിശ്വാസ നിക്ഷേപം കൈമാറി, വരും തലമുറയിലെത്തിക്കാൻ എല്ലാ സഭാമക്കൾക്കും കടമയുണ്ട്. മാതാപിതാക്കളുടെ പരസ്പര സ്നേഹവും മക്കൾക്കുവേണ്ടിയുള്ള അർപ്പണ മനോഭാവവും, സ്നേഹത്തിൽ വളരുവാനും മക്കൾ ദൈവഹിതമനുസരിച്ച് ജീവിക്കാനും ഇടയാക്കുകയും ചെയ്യും.

സഭാമക്കളായ നമ്മൾ പ്രശ്നങ്ങളും വെല്ലുവിളികളും ഉണ്ടാകുമ്പോൾ പരിഹസിച്ചും വിമർശിച്ചും നിസംഗത കാണിക്കാതെ, സ്നേഹത്തിലും ഒരുമയിലും സാന്ത്വനം നൽകി, മുറിവുകളിൽ തൈലം പുരട്ടി മുറിവുകൾ ഉണക്കാൻ സഹായിക്കുമ്പോൾ ദൈവവിളികളിൽ ചരിക്കാൻ അനുവദിക്കണം. നല്ല ദൈവവിളികൾ വളർത്താൻ ഇടവക സമൂഹത്തിനുള്ള വലിയ പങ്ക് ഈ കൗൺസിൽ വ്യക്തമാക്കുന്നുണ്ട്. സമർപ്പിത വഴിത്താരയിലുള്ളവർക്ക്, പൂർണ്ണ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിൽ വിശ്വാസ സമൂഹം ശ്രദ്ധിക്കുമ്പോൾ സഭയോടൊത്തു ചിന്തിക്കുവാൻ സഭാമക്കളായ ഓരോ മക്കൾക്കും സാധിക്കും.

## ചർച്ച ചെയ്യുക

1. പണ്ടും ഇന്നുമുള്ള ഇടവകയിലെ പൗരോഹിത്യ സന്യസ്ത ജീവിതത്തിലേക്കുള്ള വിളികളെ പരിശോധിക്കുക.
2. സഭാമക്കളിൽ നവീകരണത്തിനുള്ള വഴികൾ, സമർപ്പിതരോടുള്ള നമ്മുടെ ഇപ്പോഴത്തെ സമീപനം എന്നിവ ചർച്ച ചെയ്യുക.
3. ഇന്ന് ദൈവവിളിയിലേക്ക് കുട്ടികൾ കുറയാനുള്ള കാരണം. ദൈവവിളിയുടെ അന്തരീക്ഷം ഉണ്ടാകുവാൻ എന്തുചെയ്യണമെന്ന് കൂടാരയോഗങ്ങൾ ചർച്ച ചെയ്യുക.

## പ്രായോഗിക നിർദ്ദേശങ്ങൾ

- സമർപ്പിത സംഗമങ്ങൾ പ്രോത്സാഹിപ്പിക്കുക
- സമർപ്പിതരെ ആദരിക്കുക, നല്ലതുപറയുക
- സമർപ്പിതർക്കായി പ്രാർത്ഥിക്കുക
- സാമ്പത്തിക സഹായം നൽകി വൈദിക വിദ്യാർത്ഥി ഫണ്ടിൽ അംഗമാവുക
- സംഘടനകളിലൂടെ ദൈവവിളി പ്രോത്സാഹനങ്ങൾ നൽകുക.
- ജീവിത സാക്ഷ്യം കൊടുക്കുക.
- മിഷൻലീഗ് കുട്ടികൾക്ക് ദൈവവിളി പ്രോത്സാഹനം നൽകുക
- അൾത്താര ബാലന്മാരുടെ സംഘങ്ങൾ രൂപീകരിക്കുക, അവരെ പ്രോത്സാഹിപ്പിക്കുക
- സമർപ്പിതർ ഇടവക പ്രവർത്തനങ്ങളിൽ കൂടുതൽ സഹകരിക്കുകയും ഭവന സന്ദർശനംവഴി ദൈവജനത്തിന് കൂടുതൽ സമീപസ്ഥരാവുകയും ചെയ്യുക.
- സെമിനാരി വിദ്യാർത്ഥികൾക്കും സന്യാസപരിശീലനം നടത്തുന്നവർക്കുമായി വിശ്വാസവർഷ മത്സരങ്ങൾ നടത്തുക (YOUCAT, CCC)
- സമർപ്പിതർക്കായി വിശ്വാസവർഷ തുടർപരിശീലനം നൽകേണ്ടതാണ്.

ജജജ





# VII. വിശ്വാസവർഷവും വിശ്വാസേതര പ്രസ്ഥാനങ്ങളും (സെക്ടുകൾ)

സഭയുടേയും സഭാവിശ്വാസികളുടേയും ഹൃദയസ്പന്ദനമായി മാറിക്കൊണ്ടിരിക്കുകയാണ് വിശ്വാസവർഷം. ഇന്ന് കേരളസഭയിൽ വിശ്വാസത്തിനെതിരെ പ്രവർത്തിക്കുന്ന വിശ്വാസേതര ഗ്രൂപ്പുകളുടെ (സെക്ടുകൾ) പ്രവർത്തനങ്ങളും പഠനങ്ങളും സ്വാധീനവും ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. അതുകൊണ്ട് സഭയുടെ പഠനങ്ങളിൽ ആഴപ്പെട്ട് ഇക്കൂട്ടരുടെ തെറ്റായ വിശ്വാസത്തെ എതിർക്കുക ആവശ്യമായിരിക്കുകയാണ്. വിശ്വാസവർഷം അതിന് ഉപകരിക്കണം.

### പശ്ചാത്തലം

കൗൺസിൽ വിഭാവനം ചെയ്ത അല്മായ സമത്വ സ്വാതന്ത്ര്യവും ആരാധനാക്രമ സംവിധാനങ്ങളും മറ്റും തെറ്റായി വ്യാഖ്യാനിച്ച് 'ഞങ്ങളാണ് സഭ' എന്നും 'ഞങ്ങൾക്കും വെളിപാടും വരങ്ങളുമുണ്ടെന്നും', 'വിശുദ്ധ ഗ്രന്ഥവ്യാഖ്യാനം ഞങ്ങൾക്കും ആകാം' എന്നുമുള്ള തെറ്റായ ബോധ്യങ്ങൾ വളർത്തുന്ന നീക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇക്കൂട്ടർ സത്യവിശ്വാസത്തിന്റെ പാതവിട്ട് സഭയുടെ വിശ്വാസ പരമാധികാരം ഉപേക്ഷിച്ച്, സഭയുടെ പ്രബോധനാധികാരത്തെ നിഷേധിച്ച് സ്വന്തമായി 'സഭ'കൾക്ക് ജന്മം കൊടുക്കുന്ന പ്രവണത ഇന്ന് കൂടിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിശ്വാസവർഷത്തിന് കേരളത്തിൽ ഏറെ പ്രാധാന്യമുണ്ട്.

### തീവ്രവാദികൾ

തീവ്രവാദികളായ സെക്ട് അംഗങ്ങൾ സഭയിൽ ആദ്യകാലം മുതൽ ഉണ്ടായിരുന്നു. ഇവർ മിശിഹായെയും അവിടുത്തെ വ്യക്തിത്വത്തെയും സംശയത്തോടെ കാണുകയും നിഷേധിക്കുകയും ചെയ്തിരുന്നവരാണ്. സഭയിലെ ധ്യാന കേന്ദ്രങ്ങളിൽ സജീവ വചന പ്രഘോഷകരായിരുന്നവരാണ് ക്രമേണ ഇത്തരത്തിലുള്ള വിശ്വാസവിരുദ്ധ

പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാക്കളായി മാറിയത്. ഇക്കൂട്ടർ തങ്ങൾക്കു ലഭിച്ച അംഗീകാരത്തിലും ജനസ്വാധീനത്തിലും അഹങ്കരിച്ച് വി. ഗ്രന്ഥത്തെ സ്വന്തമായി വ്യാഖ്യാനിച്ച് ഒരു പ്രത്യേക ചിന്ത തന്നെ വളർത്തിയെടുത്തു. അതിന് സഹായികളായി ചെറിയൊരു കൂട്ടം വിശ്വാസികളെ കൂട്ടിനു നിർത്തി. പ്രഘോഷണത്തിലും ആരംഭത്തിലും ഇവർ സഭയോടൊത്തു തന്നെയാണ് പോകുന്നത്. ക്രമേണ ഇവർ സഭയിൽ ഇത്തിക്കണ്ണിപോലെ വളർന്ന് പറക്കമുറ്റുമ്പോൾ പ്രത്യേക സഭ രൂപപ്പെടുത്തുന്നു. തുടർന്ന് വിപ്ലവവും വിമർശനവും പ്രസംഗിക്കുന്ന ഇക്കൂട്ടരെ പിൻതുടരുവാൻ അനേകർ കൂടുന്നു. കാരണം പരി. കത്തോലിക്കാ സഭ പഠിപ്പിക്കുകയും, പ്രഘോഷിക്കുകയും, ആചരിക്കുകയും ചെയ്യുന്നവ വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമായ വിശ്വാസങ്ങളാണെന്ന് മനസ്സിലാകാത്തതുകൊണ്ടും അവ അനുഭവതലത്തിൽ സ്വീകരിക്കാത്തതുകൊണ്ടുമാണ്. അതുകൊണ്ട് യഥാർത്ഥ വിശ്വാസം കൈമുതലാക്കാത്തവർ സത്യം പരിപാലിക്കുന്നു എന്ന് സ്വയം വിവക്ഷിക്കുന്നവരുടെ തെറ്റായ വിശ്വാസം വിലയിരുത്താൻ കഴിവില്ലാത്തവരാവുകയാണ്. സഭാ വിശ്വാസത്തിലുള്ള ആഴമില്ലായ്മയാണ് ഇതിന് കാരണം.

## കാരണങ്ങൾ

ഇന്ന് കേരളത്തിൽ കാണുന്ന കൂണുപോലെ മുളച്ചു പൊന്തുന്ന സഭകളുടെ ഉത്ഭവകാരണത്തിന് ഒരു നൂറ്റാണ്ട് പഴക്കമാണുള്ളത്. 1909ൽ കണ്ണൂരിൽ യഹോവ സാക്ഷികൾ തുടങ്ങിയ ഉണർവ്വ് യോഗമാണ് അടിസ്ഥാനം. തുടർന്ന് പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുണ്ടായി. യാതൊരുവിധ ശാസ്ത്രീയ പഠനവുമില്ലാതെ ഇതിലെ പ്രഘോഷകർ തങ്ങൾക്ക് വെളിപാടുണ്ടെന്ന് ധരിപ്പിച്ച് സ്വന്തം രീതിയിൽ വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിച്ച് പഠിപ്പിക്കാൻ തുടങ്ങി. വി. ഗ്രന്ഥം സഭയെ കർത്താവ് ഏല്പിച്ചിരിക്കുന്ന സമ്പത്താണ്. സഭയോടൊത്തും സഭയ്ക്കുവേണ്ടിയും വി. ഗ്രന്ഥത്തിന്റെ ചരിത്ര സാംസ്കാരിക പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കണമെന്ന സഭയുടെ നിർദ്ദേശം ഇക്കൂട്ടർ മറന്നുപോയി. സ്വാർത്ഥലാഭമോ സാമ്പത്തിക ലാഭമോ ഇതിൽ കടന്നുകൂടുന്നു. സഭയുടെ വിശ്വാസം എന്താണെന്നും അതിന്റെ ദൈവികമാനമെന്തെന്നും അറിവില്ലാത്തവർ കർത്താവിനേക്കാൾ വലിയവരായി





തങ്ങളുടെ വിശ്വാസം പഠിപ്പിക്കുന്നതാണിതിന് കാരണം.

## സഭയില്ലാത്ത കർത്താവും വിശ്വാസവും

ദൈവസ്ഥാപിതമായ കത്തോലിക്കാസഭയെക്കുറിച്ചുള്ള വികലമായ പഠനങ്ങളും ചിന്താഗതികളുമാണ് ഇന്ന് സഭാവിശ്വാസം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഇന്ന് സഭയിലെ കുറവ് വിശ്വാസക്കുറവ് തന്നെയാണ്. സഭയ്ക്കെതിരെയുള്ള ശക്തികൾ സഭയ്ക്കുള്ളിൽ തന്നെയാണ്. ആദ്യകാലത്ത് സഭാവിശ്വാസത്തെ എതിർത്തവർ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു, എന്നാൽ ഇന്നാകട്ടെ അശാസ്ത്രീയ രീതിയിലും ദൈവശാസ്ത്ര അടിസ്ഥാനമില്ലാതെയുമാണ്. സഭ ഒരേ സമയം ദൈവികവും മാനുഷികവുമാണ്. അതുകൊണ്ട് അവളിൽ മാനുഷികമായ ബലഹീനതകളുണ്ടെന്ന് സഭ അംഗീകരിക്കുന്നു. എന്നാൽ ഈ മാനുഷിക ഭാവത്തിന് മാത്രം പ്രാധാന്യം നൽകുന്നവരാണ് ഈ സെക്ടുകൾ. സഭയിലാണ് വെളിപാടിന്റെ പൂർണ്ണതയായ മിശിഹായുടെ സാന്നിദ്ധ്യമെന്നും മറ്റൊരു വെളിപാടിനായി കാത്തിരിക്കേണ്ടതില്ലെന്നും സഭ പഠിപ്പിക്കുമ്പോൾ (ദൈവാവിഷ്ക്കരണം 2) വ്യക്തികൾക്കുണ്ടാകുന്ന തോന്നലുകളെ സഭ ഒരു പരിധിയിട്ടാണ് വിശ്വസിക്കുന്നത്. കാരണം അവ ദൈവിക വെളിപാടുകളല്ലല്ലോ. ഇത് മനസ്സിലാക്കാതെ തങ്ങൾക്ക് വ്യക്തിപരമായി വെളിപാടുകൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ശഠിക്കുകയും പഠിപ്പിക്കുകയും പരി. കത്തോലിക്കാ സഭയില്ലാതെ ഒരു പ്രസ്ഥാനത്തിലൂടെ രക്ഷ പ്രാപിക്കാം എന്നു പഠിപ്പിക്കുന്നവരാണ് സെക്ടുകൾ. എന്നാൽ തിരുസഭ ജീവിക്കുന്ന മിശിഹായുടെ ദൃശ്യരൂപമാണ്. സഭ മിശിഹായുടെ തുടർച്ചയാണ്. കർത്താവിനെ അനുഭവിക്കാൻ കഴിയുന്നതും അവനിൽ എത്തിച്ചേരുവാൻ സാധിക്കുന്നതും സഭ വഴിയാണ്. ഈ സഭയിലാണ് വെളിപാടിന്റെ പൂർണ്ണത കാണാൻ കഴിയുന്നത്. ഈ അർത്ഥത്തിൽ മാനുഷികമായ മറ്റൊരു പ്രസ്ഥാനത്തിനും രക്ഷ നൽകുവാൻ സാധ്യമല്ല. ഈ സത്യം മറച്ചുവച്ചുകൊണ്ട് തങ്ങളുടെ സഭയാണ് സത്യസഭയെന്നും കത്തോലിക്കാസഭ ജനത്തെ നുണപ

റഞ്ഞ് കബളിപ്പിക്കുന്നുവെന്നും തെറ്റിദ്ധരിപ്പിച്ച് കേരളത്തിൽ രൂപംകൊണ്ടിരിക്കുന്ന സഭകളാണ്.

1. എമ്പറർ ഇമ്മാനുവൽ ട്രസ്റ്റ്
2. ആത്മവിമോചനസഭ (അമ്മ)
3. സ്പിരിറ്റ് ഇൻ ജീസസ്
4. ആത്മാഭിഷേക സഭ
5. നവയുഗപ്രസ്ഥാനം (New Age Movement )
6. കവനന്റ് പീപ്പിൾ (അപ്പർ റൂം ചർച്ച്)
7. സ്വർഗ്ഗീയവിരുന്ന്
8. യഹോവ സാക്ഷികൾ
9. പെന്തക്കൊസ്ത് പ്രസ്ഥാനം

പരി. കത്തോലിക്കാ സഭയിലാണ് മിശിഹായെ കാണുവാനും അനുഭവിക്കുവാനും കഴിയുക എന്ന സത്യം ഈ കൂട്ടർ മറച്ചുവയ്ക്കുന്നു. ഈ സെക്ടുകളുടെ പൊള്ളത്തരങ്ങളും , വ്യർത്ഥചിന്തകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തെറ്റാണെന്ന് മനസ്സിലാക്കണമെങ്കിൽ നാം വിശ്വാസങ്ങളിൽ ആഴപ്പെടണം.

**അടിസ്ഥാനമില്ലാത്ത പഠനങ്ങൾ**

പരി. കത്തോലിക്ക സഭയുടെ വിശ്വാസ സത്യങ്ങൾക്കു അടിസ്ഥാനമായി നിലനിൽക്കുന്നത് പരി, ത്രിത്വം, ദൈവപുത്രനായ മിശിഹ, പരി. കത്തോലിക്കാ സഭ, പരി. കന്യാമറിയം എന്നിവയാണ്. വിശ്വാസ സത്യങ്ങളും ദൈവശാസ്ത്രത്തിന്റെ തന്നെ ഉറവിടങ്ങളായി നിലനിൽക്കുന്നത് വി.ഗ്രന്ഥവും വി. പാരമ്പര്യവുമാണ്. സൂക്ഷ്മമായ പഠനങ്ങൾ വ്യക്തമാക്കുന്നത് സെക്ടുകൾ ഇവയെല്ലാം തന്നെ നിഷേധിക്കുന്നു എന്നതാണ്. മേൽപ്പറഞ്ഞ സെക്ടുകളുടെ പഠനങ്ങൾ താഴെച്ചേർക്കുന്നു. അവയെല്ലാം ഒരു സഭ പഠിപ്പിക്കുന്നതല്ല. പൊതുവേ എല്ലാവരുടെയും പഠനങ്ങളുടെ സമുച്ചയമാണ്.

1. ത്രിത്വത്തെ നിഷേധിക്കുന്നു. ത്രിത്വത്തിൽ ഉത്ഥിതന്റെ ആത്മാവ് കൂടി ഉണ്ടെന്ന് പഠിപ്പിക്കുന്നു.





2. മാമ്മോദീസായിലൂടെയാണ് മിശിഹാ ദൈവപുത്രനാകുന്നു എന്ന് പഠിപ്പിക്കുന്നു.
3. സെക്ടുകളുടെ ഉപഞ്ജാതാക്കൾക്ക് വ്യക്തിപരമായ വെളിപാടുണ്ടന്ന് പഠിപ്പിക്കുകയും സഭ വിശ്വസിക്കുന്ന ദൈവീക വെളിപാട് നിഷേധിക്കുകയും ചെയ്യുന്നു.
4. പരിശുദ്ധാത്മാവ് നമ്മെപ്പോലൊരു വ്യക്തിയായി ഇവരോടു സ്നേഹ സല്ലാപം നടത്താറുണ്ടു പോലും.
5. മരിച്ചവരുടെ ആത്മാക്കൾ മനുഷ്യരിൽ പ്രവേശിച്ച് രോഗവും വേദനയും മറ്റെല്ലാ പ്രശ്നങ്ങളും ഉണ്ടാക്കുന്നു.
6. മനുഷ്യനിലെ പാപത്തിനും രോഗത്തിനും കാരണം ദുരാത്മാക്കളാണ്.
7. നിത്യരക്ഷ എന്നൊന്നില്ല, നരകം താൽക്കാലികമാണ്.
8. മരിച്ചവരുടെ ആത്മാക്കളെ വിളിച്ചു വരുത്തി സംസാരിക്കാം. അവരെ മാനസന്തരപ്പെടുത്തി സ്വർഗ്ഗത്തിൽ കയറ്റാം. ഇതിനുള്ള ഏജന്റുകളാണ് തങ്ങൾ എന്ന് ശഠിക്കുന്നവരുണ്ട്.
9. തനതു വിധി നിഷേധിക്കുന്നു.
10. സഭയും സഭയുടെ ആരാധന ക്രമങ്ങളെയും നിഷേധിക്കുന്നു.
11. തങ്ങൾ ഉപയോഗിക്കുന്ന 66 പുസ്തകങ്ങൾ മാത്രമുള്ള ബൈബിളാണു അടിസ്ഥാനവും സത്യവും എന്ന് പഠിപ്പിക്കുന്നു.
12. ഈ ബൈബിളിൽ ഇല്ലാത്തതു കൊണ്ട് മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് അർത്ഥ ശൂന്യമാണെന്ന് പഠിപ്പിക്കുന്നു.
13. കൂദാശകൾ സഭയുടെ കൺകെട്ടു വിദ്യകളാണ്. ഇവ സഭയുടെ കണ്ടുപിടുത്തങ്ങളാണ്.
14. പരി. കുർബാന ഒരു ഓർമ്മ അത്താഴം മാത്രമാണ്. അപ്പവും വീഞ്ഞും അടയാളങ്ങളാണ്. ഈശോയുടെ സാന്നിധ്യം നിഷേധിക്കുന്നു.
15. പൗരോഹിത്യം ആവശ്യമില്ല, എല്ലാവരും പുരോഹിതരാണ്.
16. പരി. കന്യാമറിയത്തിന് ഒരു മുട്ടത്തോടിന്റെ വില കൽപ്പിച്ചാൽ മതി.

17. വിശുദ്ധന്മാരോടും പരി. കന്യാമറിയത്തോടുമുള്ള വണക്കം നിഷേധിക്കുന്നു. അവരുടെ മാധ്യസ്ഥം ക്രിസ്തുവിന്റെ ഏക മാധ്യസ്ഥത്തെ നിഷേധിക്കുന്നു.
18. സഭയുടെ വി. പാരമ്പര്യം കെട്ടിച്ചമച്ച കഥകളാണ്.
19. മരണാന്തര ജീവിതത്തെക്കുറിച്ചുള്ള ഭയപ്പെടുത്തുന്ന പഠനം.
20. രക്ഷയ്ക്ക് വി. ഗ്രന്ഥം മാത്രം മതി, ക്രിസ്തുവിൽ വിശ്വസിച്ചാൽ മതി. അതിന് സഭയുടെ ആവശ്യമില്ല.
21. പുരോഹിതർ നികൃഷ്ട ജീവികളാണ്.
22. മനുഷ്യനും ദൈവത്വം കൽപ്പിക്കുന്നു.
23. ജലത്തിൽ മുങ്ങിയുള്ള മാമ്മോദീസായേ വാസ്തവമായുള്ളു, ശിശു മാമ്മോദീസ അർത്ഥശൂന്യമാണ്.
24. കുമ്പസാരം ദൈവത്തിന്റെ അധികാരത്തിലുള്ള കടന്നു കയറ്റമാണ്.
25. പൂർവ്വശാപം പഠിപ്പിക്കുന്നു.
26. പാപം ചെയ്തു മരിച്ചവരുടെ ആത്മാക്കൾ ബന്ധനത്തിലാണ്.
27. ലോകാവസാനം ഉടനെ നടക്കും.
28. മാനസീക രോഗത്തിനു കാരണം നരകത്തിലുള്ള ആത്മാക്കളാണ്.
29. മറിയത്തിന്റെ അമലോത്ഭവവും സ്വർഗ്ഗാരോപണവും നിഷേധിക്കുന്നു.
30. ഭാഷാവരം, രോഗശാന്തി വരം എന്നിവ ദൈവവിശ്വാസത്തിന്റെ അടയാളങ്ങളാണ്.

**സഭയെ നിഷേധിക്കുന്നു**

സെക്ടുകൾ സഭയ്ക്കെതിരെ പഠിപ്പിക്കുന്നതിനേക്കാൾ സഭയെ പ്രത്യക്ഷത്തിൽ നിഷേധിക്കുകയും ചെയ്യുന്നു. സഭയ്ക്ക് തെറ്റ് പറ്റിയിരിക്കുന്നുവെന്നും വിഗ്രഹാരാധന നടത്തുന്നു എന്നും പ്രചരിപ്പിച്ച് സഭയെ നിഷേധിക്കുവാൻ അനുയായികളെ പ്രേരിപ്പിക്കുന്നു. ഒന്നാമതായി ഇക്കൂട്ടർ സഭയിലെ പൗരോഹിത്യത്തെ നിഷേധിക്കുന്നു. എല്ലാവരും പുരോഹിതരാണ് അതുകൊണ്ട് ഇത്തരത്തിൽ ഒരുകൂട്ടർ പുരോഹിതർ എന്നുപറയേണ്ട കാര്യമില്ല എന്നിവർ പറയുന്നു. പൗരോഹിത്യം





നിഷേധിക്കുന്നതിലൂടെ ജീവന്റേയും രക്ഷയുടേയും നീർച്ചാലുകളായ ത്രിത്വത്തിന്റെ തുടരുന്ന രക്ഷാകരസംഭവങ്ങളായ കൂദാശകളെയാണ് ഇക്കൂട്ടർ നിഷേധിക്കുന്നത്. എന്നാൽ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയുന്ന പരി. കത്തോലിക്ക സഭ ഇന്നത്തെ വിശ്വാസികൾക്ക് യോജിച്ച വിധത്തിൽ പൗരോഹിത്യവും കൂദാശകളും സഭയിലെ അധികാരവും സഭയുടെ സ്വഭാവവും ലക്ഷ്യവും വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ഈ പഠനങ്ങളുടെ അർത്ഥം ഗ്രഹിക്കാത്തതുകൊണ്ടാണ് 'ഞങ്ങളാണ് സഭ' എന്ന് പഠിപ്പിച്ചുകൊണ്ട് സഭയെ നിഷേധിക്കുന്നത്. സത്യസഭയായ പരി.കത്തോലിക്കാസഭയിൽ കൂദാശകൾ നമ്മോടൊത്തുള്ള കർത്താവിനെ ജീവിക്കുന്ന വ്യക്തിയായി അനുഭവിക്കാനുള്ള സാധ്യതകളാണ് ഒരുക്കുന്നത്. അതാണു വിശ്വാസം.

**ലക്ഷ്യം**

സെക്ടുകളുടെ ലക്ഷ്യം ആരുടെയും നിത്യ രക്ഷയല്ല. പണസമ്പാദനവും പ്രശസ്തിയുമാണ്. ഇവർ നിത്യരക്ഷയേക്കാൾ ശിക്ഷയുടെ പേര് പറഞ്ഞ് ഭയപ്പെടുത്തി പണ സമ്പാദനം നടത്തുന്ന അധോലോക മാഫിയ സംഘം പോലെ പ്രവർത്തിക്കുന്ന ബിസിനസുകാരാണ്. രോഗശാന്തിയെന്നും, വിടുതലെന്നും, ബാധയൊഴിപ്പിക്കലെന്നുമുള്ള കൺകെട്ടു വിദ്യകളിലൂടെ ആൾ ദൈവങ്ങളായി വർത്തിക്കുന്നവരാണ് ഇതിലെ പ്രധാനികൾ. ക്രിസ്തീയ ആത്മീയതയുടെ അടിസ്ഥാന തത്വങ്ങളിലൊന്നായ വ്യക്തിപരമായ മാനസാന്തരത്തിനു വിലകൽപ്പിക്കാതെ പാപകാരണങ്ങൾ ദുരാത്മാക്കളാണെന്നു പറഞ്ഞു തെറ്റിധരിപ്പിച്ച് അനുയായികൾക്കു വികാരതലത്തിൽ ആശ്വാസം നൽകി തങ്ങളുടെ പ്രസ്ഥാനത്തിൽ നിലനിൽപ്പു നൽകുന്ന തന്ത്രമാണ് ഇവർ തുടരുന്നത്.

**ഉപസംഹാരം**

കേരളത്തിലെ ക്രിസ്തീയ വിശ്വാസികളെ സ്വാധിനിച്ചുകൊണ്ടിരിക്കുന്ന സെക്ടുകളുടെ പ്രവർത്തനങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളായി കാണുന്നത് സഭാവിശ്വാസത്തിനു യോജിച്ചതല്ല. അത് മിശിഹായിലും, സഭയിലുമുള്ള വിശ്വാസത്തിന്റെ കുറവാണ്. വിശ്വാസത്തിലായി

രിക്കുന്നവർ അത് ജീവിക്കുകയും, ആ ജീവിതം പ്രഘോഷണമായി മാറ്റുകയും വേണം അതിനായി

1. സഭാ പഠനങ്ങളിലൂടെ വിശ്വാസത്തിൽ ആഴപ്പെടണം.

2. ക്രിസ്തു ഏകരക്ഷകനാണ്, ക്രിസ്തു സഭയിലാണ്. സഭയിലാണു വെളിപാടിന്റെ പൂർണ്ണത എന്നു മാനസ്സിലാക്കണം. ക്രിസ്തുവിൽ വിശ്വസിക്കുകയെന്നാൽ സഭയിൽ വിശ്വസിക്കുക എന്നു തന്നെയാണ്. വിശ്വാസ ജീവിതം സ്നേഹ ജീവിതശൈലിയായി ക്രമപ്പെടുത്തണം.

3. അവിശ്വാസത്തേയും, അന്ധവിശ്വാസത്തെയും തെറ്റായ വിശ്വാസത്തെയും വിശ്വാസം കൊണ്ട് ചെറുത്തുതോല്പിക്കണം.

അതിന് സഭാ വിശ്വാസത്തിൽ ആഴപ്പെടണം. അതിനായി മാമ്മോദീസയിൽ നാം സ്വീകരിച്ച വിശ്വാസത്തിന്റെ വാതിലിലൂടെ ഒരിക്കൽ കൂടി നാം കടന്നുപോകണം. ഈ വാതിൽ ഈശോയാണ്, ഈ വാതിൽ സഭയുടെ വാതിലാണ്. ഈ വാതിൽ വി. ഗ്രന്ഥത്തിലേയ്ക്കുള്ള വാതിലാണ്. പിതാക്കന്മാരുടെ പഠനങ്ങളിലേക്കുള്ള വാതിലാണ്, സഭയുടെ വിശ്വാസ സത്യങ്ങളിലേക്കും പഠനങ്ങളിലേയ്ക്കും പ്രബോധനാധികാരത്തിലേയ്ക്കുള്ള വാതിലാണ്, വിശ്വാസത്തിന്റെ മാതൃക നല്കിയവരുടെ ജീവിതത്തിലേയ്ക്കുള്ള വാതിലാണ്. ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്കുള്ള വാതിലാണ്, പ്രാർത്ഥനയിലേക്കുള്ള വാതിലാണ്. ഇവ നയിക്കുന്നത് നിത്യജീവനിലേയ്ക്കുള്ള വാതിലിലേയ്ക്കും.

വിശ്വാസ വർഷത്തിന്റെ ആഹ്വാനമിതാണ് ഈ വാതിലിലൂടെ കടന്നു പോവുക. വിശ്വാസേതര ശക്തികളായ സെക്ടുകളുടെ പൊള്ളത്തരങ്ങൾ മനസിലാക്കിയും, പഠിപ്പിച്ചും, അതിൽപെട്ടവരെ യഥാർത്ഥ സഭയിലേയ്ക്കു കൊണ്ടുവരുകയും ചെയ്യുന്നതിന് ഈ വിശ്വാസവർഷം ഉപകരിക്കും.

## ചർച്ച ചെയ്യുക

1. ഇടവക പ്രദേശത്തുള്ള വിവിധ സെക്ടുകളെക്കുറിച്ച് ചർച്ച ചെയ്യുക
2. ഇടവകയിൽ നിന്നും പലരും വിവിധ സെക്ടുകളിലേക്ക് മാറാനുള്ള കാരണം ചർച്ച ചെയ്യുക.
3. ഇടവകതലത്തിൽ എന്ത് ചെയ്യാൻ കഴിയും എന്ന് ചിന്തിക്കുക.





## പ്രായോഗിക നിർദ്ദേശങ്ങൾ

- ഇടവക സമൂഹത്തിൽ കത്തോലിക്കാ വിരുദ്ധ ഗ്രൂപ്പുകളുടെ സ്വാധീനം ചർച്ച ചെയ്യുകയും ഇടവകയുടെ പശ്ചാത്തലത്തിൽ പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്യുക.
- ഇടവക സമൂഹത്തിൽ നിന്നും മാറിനിൽക്കുന്നവരെ പ്രത്യേകമായി ശ്രദ്ധിക്കുകയും അവരെ കൂട്ടായ്മയിലേക്ക് തിരികെ കൊണ്ടുവരുകയും ചെയ്യുക.
- വിശ്വാസത്തെ സംബന്ധിക്കുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനുള്ള അവസരം ഒരുക്കുക
- ബഹു. വികാരിമാർ ഭവനസന്ദർശനം കൂടുതലായി നടത്തുക
- വലിയ വിഷമങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന കുടുംബങ്ങളെ പ്രത്യേകം പരിഗണിച്ച് ബഹു. സിസ്റ്റേഴ്സിന്റെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുക.
- പ്രാർത്ഥനാ ഗ്രൂപ്പുകളിൽ വൈദികരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക
- ധ്യാനമന്ദിരങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തി ധ്യാനത്തിനായി പറഞ്ഞയയ്ക്കുക
- പരമ്പരാഗത പ്രാർത്ഥനാരീതി പ്രോത്സാഹിപ്പിക്കുക
- നല്ല ക്രിസ്തീയ മാസികകൾ മാത്രം വീട്ടിൽ വരുത്തി വായിക്കുക
- ഇടവകയോട് ചേർന്ന് സഭാജീവിതം നയിക്കുക.
- നമ്മുടെ മുഖപത്രമായ അപ്നാദേശ് പ്രോത്സാഹിപ്പിക്കുക

# സാർവ്വത്രിക മതബോധനഗ്രന്ഥം

ആധുനികലോകത്തിൽ ഒരു വിശ്വാസസമൂഹമെന്ന നിലയിൽ കത്തോലിക്കാസഭ നല്കുന്ന 'അമൂല്യമായ ദാനം' എന്നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ സർവ്വത്രിക മതബോധനഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത്. 1992 ഒക്ടോബർ 11 ന്, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 30–ാം വാർഷികവേളയിൽ, 'വിശ്വാസനിക്ഷേപം' എന്ന തിരുവെഴുത്തുവഴി ജോൺ പോൾ രണ്ടാമൻ പാപ്പാ ലോകത്തിനുമുഴുവനും ആയി നല്കിയ ഈ 'സാർവ്വത്രിക മതബോധനഗ്രന്ഥം' (Catechism of the Catholic Church) കത്തോലിക്കാസഭയുടെ വിശ്വാസസമാഹാരം ആണ്.

കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾക്ക് പുത്തൻ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകി സഭയിൽ ഒരു വിശ്വാസ പ്രതിസന്ധിതന്നെ സൃഷ്ടിക്കുവാൻ ശ്രമിക്കുന്ന പ്രവണത രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം കണ്ടുവന്നിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആധുനികകാലഘട്ടത്തിന്റെ പ്രത്യേകതകൾ പഠിച്ച് കാലോചിതമായ വ്യാഖ്യാനങ്ങളോടെ വിശ്വാസസത്യങ്ങളെ അവതരിപ്പിക്കാനുള്ള ശ്രമം എന്ന നിലയിലാണ് സഭയിലെ പിതാക്കന്മാർ ഇപ്രകാരം ഒരു സാർവ്വത്രിക മതബോധനഗ്രന്ഥത്തേക്കുറിച്ച് ചിന്തിച്ചത്. ഒപ്പം വിശ്വാസപരിശീലനത്തിൽ നവമായി സ്വീകരിച്ച 'മനുഷ്യാധിഷ്ഠിത സമീപന (Anthropological approach) ത്തിന്റെ പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമവുമായിരുന്നു ഇത്തരം ഒരു ഔദ്യോഗിക വിശ്വാസസംഹിതയുടെ രൂപീകരണം. 1985 ലെ മെത്രാന്മാരുടെ അസാധാരണ സിനഡ് ക്രൈസ്തവ വിശ്വാസത്തിന്റെ കാലോചിതമായ നവീകരണത്തെ മുന്നിൽ കണ്ടുകൊണ്ട്, വിശ്വാസ-സന്മാർഗ്ഗ തത്വങ്ങളുടെ സമാഹാരം എന്ന നിലയിൽ തെന്ത്രോസ് സൂനഹദോസ് തയ്യാറാക്കിയ ബോധനഗ്രന്ഥത്തിന്റെ രൂപത്തിൽ ഇപ്രകാരം സാർവ്വത്രിക മതബോധന ഗ്രന്ഥം തയ്യാറാക്കാൻ ശ്രമിച്ചു.

ആധുനികലോകത്തെ സഭയുടെ വിശ്വാസത്തിന്റെയും സന്മാർഗ്ഗതത്വങ്ങളുടെയും സമ്പൂർണ്ണവും സമഗ്രവുമായ ഒരു പഠന സമാഹാരമാണ് സാർവ്വത്രികമതബോധനഗ്രന്ഥം. സഭയുടെ ഔദ്യോഗിക പ്രബോധന സമാഹാരമാണിത്. കത്തോലിക്കാ സഭയുടെ





വിശ്വാസസത്യങ്ങൾ എന്ത്? ആ വിശ്വാസം ഉദ്ഘോഷിക്കുകയും ഏറ്റു പറയുകയും ചെയ്യുന്നത് എപ്രകാരമാണ്? ഈ വിശ്വാസത്തിനനുസരിച്ച് ക്രൈസ്തവർ ജീവിക്കുന്നത് എങ്ങനെയാണ്? ശരിയായ വിശ്വാസപ്രഘോഷണം എങ്ങനെ ആയിരിക്കണം? ഈ നാലു കാര്യങ്ങളാണ് സാർവ്വത്രികമതബോധനഗ്രന്ഥത്തിന്റെ പൊതുവായ ഉള്ളടക്കം.

**പൊതുവായ ഉള്ളടക്കം**

സാർവ്വത്രിക മതബോധനഗ്രന്ഥത്തെ നാലു പ്രധാന ഭാഗങ്ങളായി തിരിക്കാം

1. വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ (Faith Confessed) വിശ്വാസപ്രമാണം.
2. വിശ്വാസത്തിന്റെ ആഘോഷം (Faith Celebrated) കൂദാശകൾ
3. വിശ്വാസത്തിന്റെ ജീവിതം (Faith lived) ദൈവകല്പനകൾ
4. വിശ്വാസപ്രഘോഷണം (Faith Proclaimed) പ്രാർത്ഥനകൾ

ഇപ്രകാരം മതബോധനഗ്രന്ഥത്തിന് പ്രധാനമായും നാല് ഭാഗങ്ങളാണുള്ളത്. ഈ ഒരോ ഭാഗത്തിനും രണ്ടു വിഭാഗങ്ങൾ (Sections) വീതം ഉണ്ട്. വിഷയം പൊതുവായി അവതരിപ്പിച്ചിരിക്കുന്നത് ആദ്യഭാഗത്താണ്. രണ്ടാം ഭാഗത്ത് സഭ എങ്ങനെ ഈ വിശ്വാസത്തിൽ ജീവിക്കുന്നു എന്നു വിവരിക്കുന്നു. അതായത് പ്രഥമഭാഗത്ത് അടിസ്ഥാന ദൈവശാസ്ത്രം, കൂദാശാ ശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, പ്രാർത്ഥന എന്നിവയെക്കുറിച്ചുള്ള പൊതുപഠനമെങ്കിൽ, രണ്ടാം ഭാഗത്ത് അതിന്റെ പ്രയോഗികവശത്തെ വ്യക്തമാക്കുന്ന വിശ്വാസപ്രഘോഷണം, കൂദാശകൾ, പത്തുകല്പനകൾ, കർത്തൃപ്രാർത്ഥന എന്നിവ വിശദീകരിക്കുന്നു.

ഓരോ ഭാഗത്തും ദൈവത്തിന്റെ രക്ഷണീയപ്രവർത്തനം വിവിധ ഘട്ടങ്ങളിലായി വിശദീകരിക്കുന്നു. അതായത് ഒന്നാം ഭാഗത്ത് സൃഷ്ടിയെക്കുറിച്ചും രണ്ടാംഭാഗത്ത് മിശിഹായിലൂടെ കരഗതമായ പെസഹാ രഹസ്യത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. മൂന്നാംഭാഗത്ത് പുതിയനിയമജനത്തിനുള്ള ജീവിതസംഹിതയെക്കുറിച്ചും നാലാംഭാഗത്ത് പ്രാർഥനയെക്കുറിച്ചും വിശദീകരിക്കുന്നു. ദൈവികവെളിപാടിന്റെയും വിശുദ്ധപാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിലാണ് ഈ വിശദീകരണം.

**മതബോധനഗ്രന്ഥത്തിന്റെ ഉള്ളടക്കം**

1. ആമുഖം (1-25 നമ്പറുകൾ)

യോഹന്നാൻ അറിയിച്ച സുവിശേഷം 17-ാം അധ്യായം 3-ാം വാക്യം ഉദ്ധരിച്ചുകൊണ്ടാണ് മതബോധന ഗ്രന്ഥം ആരംഭിക്കുന്നത്. തുടർന്ന് ഈ ഗ്രന്ഥത്തെക്കുറിച്ച് പൊതുവായ ചില കാര്യങ്ങൾ 1 മുതൽ 25 വരെയുള്ള നമ്പരുകളിൽ പ്രതിപാദിക്കുന്നു. മനുഷ്യജീവിതം ദൈവത്തെ അറിയാനും സ്നേഹിക്കാനും ഉള്ള വിളിയാണ്. ദൈവിക ജീവിതത്തിൽ പങ്കുകാരനാവാൻവേണ്ടി മനുഷ്യനെ സൃഷ്ടിച്ച ദൈവം, ആ ദൈവിക ജീവൻ നഷ്ടപ്പെടുത്തിയ മനുഷ്യരെ രക്ഷിക്കുവാൻ സ്വപുത്രനെ ലോകത്തിലേക്ക് അയച്ചു. പുത്രനിലൂടെയും പുത്രന്റെ തുടർച്ചയായ സഭയിലൂടെയും ഇന്ന് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ സഹവാസം വഴി ഈ ജീവനിൽ പങ്കുകാരാകുവാൻ ദൈവം മനുഷ്യനെ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ശ്ലീഹന്മാരിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷം അറിയിക്കപ്പെട്ടെങ്കിലും ഇന്ന് സഭാംഗങ്ങളായ നാം ഓരോരുത്തരിലൂടെയും ഈ വിളി അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു.

തുടർന്ന് സഭാജീവിതത്തിന്റെ വിവിധതലങ്ങളുമായി ബന്ധപ്പെട്ട വിശ്വാസപരിശീലനപ്രവർത്തനത്തെ വിശ്വാസത്തിന്റെ കൈമാറ്റമാണെന്നു വിശദീകരിക്കുന്നു. മൂന്നാമത്തെ ശീർഷകത്തിലൂടെ സാർവ്വത്രികമതബോധനഗ്രന്ഥത്തിന്റെ ലക്ഷ്യം സജീവവും ക്രമാനുഗതവുമായ വിധത്തിൽ സഭയുടെ വിശുദ്ധപാരമ്പര്യത്തിന്റെയും രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ സഭയുടെ വിശ്വാസപ്രബോധനങ്ങൾ അവതരിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ ഉറവിടങ്ങളായി വിശുദ്ധഗ്രന്ഥം, സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങൾ, ആരാധന ക്രമങ്ങൾ, സഭയുടെ പ്രബോധനാധികാരം ഇവ ചൂണ്ടിക്കാണിക്കുന്നു.

നാലാമത്തെ ശീർഷകത്തിൽ ഈ മതബോധനഗ്രന്ഥത്തിന്റെ പൊതുഘടന, ഇതിന്റെ ഉപയോഗത്തെ സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ ഇവ നല്കിയിരിക്കുന്നു. ക്രൈസ്തവവിശ്വാസത്തിന്റെ ആധികാരികവും സമഗ്രവുമായ ഒരു സമാഹാരമായതിനാൽ വിശ്വാസസത്യങ്ങളെ ഒറ്റിക്കൊടുത്ത് വ്യാഖ്യാനിക്കാനോ പഠിപ്പിക്കുവാനോ ശ്രമിക്കരുത് എന്ന മുന്നറിയിപ്പായി ഇതിനെ കണക്കാക്കാം.

ഈ ഭാഗത്തിന്റെ അവസാനത്തിൽ ഏതു വിധത്തിലുള്ള അനുരൂപണമാണ് വേണ്ടത് എന്നു വിശദീകരിക്കുന്നു. ഈ പുസ്തകം ഉപയോഗിക്കുമ്പോൾ ദേശീയവും കാലികവുമായ അനുരൂപണം ആവാ





മെങ്കിലും ഈ ഗ്രന്ഥത്തിന്റെ വിവർത്തനത്തിൽ അത് ഉദ്ദേശിക്കുന്നില്ല.

2. **സഭയുടെ വിശ്വാത്തിന്റെ അടിസ്ഥാനതത്വങ്ങൾ (26-1065 നമ്പറുകൾ)**

സാർവ്വത്രികസഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഇവിടെ വിശദീകരിക്കുന്നു. "ഞാൻ വിശ്വസിക്കുന്നു; ഞങ്ങൾ വിശ്വസിക്കുന്നു" ക്രിസ്തീയ വിശ്വാസത്തിന്റെ പ്രഖ്യാപനം, വിശ്വാസപ്രമാണം എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം വിശ്വാസത്തെ സംബന്ധിച്ച പൊതുപഠനമാണ്. രണ്ടാംഭാഗം ശ്ലീഹന്മാരുടെ വിശ്വാസത്തിന്റെ വ്യാഖ്യാനമാണ്. വ്യക്തി എന്ന നിലയിലും സഭ എന്ന നിലയിലും നാം പ്രഘോഷിക്കുന്ന വിശ്വാസത്തിന്റെ അർത്ഥം മൂന്ന് അദ്ധ്യായങ്ങളിലായി ഒന്നാം ഭാഗത്ത് വിവരിക്കുന്നു.

ഒന്നാം ഭാഗത്തിന്റെ രണ്ടാം ഘട്ടത്തിൽ വിശ്വാസത്തിന്റെയും പ്രബോധനത്തിന്റെയും കേന്ദ്രമായ വിശ്വാസപ്രമാണത്തിന്റെ വിശദമായ പഠനമാണ്. സകലത്തിന്റെയും സ്രഷ്ടാവും പിതാവുമായ ദൈവത്തെക്കുറിച്ച് ഒന്നാം അദ്ധ്യായത്തിലും പുത്രനായ ദൈവത്തെക്കുറിച്ച് രണ്ടാം അദ്ധ്യായത്തിലും വിശദീകരിക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ സകലവും വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് വ്യക്തമാക്കുന്നു.

**3. വിശ്വാസരഹസ്യങ്ങളുടെ ആഘോഷം (1066-1690)**

വിശ്വാസസത്യങ്ങളുടെ ആഘോഷമായ പരിശുദ്ധ കുർബ്ബാനയെക്കുറിച്ചും പാശ്ചാത്യ-പൗരസ്ത്യ സഭകളുടെ പശ്ചാത്തലത്തിൽ നടത്തുന്ന പൊതുപഠനമായി ഇതിനെ കാണക്കാക്കാം. കൗദാശികാനുഷ്ഠാനത്തെപ്പറ്റിയും, അവയിലൂടെ നല്കുന്ന രക്ഷാനുഭവത്തെക്കുറിച്ചും വിശ്വാസികളെ പഠിപ്പിക്കുകയാണ് ഇവിടെ ലക്ഷ്യമാക്കിയിരിക്കുന്നത്. കൂദാശകളെ മൂന്നു ഗണമായി തിരിച്ച് വിശദീകരിക്കുന്നു. മൃതസംസ്കാരം, കൂദാശാനുകരണങ്ങൾ ഇവയാണ് തുടർന്നു പ്രതിപാദിക്കുന്നത്.

**4. മിശിഹായിലൂള്ള ജീവിതം (1691-2557)**

മിശിഹായുടെ തുടർച്ചയായ സഭയിൽ ഒരുവൻ മാമ്മോദീസാ വഴി തനിക്കു ലഭിച്ച വിശ്വാസത്തിനനുസരിച്ച് ജീവിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുകയാണിവിടെ. അടിസ്ഥാനധർമ്മശാസ്ത്രം (Basic Moral Theology) ഇവിടെ പൊതുവായി വിശദീകരിക്കുകയാണ്. വിശ്വാസത്തിലൂടെ ഏറ്റുപറയുകയും കൂദാശകളിലൂടെ ആഘോഷിക്കുകയും ചെയ്ത മിശിഹായെ ജീവിതത്തിൽ അനുകരിക്കുവാനുള്ള വിളിയാണ് ഓരോ ക്രൈസ്തവനും ലഭിച്ചിരിക്കുന്നത്. പരിപൂർണ്ണതയിലേക്കുള്ള ഈ വിളിയനുസരിച്ചുള്ള ജീവിതമാണ് ക്രൈസ്തവ

ധാർമ്മികത. മനുഷ്യവ്യക്തിയുടെ മഹത്വം, മനുഷ്യസമൂഹം, ദൈവം നല്കിയ ദാനങ്ങൾ എന്നീ മൂന്നു വിഷയങ്ങളാണ് ആദ്യഭാഗത്ത്. ദൈവസ്നേഹവും പരസ്നേഹവും സംബന്ധിച്ച കല്പനകൾ തുടർന്നു വിശദീകരിക്കുന്നു.

**5. ക്രൈസ്തവ പ്രാർത്ഥന**

മതബോധനഗ്രന്ഥത്തിന്റെ അവസാനഭാഗത്താണ് ക്രൈസ്തവപ്രാർത്ഥന എന്താണെന്നും; ഈ പ്രർത്ഥനയ്ക്കുള്ള മാതൃക "സ്വർഗ്ഗസ്ഥനായ പിതാവേ" എന്നുള്ള പ്രാർത്ഥനയാണെന്നും വ്യക്തമാക്കുന്നു. "പ്രാർത്ഥന ക്രിസ്ത്രീയജീവിതത്തിൽ" എന്ന ഒന്നാം ഖണ്ഡികയിൽ മൂന്ന് അദ്ധ്യായങ്ങളിലായി പ്രർത്ഥനയുടെ വിശുദ്ധഗ്രന്ഥപശ്ചാത്തലവും പാരമ്പര്യവും പ്രാർത്ഥനയുടെ ജീവിതവും വിശദീകരിക്കുന്നു. ഈശോ ശിഷ്യന്മാരെ പഠിപ്പിച്ച "സ്വർഗ്ഗസ്ഥനായ പിതാവി"ന്റെ വിശദീകരണത്തോടെ മതബോധനഗ്രന്ഥം അവസാനിക്കുന്നു.

## ഉപസംഹാരം

സഭാ തനയരെ വിശ്വാസത്തിൽ ആഴപ്പെടുവാനും ഉറപ്പിച്ചു നിർത്തുവാനും സഭ എത്രമാത്രം ശ്രദ്ധാലുവാണ് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് 1992 ൽ പുറത്തിറക്കിയ 'സാർവ്വത്രിക സഭയുടെ മതബോധന ഗ്രന്ഥം'. ഇതിന്റെ തുടർച്ചയെന്ന നിലയിൽ 1997 ൽ കത്തോലിക്കാ സഭയുടെ മതബോധന ഡയറക്ടറി 2005 ൽ കത്തോലിക്കാ സഭയുടെ മതബോധന സംക്ഷേപം, 2011 ൽ YOU CAT എന്ന പേരിൽ കത്തോലിക്ക സഭയുടെ യുവജന മതബോധന ഗ്രന്ഥം എന്നിവയും പുറത്തിറക്കിയിട്ടുണ്ട്. ബനഡിക്ട് 16-ാമൻ മാർപാപ്പ പറയുന്നു, ''നിങ്ങൾ എന്ത് വിശ്വസിക്കുന്നുവെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഒരു ഐടി സ്പെഷ്യലിസ്റ്റ് കമ്പ്യൂട്ടറിന്റെ ആന്തരീക പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതു പോലെ കൃത്യതയോടെ നിങ്ങളുടെ വിശ്വാസം നിങ്ങൾ അറിയണം. നല്ല സംഗീതജ്ഞൻ ഉപയോഗിക്കുന്ന സംഗീതോപകരണം അയാൾ അറിയുന്നതു പോലെ നിങ്ങൾ അതിനെ മനസ്സിലാക്കണം". നമുക്ക് വിശ്വാസം മനസ്സിലാക്കുവാനും പ്രഘോഷിക്കുവാനും ആഘോഷിക്കുവാനും കൈമാറാനും സഹായിക്കുന്ന അമൂല്യനിധികളായി സഭയുടെ ഈ ഉദ്യമങ്ങളെ കണ്ടുകൊണ്ട് പ്രയോജനപ്രദമായി അവയെ ഉപയോഗിക്കുവാൻ നമുക്ക് സാധിക്കണം.





# കത്തോലിക്ക സഭയുടെ വേദോപദേശ സംക്ഷേപം
## (The Catechism of the Catholic Church)

കത്തോലിക്ക സഭയുടെ ഭാഗത്തു നിന്ന് പുറത്തിറക്കിയ ആദ്യ മതബോധനഗ്രന്ഥം 1566 ലായിരുന്നു. ഇത് റോമൻ ക്യാറ്റിക്കിസം എന്നാണ് അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് ഇതിന്റെ ചുവട് പിടിച്ച് മതബോധനഗ്രന്ഥം പ്രസിദ്ധീകരിക്കുവാനുള്ള ശ്രമങ്ങൾ കാര്യക്ഷമമായി നടന്നത് 20-ാം നൂറ്റാണ്ടിലാണ്. കൃത്യമായ പഠനത്തിന്റെയും പരിചിന്തനത്തിന്റെയും വെളിച്ചത്തിൽ പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് തിരുസഭയുടെ മതബോധന ഗ്രന്ഥം 1992 ൽ പ്രസിദ്ധീകരിക്കുന്നത്. എന്നാൽ 2002 ൽ റോമിൽ കൂടിയ വിശ്വാസ പരിശീലനത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനം സഭയുടെ മതബോധന ഗ്രന്ഥം വായനക്കാർക്ക് അനായാസമായി ഗ്രഹിക്കാനുതകും വിധം ഒന്നു ക്രമീകരിക്കണമെന്ന് ചിന്തിച്ചു. ഇതിന്റെ വെളിച്ചത്തിൽ പരി. പിതാവ് ബെനഡിക്ട് മാർപാപ്പയാണ് 2005 ജൂൺ 28 ന് കത്തോലിക്കാ വേദോപദേശ സംക്ഷേപം പ്രസിദ്ധീകരിച്ചത്. ഇതിൽ ഏകദേശം 200 പേജുകളും 598 ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഉള്ളത്. കൂടാതെ 24 പ്രാർത്ഥനകളും 12 ഫോർമുലകളും 200 ബൈബിൾ പരാമർശങ്ങളുമുള്ള ഈ ഗ്രന്ഥം ഒരു മോത്തു പ്രോപ്രിയോ ആയിട്ടാണ് പരി. സിംഹാസനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ വിശ്വസ്തതവും ആശ്രയിക്കാവുന്നതുമായ ഒരു സമാഹാരമെന്നാണ് പിതാവ് ഇതിനെ വിളിക്കുന്നത്. സഭയുടെ വിശ്വാസ രഹസ്യങ്ങളുടെ സത്തയുടെയും മൗലീകമായ ഘടകങ്ങളുടെയും സംഗ്രഹം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## യൂ ക്യാറ്റ് (YOUCAT)

യൂ ക്യാറ്റ് എന്ന സംരംഭം ജോൺപോൾ 2-ാമൻ മാർപാപ്പ ആദ്യം ഏൽപ്പിച്ചത് മെത്രാൻമാരുടെ സമിതിയെയാണ്. തുടർന്ന് മെത്രാൻമാർ, ദൈവശാസ്ത്രജ്ഞർ, യുവജനങ്ങൾ എന്നിവരുൾക്കൊള്ളുന്ന ഒരു സമിതിയിലേക്ക് ഇത് നൽകുകയും വിയന്നായിലെ കർദ്ദിനാൾ ക്രിസ്റ്റഫർ ഷോൺ ബോൺ ഇത് എഡിറ്റ് ചെയ്യുകയും ചെയ്തു. കത്തോലിക്ക സഭയുടെ യുവജന മതബോധന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത് 2011 മാർച്ച് 25ന് ആണ്. YOUCAT എന്ന ചുരുക്കപ്പേരിട്ടിരിക്കുന്ന ഈ യുവജനമതബോധന ഗ്രന്ഥത്തിൽ കത്തോലിക്ക വിശ്വാസത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും യുവാക്കൾക്ക് എളുപ്പത്തിൽ മനസിലാക്കാവുന്ന രീതിയിൽ ചോദ്യോത്തരങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. സാർവ്വത്രിക സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ രത്നച്ചുരുക്കമാണ് യുവജന മതബോധന ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സഭയുടെ വിശ്വാസ പ്രബോധനങ്ങൾ, കൂദാശകൾ, ധാർമ്മികത, പ്രാർത്ഥന, ആദ്ധ്യാത്മികത എന്നിവയെ സംബന്ധിക്കുന്ന കാര്യങ്ങളും അവയ്ക്കുള്ള വ്യാഖ്യാനങ്ങളും നേരിട്ടുള്ള ചോദ്യങ്ങളിലൂടെയാണ് പ്രതിപാദിച്ചിരിക്കുന്നത്.

ഏകദേശം 300 പേജുള്ള ഈ ഗ്രന്ഥത്തിൽ ധാരാളം ചിത്രങ്ങളും ഐക്കണുകളുമുണ്ട്. പരി. സിംഹാസനത്തിന്റെ ഔദ്യോഗിക രേഖയെന്ന അംഗീകാരം അതിന് നൽകിയിട്ടില്ലെങ്കിലും പരി. പിതാവിന്റെ മുഖവുര ഇതിൽ നൽകിയിട്ടുണ്ട്. 527 ചോദ്യോത്തരങ്ങളുള്ള ഇതിൽ 500ൽ പരം ബൈബിൾ റെഫറൻസുകളുമുണ്ട്.

കത്തോലിക്കാ വേദോപദേശ സംക്ഷേപവും യൂ ക്യാറ്റും കുടുംബങ്ങളിൽ വിശ്വാസം വളർത്തിയെടുക്കാൻ ഏറ്റവും നല്ല ഉപകരണങ്ങളാണ്. കുടുംബ പ്രാർത്ഥനക്ക് ശേഷം ചോദ്യോത്തര രീതിയിലുള്ള ഇതിലെ ഭാഗങ്ങൾ വായിക്കുന്നതും പറഞ്ഞ് കൊടുക്കുന്നതും വിശ്വാസ സത്യ രഹസ്യങ്ങളിൽ വളരാൻ സഹായിക്കും. ഇടവകകളിലെ കൂടാരയോഗങ്ങളിലെ പഠനങ്ങൾക്കും ഇവ ഉപയോഗിക്കാവുന്നതാണ്.





# കൗൺസിൽ രേഖകൾ - ഡിക്രികൾ

**1. പൗരസ്ത്യ സഭകൾ (Orientalium Ecclesiarum - OE)** കത്തോലിക്കാ സഭ വിവിധ സഭകളുടെ കൂട്ടായ്മയാണ്. എല്ലാ സഭകൾക്കും തുല്യ സ്ഥാനവും പ്രാധാന്യവുമാണ്. വ്യക്തി സഭകളുടെ കൂട്ടായ്മയായി ആഗോള കത്തോലിക്കാസഭ ഇതിനെ കാണുന്നു.

**2. സാമൂഹ്യ മാദ്ധ്യമങ്ങൾ (Inter Mirifica - IM)** ആശയവിനിമയ മാദ്ധ്യമങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന മാർഗ്ഗനിർദ്ദേശം നൽകുന്നു. അതുപോലെ ധാർമ്മിക മൂല്യങ്ങളിലും തത്വങ്ങളിലും അധിഷ്ഠിതമായി വേണം ഇവയുടെ പ്രവർത്തനമെന്നും ഡിക്രി ഓർമ്മിപ്പിക്കുന്നു.

**3. അൽമായ പ്രേഷിതത്വം (Apostolicam Actuositatem - AA)** ക്രിസ്തീയ ജീവിതത്തിലേക്ക് ഒരുവന് ലഭിക്കുന്ന ക്ഷണം തന്നെ പ്രേഷിത ദൗത്യം നിർവ്വഹിക്കാനുള്ള ക്ഷണമാണ്. അൽമായ പ്രേഷിതവൃത്തി നിർവ്വഹിക്കപ്പെടേണ്ടത് അവരവരുടെ മണ്ഡലങ്ങളിൽ സുവിശേഷ സന്ദേശം അറിയിച്ചുകൊണ്ടാണ്. വിദ്യാലയം, കുടുംബം, രാഷ്ട്രീയസാമുദായിക രംഗങ്ങൾ എന്നീ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട് – ഒറ്റയ്ക്കും കൂട്ടായും– അൽമായർ പ്രസ്തുത ദൗത്യം നിർവ്വഹിക്കണമെന്ന് പഠിപ്പിക്കുന്ന ഈ രേഖ 1962 നവംബർ 18 നാണ് അംഗീകരിക്കപ്പെട്ടത്.

**4. സഭൈക്യം (Unitatis Redintegratio - UR)** കത്തോലിക്കാ സഭക്ക് പുറമേയുള്ള ക്രിസ്തീയ സമൂഹങ്ങളുമായുള്ള ബന്ധം സ്ഥാപിക്കുവാനുള്ള ശ്രമങ്ങളോടെ പുറപ്പെടുവിച്ച ഈ രേഖ പുറത്തു വന്നത് 1964 നവംബർ 21നായിരുന്നു. കത്തോലിക്കാ കൂട്ടായ്മയിൽ നിന്ന് കാലാകാലങ്ങളിൽ വേർപ്പെട്ടുപോയ സഭാസമൂഹങ്ങളുമായി ഡയലോഗുകൾ വഴി സംവാദിക്കാനും പരസ്പരം മനസ്സിലാക്കാനുമുള്ള ശ്രമം നടത്താനും ഇത് ഊന്നൽ നൽകുന്നു.

**5. പ്രേഷിതപ്രവർത്തനം (Ad Gentes -AG)** ആധുനിക മിഷൻ പ്രവർത്തനങ്ങളുടെ മാഗ്നാകാർട്ടായെന്നു അറിയപ്പെടുന്ന ഈ ഡിക്രി

1965 ഡിസംബർ 7 നാണ് പ്രസിദ്ധപ്പെടുത്തിയത്. സഭ സ്വഭാവത്താലെ പ്രേഷിതയായതിനാൽ അവൾക്ക് മിശിഹായെ പ്രഘോഷിക്കാതിരിക്കാനാവില്ല. സുവിശേഷപ്രവർത്തനത്തിന്റെ കേന്ദ്രബിന്ദു ഈശോ തന്നെയാണ്. ഏറ്റവും വലിയ മിഷനറിയായ ഈശോയുടെ തുടർച്ചയായ സഭ യുഗാന്തകാലം വരെ ഈ ദൗത്യം തുടരാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. മാമ്മോദീസ സ്വീകരിച്ച ഏവരും ഈ മിഷനറി ദൗത്യത്തിൽ ഏർപ്പെടണം.

## പ്രഖ്യാപനങ്ങൾ

**വിദ്യാഭ്യാസം (Gravissimum Educationis - GE)** നല്ല വിദ്യാഭ്യാസം ലഭിക്കാൻ വ്യക്തികൾക്കുള്ള അവകാശത്തെ സഭ അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന പ്രസ്തുത രേഖ കൂടുതൽ മെച്ചപ്പെട്ട ഒരു ലോകം കെട്ടിപ്പടുക്കാൻ സഭക്കുള്ള കടമയെക്കുറിച്ചും ഓർമ്മിപ്പിക്കുന്നു. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ധാർമ്മികവും മതപരവുമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചും വ്യക്തമാക്കുന്നു.

**അക്രൈസ്തവ മതങ്ങൾ (Nostra Aetate - NA)** യഹൂദമതം, ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാംമതം എന്നീ ലോകമതങ്ങളിലെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങളെ ആദരിച്ചംഗീകരിക്കുന്ന പ്രഖ്യാപനം പുറത്തു വന്നത് 1965 ഡിസംബർ 28 നാണ്. സർവ്വ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി ഇവയിലുണ്ടെന്ന് പഠിപ്പിക്കുന്ന ഈ പ്രഖ്യാപനത്തിന് ആകെ 5 ഖണ്ഡികകളാണുള്ളത്.

**മതസ്വാതന്ത്ര്യം (Dignitatis Humanae - DH)** 1965 ഡിസംബർ 7 ന് പുറപ്പെടുവിച്ച ഈ പ്രഖ്യാപനം മതസ്വാതന്ത്ര്യമെന്നത് മനുഷ്യന്റെ ജന്മാവകാശമാണെന്നും അത് രാഷ്ട്രങ്ങൾ അനുവദിച്ച് നൽകണമെന്നും സഭക്കുള്ളത് ആദ്ധ്യാത്മിക അധികാരമാണെന്നും പറഞ്ഞിരിക്കുന്നു.